# അത്തോളി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്രവികസനരേഖ

അധികാരം ജനങ്ങളിലേക്ക്


കേരളം
അത്തോളി
കോഴിക്കോട് ജില്ല

131-3

# ജനകീയാസൂത്രണം കേരളത്തിൽ

## അത്തോളി ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ



*എഡിറ്റോറിയൽ ബോർഡ്*

ബി. ഷാജു

എ.കെ. ബാലൻ

കെ. അസൈസൻ മാസ്റ്റർ

എം. ജയകൃഷ്ണൻ

ബാലു അരത്തോളി

കെ.കെ. ബാബു മാസ്റ്റർ

എം. മൻസൂർ

കെ.ഇ. ബാലകൃഷ്ണൻ നായർ

എ. ചന്ദ്രൻ

വിനോദ് മേച്ചേരി

എം. ലക്ഷ്മി

Type Setting & Lay Out

**EMVEE Advertising,** Calicut-1. Ph: 722317, 722417.

&

**Samagra** DTP Group, Calicut.

# അത്തോളി ഗ്രാമപഞ്ചായത്ത്

## ഭരണസമിതി അംഗങ്ങൾ

പ്രസിഡണ്ട്



**കല്യാണി ഗോപാലൻ**

വൈസ് പ്രസിഡണ്ട്



**പി.കെ. ബാലകൃഷ്ണൻ**

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



**എം. രാധാകൃഷ്ണൻ**

അംഗങ്ങൾ

- കെ.വി. ലീല
- എം. മൻസൂർ
- കെ.കെ. ബാബു
- ഒ.പി. രാഘവൻ നായർ
- പ്രേമ പൊയിലിൽ
- അരങ്ങത്ത് രവീന്ദ്രൻ
- സൗജ ചാലക്കൽ
- കെ.എം. അപ്പുണ്ണി





# അനുസ്മരണം

ഈ പഞ്ചായത്തു സമിതി അധികാരമേൽക്കുമ്പോൾ ഞങ്ങളോടൊപ്പമുണ്ടായി
രുന്ന ബാലൻമാസ്റ്ററെ ഈ അവസരത്തിൽ ഓർമ്മിക്കാതിരിക്കാതിരിക്കാൻ വയ്യ.
അത്തോളിയിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്ത് കഴിഞ്ഞ 30
വർഷക്കാലം നിറഞ്ഞു നിന്നിരുന്ന ബാലൻമാസ്റ്റർ ഇക്കഴിഞ്ഞ 2003 96 ൦ തിയ്യ
തിയാണ് നമ്മെ വിട്ടു പിരിഞ്ഞത് അന്ത്യംവരെ ഇന്നാട്ടിലെ അധ്വാനിക്കുന്ന
ജനവിഭാഗത്തിന്റെ മോചനത്തിനായി പ്രവർത്തിച്ച മുന്നണിപ്പോരാളിയായിരുന്ന
ബാലൻമാസ്റ്ററുടെ വിയോഗം ഇന്നാട്ടിലെ പുരോഗമന പ്രസ്ഥാനത്തിന് തീരാ
നഷ്ട മാണ്. നാടിനെ പുരോഗതിയിലേക്കു നയിക്കാൻ നടപ്പിലാക്കിക്കൊണ്ടിരി
ക്കുന്ന ജനകീയാസൂത്രണം പോലെയുള്ള പദ്ധതികളിൽ അദ്ദേഹത്തിന്റെ വില
പ്പെട്ട ഉപദേശ നിർദ്ദേശങ്ങളും നമുക്കു ലഭിക്കാതെ പോയി.

ആ സ്നേഹധനന്റെ പാവനസ്മരണയ്ക്കു മുൻപിൽ ഞങ്ങൾ ആദരാഞ്ജലി
കൾ അർപ്പിക്കുന്നു.

## വിഷയവിവരം


- ആമുഖം 9–10
- പഞ്ചായത്ത് ഒറ്റനോട്ടത്തിൽ 11–13
- സാമൂഹികസാംസ്കാരികചരിത്രപശ്ചാത്തലം 14–16
- ഭൂപ്രകൃതി-ജലലഭ്യത-ഭൂവിനിയോഗം-
  കാലാവസ്ഥ–ജനപ്രകൃതി 17–21
- കൃഷിയും ജലസേചനവും 22–25
- മൃഗസംരക്ഷണം 26–27
- മത്സ്യബന്ധനം 28–29
- വ്യവസായം 30–31
- വിദ്യാഭ്യാസം 32–39
- കുടിവെള്ളം 40–41
- പൊതുജനാരോഗ്യം 42–45
- ഗതാഗതം 46–52
- ഊർജ്ജം 53–55
- മാർക്കറ്റ് 56
- പാർപ്പിടം 57–58
- സാംസ്കാരം 59–61
- വനിതാക്ഷേമം 62–64
- സഹകരണം 65–66
- പട്ടികജാതി പട്ടികവർഗ്ഗവികസനം 67–70
- വിഭവസമാഹരണം 71–73
- സാമൂഹ്യക്ഷേമം 74–80
- ടൂറിസം 81

# ആമുഖം

ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന വർഷമാണിത്. സ്വാതന്ത്ര്യത്തിന്റെ 49 വർഷങ്ങളാണ് കടന്നുപോയത്. സ്വതന്ത്ര ഇന്ത്യയിൽ പല മേഖലകളിലും നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും ഭരണരംഗത്തും വികസനരംഗത്തും ജനകീയ പുനഃസംവിധാനങ്ങൾ പ്രയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയെപ്പോലെ വൈവിധ്യമായ ഭൂപ്രദേശങ്ങളും ജനവിഭാഗങ്ങളുമുള്ള രാജ്യത്തിൽ ഇതുവരെയും നടപ്പിലാക്കിയത് കേന്ദ്രീകൃതമായ പദ്ധതികളാണ്. രാജ്യത്തിന്റെ പല പ്രദേശത്തും ദാരിദ്ര്യത്തിന്റെ തുരുത്തുകൾ തീർക്കപ്പെടുകയാണ്, തത്ഫലമായി ഉണ്ടായത്. ഇന്ത്യയുടെ ഹൃദയം ഗ്രാമങ്ങളിലാണെന്ന സത്യം കണ്ടെത്താൻതന്നെ നമുക്ക് 47 വർഷങ്ങളെടുക്കേണ്ടിവന്നു.

കേന്ദ്രീകൃതമായ ആസൂത്രണത്തിന്റെ ഫലമായി ഓരോ പ്രദേശത്തിന്റെയും സ്ഥല-ജലവിഭവങ്ങൾ പരിഗണിക്കപ്പെടാതെ, ജനകീയാവേശങ്ങൾക്കനുസൃതമല്ലാത്ത പദ്ധതികളാണ് തയാറാക്കപ്പെട്ടത്. വിവിധവകുപ്പുകൾ തമ്മിൽ പരസ്പരബന്ധമില്ലാത്ത ഡിപ്പാർട്ടുമെന്റലിസത്തിന്റെ മുഖമുദ്രയായി ഇന്ത്യൻ ആസൂത്രണം അധഃപതിച്ചു.

ജനങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെട്ട പദ്ധതികളാണ് നടപ്പിലാക്കപ്പെട്ടത്. ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ അതിരൂക്ഷമായ സാമ്പത്തിക തകർച്ചയെയാണ് കേരളം അഭിമുഖീകരിക്കുന്നത്. ഭൂപരിഷ്കരണം നടപ്പിലാക്കിയിട്ടും കേരളത്തിന്റെ കാർഷികമേഖല വളർന്നിട്ടില്ല. സ്വതേ ദുർബലമായ കേരളത്തിന്റെ വ്യാവസായികമേഖലയെ വൈദ്യുതിക്ഷാമം പൂർണമായി അവതാളത്തിലാക്കി. ഏറെ പ്രകീർത്തിക്കപ്പെട്ട കേരളത്തിലെ സേവനത്തുറപോലും ദുർബലമായ കാർഷികവ്യാവസായികാടിത്തറയ്ക്ക് മുകളിൽ ഗുണനിലവാരത്തകർച്ച നേരിടുന്നു. ഈ പ്രശ്നത്തിനുള്ള പരിഹാരമാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടത് വികേന്ദ്രീകൃതവും ജനപങ്കാളിത്തത്തോടുകൂടിയതുമായ ആസൂത്രണമാണ്. താഴെത്തട്ടിൽനിന്നും മുകളിലേക്കുള്ള ആസൂത്രണമാണ് 9-ാം പദ്ധതിയിൽ കേരളസംസ്ഥാനത്ത് ലക്ഷ്യമിട്ടിരിക്കുന്നത്.

9-ാം പദ്ധതിയിൽ കേരളത്തിന് രണ്ട് തൂണുകളാണുള്ളത്. 35-40% വരെ തുക ചെലവഴിക്കുന്നത് പഞ്ചായത്ത് സമിതികളും 60-65% ചെലവഴിക്കുന്നതിന് സംസ്ഥാന ആസൂത്രണബോർഡിന്റെ നിർദ്ദേശത്തിനനുസരിച്ച് സംസ്ഥാനസർക്കാരുമാണ്. ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പിൽ വരുത്താനും ജനങ്ങളിൽ പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും ദിശാബോധവും വളർത്തിയെടുത്ത് പ്രാദേശികവികസനപ്രവർത്തനങ്ങൾ നടപ്പാക്കാനും, പ്രാദേശികസ്വയംഭരണസമിതികളെന്ന പേരിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും നിലവിലുള്ള സ്കീമുകൾ കൂടുതൽ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിൽ വരുത്തുകയാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യം.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണപ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങളും നടപടികളും വിശദീകരിക്കാൻ ആഗസ്റ്റ് 30-ാം തീയതി വ്യാഴാഴ്ച അത്തോളി ഗവ. ഹൈസ്കൂളിൽ വിവിധരാഷ്ട്രീയ ബഹുജനസംഘടനകളുടേയും സാംസ്കാരികപ്രവർത്തകരുടേയും ഒരു യോഗം വിളിച്ചുചേർത്തു. സമൂഹത്തിന്റെ നൂറ്റമ്പതോളം പേർ യോഗത്തിൽ സംബന്ധിച്ചു. വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിന് എല്ലാ വാർഡുകളിലും സ്വാഗതസംഘയോഗങ്ങൾ വിളിച്ചുചേർക്കപ്പെട്ടു. 11 വാർഡുകളിലായി 708 പേർ സ്വാഗതസംഘയോഗങ്ങളിൽ പങ്കെടുത്തു. ഒന്നാംഘട്ട ജില്ലാതല പരിശീലനത്തിൽ പഞ്ചായത്തിൽനിന്നും 12 പേരാണ് പങ്കെടുത്തത്. ഇതിൽ 2 വനിതകളായിരുന്നു. സെപ്റ്റംബർ 10-നു നടന്ന പഞ്ചായത്ത്തല പരിശീലനത്തിൽ 52 പേർ പങ്കെടുത്തു. (45 പുരുഷന്മാരും 7 വനിതകളും) സെപ്റ്റംബർ 21 മുതൽ ഒക്ടോബർ 2 വരെയാണ് ഒന്നാംഘട്ടപ്രവർത്തനത്തിന്റെ ഭാഗമായ വിശേഷാൽ ഗ്രാമസഭകൾ നടന്നത്.

ഗ്രാമസഭകളിൽ 1833 പുരുഷന്മാരും 689 സ്ത്രീകളുമുൾപ്പെടെ 2522 പേർ പങ്കെടുത്തു.

പഞ്ചായത്തിൽ വികേന്ദ്രീകരണാസൂത്രണത്തിന്റെ മുന്നോടിയായി 1991- ൽ തന്നെ സെൻട്രൽ ഫോർ എർത്ത് സയൻസ് സ്റ്റഡീസും ലാന്റ് യൂസ് ബോർഡും ചേർന്ന് തയാറാക്കിയ വിഭവഭൂപടമുണ്ട്. പക്ഷെ, ഇതിന്റെ തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് നമുക്ക് കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടില്ല. സാമൂഹ്യസർവേ നടത്താൻ കഴിഞ്ഞില്ലെങ്കിലും വിഭവഭൂപടം നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും ജലലഭ്യതയും മനസ്സിലാക്കുന്നതിന് സഹായകമാണ്.

ജനകീയാസൂത്രണപ്രവർത്തനങ്ങളുടെ ഒന്നാംഘട്ടത്തിന്റെ ഉല്പന്നമായാണ് വികസനറിപ്പോർട്ട് അവതരിപ്പിക്കപ്പെടുന്നത്. ഇന്നലെയുടെ മഹത്തായ പാരമ്പര്യങ്ങളിൽനിന്ന് ഇന്നിന്റെ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് നാളെയുടെ വെല്ലുവിളികൾ ശ്രമകരമായി ഏറ്റെടുക്കാനുള്ള ശക്തിയും ത്രാണിയും നമുക്കുണ്ടാകുമെന്ന പ്രത്യാശയോടെ വികസനറിപ്പോർട്ട് അവതരിപ്പിക്കുകയാണ്.

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അത്തോളി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | അത്തോളി |
| ബ്ലോക്ക് പഞ്ചായത്ത് | : | ബാലുശ്ശേരി |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| താലൂക്ക് | : | കൊയിലാണ്ടി |
| അസംബ്ലി മണ്ഡലം | : | ബാലുശ്ശേരി |
| വിസ്തീർണം | : | 21.06 Sq. Km |
| അതിരുകൾ | : | വടക്ക് ഉള്ള്യേരി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്<br>കിഴക്ക് നന്മണ്ട, ബാലുശ്ശേരി തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്<br>പടിഞ്ഞാറ് കോരപ്പുഴ, ഉള്ള്യേരി ഗ്രാമപഞ്ചായത്ത്<br>തെക്ക് തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്. |
| ജനസംഖ്യ | : | 24055 (1991 സെൻസസ്) |
| പുരുഷന്മാർ | : | 11631 |
| സ്ത്രീകൾ | : | 12424 |
| ജനസാന്ദ്രത | : | 1142 |
| അക്ഷരാഭ്യാസമുള്ളവർ | : | 19350 |
| വാർഡുകൾ | : | 11 |
| പ്രസിഡണ്ടിന്റെ പേര് | : | കല്യാണി ഗോപാലൻ |
| വൈസ്പ്രസിഡണ്ടിന്റെ പേര് | : | പി.കെ. ബാലകൃഷ്ണൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | എം. രാധാകൃഷ്ണൻ |
| പഞ്ചായത്ത് സെക്രട്ടറി | : | സുർജിത് സിങ്ങ് സി.കെ. |

# ATHOLI PANCHAYAT
## ADMINISTRATIVE MAP



# അത്തോളി ഗ്രാമപഞ്ചായത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് മാപ്പിൽ നമ്പർപ്രകാരമുള്ള സ്ഥാപനങ്ങൾ

1. കൃഷിഭവൻ
2. ഗ്രാമപഞ്ചായത്ത് ഓഫീസ്
3. ശിശുമന്ദിരം
4. സാംസ്കാരികനിലയം
5. കുന്നത്തറ ടെക്സ്റ്റൈൽസ്
6. കൊങ്ങന്നൂർ എ.എൽ.പി. സ്കൂൾ
7. ജി.ഡബ്ലിയു.എൽ.പി. സ്കൂൾ, കൊളക്കാട്
8. പോലീസ് സ്റ്റേഷൻ
9. ജി.എം.യു.പി. സ്കൂൾ, വേളൂർ
10. വില്ലേജ് ഓഫീസ്
11. ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ
12. പ്രൈമറി ഹെൽത്ത് സെന്റർ
13. സബ് പോസ്റ്റ് ഓഫീസ്
14. എ.യു.പു. സ്കൂൾ കൊളക്കാട്
15. വേളൂർ വെസ്റ്റ് എ.എൽ.പി. സ്കൂൾ
16. എ.എം.എൽ.പി. സ്കൂൾ, തോരായി
17. എ.എൽ.പി. സ്കൂൾ, തോരായി
18. ജി.എൽ.പി. സ്കൂൾ, അത്തോളി
19. കെ.വി.എൽ.പി. സ്കൂൾ, കൊളത്തൂർ
20. എ.യു.പി. സ്കൂൾ, മൊടക്കല്ലൂർ
21. പഞ്ചായത്ത് ലൈബ്രറി & വായനശാല
22. ഇ.എസ്.ഐ. ഡിസ്പൻസറി
23. മൃഗാശുപത്രി
24. ഗവ: ആയുർവേദ ഡിസ്പൻസറി
25. ഗവ: ഹോമിയോ ഡിസ്പൻസറി
26. കെ.എസ്.ഇ.ബി., അത്തോളി
27. ടെലഫോൺ എക്സ്ചേഞ്ച്, അത്തോളി

# സാമൂഹികസാംസ്കാരികചരിത്രപശ്ചാത്തലം

പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കുറുമ്പ്രനാട് താലൂക്കിലെ 11 ദേശങ്ങളുൾക്കൊള്ളുന്ന പ്രദേശമാണിന്ന് അത്തോളിഗ്രാമപഞ്ചായത്ത്. ദേശീയ സ്വാതന്ത്ര്യസമരത്തിൽ ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുള്ള ഈ പഞ്ചായത്ത് നേരത്തെ മൊടക്കല്ലൂർ, കൊളക്കാട്, വേളൂർ എന്നിങ്ങനെയെല്ലാം അറിയപ്പെട്ടിരുന്നു. നിസ്സഹകരണസമരം, കിറ്റിന്ത്യാസമരം എന്നിവയിൽ പ്രധാനപ്പെട്ട പങ്കാണ് ഈ പഞ്ചായത്ത് വഹിച്ചത്.

അംശക്കച്ചേരി കത്തിച്ച സംഭവം, കള്ളുഷാപ്പ് പിക്കറ്റിംഗ്, വിദേശവസ്ത്രബഹിഷ്കരണസമരം, ഖാദിപ്രചാരണം തുടങ്ങിയ സമരങ്ങളിലും ക്യാമ്പയിനുകളിലും നമ്മുടെ പഞ്ചായത്ത് മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. അത്തോളിയിൽ ദേശീയപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സി.കെ. ഗോവിന്ദൻനായർ പ്രധാനപ്പെട്ട പങ്കാണ് വഹിച്ചിട്ടുള്ളത്. രാഷ്ട്രീയപൊതുയോഗങ്ങളിലും മറ്റും പലതവണയായി അദ്ദേഹം അത്തോളിയിൽ സംസാരിക്കാറുണ്ടായിരുന്നു. ഇ.പി. ഗോപാലൻനായരാണ് ആദ്യത്തെ കോൺഗ്രസ്സ് പ്രവർത്തകനായി അത്തോളിയിൽ അറിയപ്പെടുന്നത്.

വി. ദാമോദരൻനായർ, എ.പി. അപ്പുണ്ണി, എം.കെ ദാമോദരൻനായർ. സി. അപ്പുനായർ. എം.കെ. അച്ചുക്കുട്ടിനായർ തുടങ്ങിയ പ്രമുഖർ ദേശീയ സ്വാതന്ത്ര്യസമരത്തിൽ കണ്ണികളായിരുന്നു. കിറ്റിന്ത്യാസമരത്തിന്റെ ഭാഗമായി ഒറ്റയ്ക്ക് പ്ലക്കാർഡുമേന്തി സമരപ്രചാരണം നടത്തിയ വി. ദാമോദരൻനായർക്ക് ബ്രിട്ടീഷ് പോലീസിന്റെ ക്രൂരമായ മർദ്ദനമേൽക്കേണ്ടിവന്നിട്ടുണ്ട്. ഇതിനെത്തുടർന്നുനടന്ന പ്രതിഷേധസമരത്തിൽ സി. അപ്പുനായർ അറസ്റ്റ് വരിക്കപ്പെടുകയും വി.പി. കുഞ്ഞിരാമക്കുറുപ്പ്, എ. കുഞ്ഞിരാമക്കുറുപ്പ്, കാരോളി അപ്പുനായർ തുടങ്ങിയ സ്വാതന്ത്ര്യസമരപോരാളികൾ ഒളിവിൽ പോവുകയും ചെയ്തിട്ടുണ്ട്. ആദ്യം കോൺഗ്രസ്സ് പാർട്ടിയിലും പിന്നീട് സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഐ.എൻ.എ പ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ച ശ്രീ. രാമദാസൻ അത്തോളിയുടെ ചരിത്രത്തിൽ എന്നും സ്മരിക്കുന്ന നാമമാണ്.

സാധാരണക്കാരുടെ ഇടയിൽ പ്രവർത്തിച്ച് കേരളത്തിലെ മുഖ്യമന്ത്രി വരെയെത്തിയ ബഹുമാന്യനായ ശ്രീ സി.എച്ച് മുഹമ്മദ്കോയ കേരളചരിത്രത്തിൽ അത്തോളിക്ക് സ്ഥാനം നേടിത്തന്നു. ഇദ്ദേഹത്തെ അത്തോളിയിലെ ജനങ്ങൾ എന്നും അഭിമാനത്തോടെ സ്മരിക്കുകയും ചെയ്യുന്നു.

അത്തോളിയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ രൂപീകരണത്തിൽ എം.കെ കുഞ്ഞിരാമൻനായർ, ഇ.പി. ഗോപാലൻനായർ തുടങ്ങിയ നാമധാരികൾ ചിരസ്മരണീയരാണ്. തന്റെ ജീവിതാവസാനം വരെ ഉയർന്ന ചിന്തയും ലളിതവും ആദർശസമ്പുഷ്ടവുമായ ജീവിതത്തിനുടമയായിരുന്ന ഇ.പി. ഗോപാലൻനായർ കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണ് കമ്മ്യൂണിസ്റ്റ് പാർടിയിലെത്തുന്നത്. കുടിയൊഴിപ്പിക്കലിനും നാടുവാഴിത്തത്തിനും ജന്മിത്തത്തിനുമെതിരായ സമരത്തിലൂടെയാണ് അത്തോളിയിൽ കർഷകപ്രസ്ഥാനം ബീജാവാപം ചെയ്യപ്പെടുന്നത്. എം.കെ. കേളു, എം. കുമാരൻമാസ്റ്റർ, പി. ശേഖരൻ, യു. കുഞ്ഞിരാമൻ തുടങ്ങിയവർ അത്തോളിയിലെ കർഷക പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പ്രധാനപങ്കുവഹിച്ചവരാണ്. സി.എച്ച്. കണാരനും കർഷകപ്രസ്ഥാനത്തിന്റെ പല പ്രവർത്തനങ്ങളിലും സഹായിയായുണ്ടായിരുന്നു. കുടിയൊഴിപ്പിക്കലിനെതിരെ അതിശക്തമായ പല ചെറുത്തുനിൽപ്പുകളും അത്തോളിയിൽ നടന്നിട്ടുണ്ട്.

അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരെ സാമൂഹ്യരംഗത്ത് നടന്ന സമരങ്ങളും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. വൈക്കം സത്യാഗ്രഹത്തിന്റെ ചുവടൊപ്പിച്ച് പിഷാരികാവിൽ ഹരിജനങ്ങൾക്ക് പ്രവേശനം ലഭിക്കണമെന്നാവശ്യപ്പെടുന്ന സമരത്തിൽ അത്തോളിയിലെ സവർണ്ണ വിഭാഗക്കാരുൾപ്പെടെ നിരവധിപേർ പങ്കുകൊണ്ടിരുന്നു. മറ്റെല്ലാ സ്ഥലങ്ങളിലുമെന്നപോലെ ഭൂപരിഷ്കരണം നമ്മുടെ പഞ്ചായത്തിലും സാമൂഹ്യരംഗത്ത് വമ്പിച്ച മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. നീതിപൂർവ്വകമായ വിതരണത്തിന് ഇത് സഹായകമായി. ജന്മിത്വം അവസാനിച്ചതോടെ കൃഷിഭൂമി മണ്ണിൽ പണിയെടുക്കുന്നവന്റേത് കൂടിയായി.

തലശ്ശേരിയിൽ നിന്നും കുടിയേറിപ്പാർത്ത പുന്നപ്പു പണ്ടികശാല കേന്ദ്രമായ കേയികുടുംബവും കാരം

വെള്ളി കുടുംബവും വിരലിലെണ്ണാവുന്ന മറ്റുചിലരും കൈവശംവെച്ച ഭൂമിയുടെ ഇന്നത്തെ ഉടമസ്ഥാവകാശം ഏകദേശം 9470 പേരുടെ കൈകളിലാണ്. 5- ഏക്കറിനു മീതെ ഭൂമിയുള്ളത് പഞ്ചായത്തിൽ വെറും 41 കുടുംബങ്ങളാണ്. 1811-ഓളം വരുന്ന 10 സെന്റിനുതാഴെ ഭൂമിയുള്ളവരിൽ ഭൂരിപക്ഷവും കർഷകബന്ധ ബില്ലിന്റെ ഭാഗമായാണ് കുടിയൊഴിപ്പിക്കൽ ഭീഷണിയിൽ നിന്നും രക്ഷ നേടിയത്. നിരവധി ഭൂരഹിതർക്ക് മിച്ചഭൂമി ലഭിച്ചതിന്റെ ഭാഗമായി ഭൂഉടമകളാകാനും കഴിഞ്ഞിട്ടുണ്ട്.

പഴയ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനുകീഴിൽ മൊടക്കല്ലൂർ പഞ്ചായത്തായിരുന്നു നിലവിലുണ്ടായിരുന്നത്. അക്ഷരാഭ്യാസമുള്ളവർ ഒത്തുകൂടി കൈപൊക്കി വോട്ടുചെയ്യുന്ന രീതിയിലായിരുന്നു തിരഞ്ഞെടുപ്പ്. വട്ടക്കണ്ടി കുഞ്ഞിരാമൻനായരായിരുന്നു ആദ്യത്തെ പ്രസിഡണ്ട്. ഇന്നത്തെ അത്തോളിപഞ്ചായത്ത് പഴയ മൊടക്കല്ലൂരിന്റെ കൂടെ കൊളക്കാട് വേളൂർ തുടങ്ങിയ ഭാഗങ്ങൾ കൂടി ചേർന്നാണ് രൂപപ്പെടുന്നത്. 1963 ഡിസംബർ 13-നാണ് അത്തോളി പഞ്ചായത്ത് രൂപം കൊള്ളുന്നത്. എൻ. കെ. നാരായണൻനായരായിരുന്നു ആദ്യത്ത പ്രസിഡണ്ട്. എൻ.വി. കണാരക്കുട്ടി വൈസ് പ്രസിഡണ്ടും പിന്നീട് എൻ.കെ. നാരായണൻനായർ രാജിവെച്ചതിനെ തുടർന്ന് പി.കെ. ബാലകൃഷ്ണൻ പ്രസിഡണ്ടായി. എൻ.വി. കണാരക്കുട്ടിയ്ക്കു പകരം വൈസ്പ്രസിഡണ്ടായി കളത്തിൽ മുഹമ്മദ്ഹാജിയെ തെരഞ്ഞെടുത്തു. സർവ്വശ്രീ കെ. രായൻമാസ്റ്റർ, കൊല്ലോത്ത് സ്വാമി, വട്ടക്കണ്ടി മാധവൻനായർ, കളത്തിൽ മുഹമ്മദ്ഹാജി, സി. അപ്പുനായർ, കൊല്ലക്കണ്ടി കുഞ്ഞിരാമൻ, നോമിനേറ്റഡ് വനിത അംഗം കെ.പി. കല്യാണി എന്നിവരായിരുന്നു മെമ്പർമാർ. 1980-ൽ നടന്ന തിരഞ്ഞെടുപ്പിൽ 1-ാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പി.കെ. കൃഷ്ണൻമാസ്റ്റർ പ്രസിഡണ്ടായ ഭരണസമിതിയിൽ കെ. മൂസ്സക്കോയ, എം.കെ. കുഞ്ഞിരാമൻനായർ, സി.കെ. രാഘവൻ, വയപ്പുറത്ത് ലക്ഷ്മി, കോമപ്പക്കുറുപ്പ്, ടി. മാധവൻനമ്പ്യാർ, മാധവൻ, ടി.കെ. രാരിച്ചക്കുട്ടി എന്നിവർ അംഗങ്ങളായിരുന്നു. 1984-ൽ ഭരണസമിതിയെ സർക്കാർ പിരിച്ചുവിട്ടു. പിന്നീട് 1988-ലാണ് തെരഞ്ഞെടുപ്പ് നടന്നത്. 6-ാംവാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട എം. മെഹബൂബ് പ്രസിഡണ്ടായും വി. കണാരൻ വൈസ്പ്രസിഡണ്ടായുമുള്ള ഭരണസമിതിയിൽ എം. രാധാകൃഷ്ണൻ, സി.എം. മുകുന്ദൻ, പി. രത്നാകരൻ, പി.കെ. ശ്രീമതി, കരുമാണ്ടി മാധവൻനായർ, എ. കുഞ്ഞാണ്ടി, ജാഫർ അത്തോളി, എം. ശ്യാമള എന്നിവർ അംഗങ്ങളായിരുന്നു.

73-ാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി നടന്ന തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന ഇന്നത്തെ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ട് 5-ാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി കല്യാണി ഗോപാലൻ ആണ്. പി.കെ. ബാലകൃഷ്ണൻ വൈസ് പ്രസിഡണ്ടും എം. രാധാകൃഷ്ണൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമാണ്. ശ്രീമതി കെ.വി. ലീല, എം. മൻസൂർ, പി. ബാലൻമാസ്റ്റർ, ഒ.പി. രാഘവൻനായർ, പി. പ്രേമ, എ. രവീന്ദ്രൻ, സൗജ ചാലക്കൽ, അപ്പുണ്ണി കെ.എം. എന്നിവർ അംഗങ്ങളുമായി തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചെയർമാനെ കൂടാതെ കെ.വി. ലീലടീച്ചർ, ഒ.പി. രാഘവൻനായർ, പി. പ്രേമ, എ. രവീന്ദ്രൻ എന്നിവരാണുള്ളത്. പ്രസിഡണ്ടും വൈസ് പ്രസിഡണ്ടും എക്സ് ഒഫീഷ്യോ അംഗങ്ങളാണ്.

നാലാം വാർഡിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പി. ബാലൻമാസ്റ്ററുടെ അകാലനിര്യാണത്തെത്തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ കെ.കെ. ബാബു ഭരണസമിതി അംഗമായി.

പഞ്ചായത്ത് ഓഫീസ് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 1977 ഡിസംബർ 31-നാണ് അന്നത്തെ പഞ്ചായത്ത് ബോർഡംഗമായിരുന്ന സി. അപ്പുനായർ സംഭാവന നൽകിയ സ്ഥലത്ത് ഓഫീസ് പ്രവർത്തനമാരംഭിച്ചത്. അന്നത്തെ ബാലുശ്ശേരി എം.എൽ.എ. ശ്രീ പി.കെ. ശങ്കരൻകുട്ടി കെട്ടിടം ഉദ്ഘാടനം ചെയ്തു. അതുവരെ പഞ്ചായത്തംഗം ശ്രീ കൊല്ലോത്ത് സാമിയുടെ വാടകക്കെട്ടിടത്തിലായിരുന്നു ഓഫീസ് നടന്നിരുന്നത്.

## വിദ്യാഭ്യാസസാംസ്കാരികമേഖല

നാട്ടെഴുത്തച്ഛൻമാരുടെ നേതൃത്വത്തിലുണ്ടായിരുന്ന എഴുത്തുപള്ളികളിലൂടെയാണ് ഔപചാരികവിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടങ്ങുന്നത്. ചെറുവലത്ത് കണ്ടി കുഞ്ഞിരാമൻവൈദ്യർ, കോറോത്ത് രാമൻനായർ എന്നിവർ പ്രസിദ്ധരായ നാട്ടെഴുത്തച്ഛന്മാരായിരുന്നു. 1914-ൽ മൊടക്കല്ലൂരിൽ ആരംഭിച്ച എൽ.പി. സ്കൂളാണ് പഞ്ചായത്തിലെ ആദ്യവിദ്യാലയം. പിന്നീട് 1918-ൽ വേളൂർ മാപ്പിള സ്കൂൾ ആരംഭിച്ചു. 1924-ൽ രാഷ്ട്രീയനേതാവായിരുന്ന ഇ.പി. ഗോപാലൻനായർ മുൻകൈയെടുത്താരംഭിച്ച എലിമെന്ററി സ്കൂളാണ് മറ്റൊരു ആദ്യകാലവിദ്യാലയം. പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക് ഈ വിദ്യാലയം വിട്ടുകൊടുത്തു. 1928-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് ഹയർ എലിമെന്ററി സ്കൂൾ എന്ന പേരിൽ VIII-ാംതരം വരെയുള്ള സ്ഥാപനമായി ഇതിനെ മാറ്റി. 1934-ൽ വയപ്പുറത്ത് ചന്തപ്പൻ വേളൂർ വെസ്റ്റ് ALP സ്കൂൾ ആരംഭിച്ചു. ആദിദ്രാവിഡ സ്കൂൾ (ഇന്നത്തെ ഗവ: വെൽഫെയർ എൽ.പി. സ്കൂൾ) ഇതിനെ തുടർന്നാരംഭിച്ചു. 1958 ജൂൺ മാസത്തിൽ ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്താണ് ഡിസ്ട്രിക്ട്

ബോർഡ് ഹയർ എലിമെന്ററി സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. ശ്രീ രാമൻ നമ്പീശനായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ.

കൊങ്ങന്നൂരിലെ മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാലയാണ് പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥാലയം. മൊടക്കല്ലൂർ പഞ്ചായത്തുണ്ടായിരുന്ന കാലത്തു തന്നെ ഇപ്പോഴത്തെ പഞ്ചായത്ത് ഗ്രന്ഥാലയം നിലനിന്നിരുന്ന സ്ഥലത്ത് വായനശാലയുണ്ടായിരുന്നു. ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിലുള്ള പബ്ലിക് ലൈബ്രറി, അത്തോളി ദേശീയ ഗ്രന്ഥാലയം തുടങ്ങിയവ പഴക്കമേറിയ സാംസ്കാരികസ്ഥാപനങ്ങളാണ്.

ഈ പഞ്ചായത്തിലെ ആദ്യത്തെ പോസ്റ്റ് ആപ്പീസ് മുനീറുൽ "ഇസ്ലാം സഭയുടെ കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചത്. ആദ്യ പോസ്റ്റ് മാസ്റ്ററായിരുന്ന ഈസക്കുട്ടി മാസ്റ്ററെ അത്തോളിക്കാർ ഇപ്പോഴും ഓർമ്മിക്കുന്നു. 1972-ൽ ബസ്സ് സർവീസ് ആരംഭിച്ചു. 1970-കളുടെ അവസാനത്തിൽ ടെലഫോൺ സൗകര്യം ലഭിച്ചു. 1974-ലാണ് വൈദ്യുതി ഈ ഗ്രാമത്തിലെത്തിയത്.

വികസനരംഗത്ത് സന്നദ്ധപ്രവർത്തനങ്ങൾക്ക് എല്ലാ കാലത്തും അത്തോളിയിൽ ജനകീയൈക്യം നിലനിന്നിരുന്നു. അത്തോളി-നന്മണ്ട റോഡ്, പുതിയങ്ങാടി-ഉള്ള്യേരി റോഡിന്റെ പഞ്ചായത്തിലെ ഭാഗം, വേളൂർ വെസ്റ്റ് റോഡ്, കുനിയിൽ കടവ് റോഡ്, കൊങ്ങന്നൂർ റോഡ്, അത്തോളി- മൂർക്കനാട് റോഡ് തുടങ്ങിയവ ജനകീയ മുൻകൈയോടെ ,രൂപം കൊണ്ടവയാണ്. വായനശാലകളും അങ്കണവാടി-ബാലവാടികളും നിർമ്മിക്കുന്നതിൽ മാതൃകാപരമായ കൂട്ടായ്മയും ജനപങ്കാളിത്തവുമുണ്ടായിരുന്നു.

ആരോഗ്യമേഖലയിൽ പാരമ്പര്യവൈദ്യത്തിന് പ്രമുഖസ്ഥാനമായിരുന്നു അത്തോളിക്കുണ്ടായിരുന്നത്. നാലുപുരക്കൽ ചോയിവൈദ്യർ, കുനിയിലിടത്തിൽ ചോയിവൈദ്യർ, അടുവാട്ട് വാര്യർ തുടങ്ങിയവർ പ്രമുഖ വൈദ്യന്മാരായിരുന്നു. അലോപ്പതി ചികിത്സാരംഗത്ത് പരേതനായ ശങ്കരൻഡോക്ടറുടെ സേവനം എടുത്തുപറയത്തക്കതാണ്. വസൂരിരോഗചികിത്സക്ക് കൂട്ടിൽ മൂസ്സ നൽകിയ സേവനങ്ങൾ എന്നും സ്മരിക്കപ്പെടുന്നതാണ്. ആയുർവേദചികിത്സാരംഗത്ത് പഴയ പാരമ്പര്യം നിലനിർത്താൻ കഴിഞ്ഞിട്ടില്ല. ഇന്ന് വൈദ്യശാസ്ത്രരംഗത്ത് അലോപ്പതി ചികിത്സക്കാണ് പ്രമുഖസ്ഥാനമുള്ളത്.

# ഭൂപ്രകൃതി

കോഴിക്കോട് നഗരത്തിൽനിന്ന് 15 കി.മീറ്ററോളം വടക്ക് കിഴക്ക് മാറി അക്ഷാംശം 11° 26' 25" -നും 11° 22' 22" Nഉം രേഖാംശം 75° 47' -നും 75° 44' 30" Eക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശമാണ് അത്തോളി പഞ്ചായത്ത്. അത്തോളിയുടെ വിസ്തീർണം 21-06 ച.കി.മീ ആണ്. ഇതിന്റെ ഭൂപ്രദേശം മുഴുവൻ അത്തോളി വില്ലേജിൽ ഉൾപ്പെടുന്നു. പഞ്ചായത്തിൽ 11 വാർഡുകൾ ഉണ്ട്. വടക്ക് ഉള്ള്യേരി ബാലുശ്ശേരി പഞ്ചായത്തുകളും കിഴക്ക് ബാലുശ്ശേരി-നന്മണ്ട തലക്കുളത്തൂർ പഞ്ചായത്തുകളും തെക്ക് തലക്കുളത്തൂർ പഞ്ചായത്തും പടിഞ്ഞാറ് കോരപ്പുഴയും ഉള്ള്യേരി പഞ്ചായത്തും അത്തോളി പഞ്ചായത്തിന്റെ അതിർത്തി പങ്കിടുന്നു.



നമ്മുടെ പഞ്ചായത്ത് നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി 20 മീറ്ററിൽ താഴെ, 20 മുതൽ 160 വരെ മീറ്റർ, എന്നിങ്ങനെ രണ്ടായിത്തിരിക്കാം. ഏറ്റവും ഉയരമേറിയ ഭാഗം തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന, സമുദ്രനിരപ്പിൽനിന്നും 160 മീറ്റർ പൊക്കമുള്ള എലിയോട് മലയാണ്. വടക്ക്-കിഴക്കുഭാഗവും മധ്യഭാഗവും നിമ്നോന്നതമാണ്. പടിഞ്ഞാറുഭാഗം സാമാന്യേന 20 മീറ്ററിൽ താഴെയായി സ്ഥിതിചെയ്യുന്ന നിരന്ന പ്രദേശമാണ്.

## ഭൂപ്രകൃതിമേഖല

| മേഖല | വിസ്തീർണം ച.കി.മീ. | ശതമാനം |
|---|---|---|
| ഉയർന്ന സമതലം | 0.551 | 2.56 |
| ചെറുചരിവ് | 0.5898 | 2.8 |
| ഇടത്തരം ചരിവ് | 3.059 | 14.5 |
| താരതമ്യേന ചെരിഞ്ഞത് | 7.055 | 33.5 |
| ചെങ്കുത്തായ പ്രദേശം | 1.1563 | 5.49 |
| സമതലം | 0.7188 | 3.41 |
| താഴ്വാരം | 1.953 | 9.21 |
| വെള്ളം കയറുന്ന മേഖല | 1.2344 | 5.86 |
| തീരസമതലം | 0.1406 | 0.67 |
| തുരുത്ത് | 0.00781. | 0.04 |

## മൺതരങ്ങൾ

ചെങ്കൽപ്രദേശം - പശിമരാശി മണ്ണ് - എക്കൽമണ്ണ് - പാറ എന്നിങ്ങനെ നാല് മൺതരങ്ങളാണുള്ളത്.

## ജലലഭ്യത

സംസ്ഥാനശരാശരിയിൽനിന്നും ഉയർന്ന മഴ ലഭിക്കുന്ന പ്രദേശമാണിത്. ചില കുന്നിൻപ്രദേശങ്ങളിൽ പ്രത്യേകകാലയളവിൽ ജലലഭ്യത കുറയുന്നു. സമതലപ്രദേശങ്ങളും താഴ്വാരങ്ങളും ജലലഭ്യതയിൽ സമ്പന്നമാണ്. പഞ്ചായത്തിൽ 2585 വറ്റാത്ത കിണറുകളും 630 വേനൽക്കാലത്ത് വറ്റുന്ന കിണറുകളുമുണ്ട്. 26 കുളങ്ങൾ ഇവിടെയുണ്ട്. കിണർ സാന്ദ്രത ഒരു ച.കി.മീറ്ററിന് 158 ആണ്.

## ഭൂവിനിയോഗം

പഞ്ചായത്തിൽ കൂടുതൽ സ്ഥലങ്ങളിൽ തെങ്ങിൻകൃഷിയാണുള്ളത്. സമ്മിശ്രകൃഷിരീതികൾ പൊതുവേ കുറഞ്ഞുവരുന്നു. വടക്കുകിഴക്ക് ഭാഗങ്ങളിൽ നെല്ല് കൂടുതലായി കൃഷിചെയ്യുന്നു. ചില ഒറ്റപ്പെട്ട സ്ഥലങ്ങളിൽ റബ്ബർ കൃഷിയും നടക്കുന്നു. പടിഞ്ഞാറൻ ഭാഗത്തേക്കാൾ കൂടുതൽ ജനവാസം കാണപ്പെടുന്നത് കിഴക്കൻ മേഖലയിലാണ. ചെങ്കൽ ക്വാറികളും കരിങ്കൽ ക്വാറികളും ഇവിടങ്ങളിൽ ധാരാളമായി കണ്ടുവരുന്നു. പാലോറ മലയുടേയും എലിയോട് മലയുടേയും ചെരിവുകളിൽ തരിശുഭൂമികൾ കാണപ്പെടുന്നുണ്ട്.

## ഭൂവിനിയോഗ പട്ടിക

| Sl.No. | ഇനം | വിസ്തൃതി Km² |
|---|---|---|
| 1. | തെങ്ങ് | 4.3832 |
| 2. | മിശ്രവിളകൾ | 3.2326 |


ATHOLI PANCHAYAT
LANDFORM
INDEX
T1 RIDGE CREST
T2 HILL CREST
FS FOOT SLOPE
V1 VALLEY FLOOR
EROSIONAL SCARPS
SLOPE OF THE UNIT
PANCHAYAT BOUNDARY
ROADS
STABLE BAR
RIVER
STREAM
FERRY
MODERATE EROSION
HIGH EROSION


ATHOLI PANCHAYAT
SURFACE MATERIAL
KUNIAN RIVER
INDEX
ROADS
RIVER
PANCHAYAT BOUNDARY
LATERITE
ALLUVIUM
VARIABLE SHALLOW SOIL
ROCK EXPOSURES (Biotite Gneiss)
CLAY
CLAY LOAM
LOAM
SANDY CLAY LOAM
WHITE COLOUR
RED

| | | |
|---|---|---|
| 3. | നെല്ല് | |
| | a. ഒരു പൂകിൽ | 0.12239 |
| | b. ഇരുപൂകിൽ | 0.75316 |
| | c. മൂന്നു പൂകിൽ | 0.065 |
| 4. | റബ്ബർ | 0.6085 |
| 5. | പാറപ്രദേശം | 0.1195 |
| 6. | പുൽപ്രദേശം | 0.1037 |
| 7. | മിശ്രവൃക്ഷങ്ങൾ | 3.0762 |
| 8. | കശുവണ്ടി | 0.0565 |
| 9. | കുരുമുളക് | 0.047 |
| 10. | തരിശ് | 0.7209 |
| 11. | ചെങ്കൽക്വാറി | 0.0235 |
| 12. | കവുങ്ങ് | 0.0185 |
| 13. | വാഴ | 0.0151 |
| 14. | മൾബറി | 0.0012 |
| 15. | നികത്തപ്പെട്ടവയൽ | 0.317 |
| 16. | കൃഷിയോഗ്യമായ തരിശ് | 0.7458 |

*അവലംബം - വിഭവഭൂപടം*

## കാലാവസ്ഥ

വർഷത്തിൽ ശരാശരി 3671 മി.മീറ്റർ മഴ ലഭിക്കുന്നുണ്ട്. ഇത് സംസ്ഥാനശരാശരിയായ 3063-നെക്കാളും ജില്ലാശരാശരിയായ 3667 മി.മീക്കാളും കൂടുതലാണ്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്താണ്. (ജൂൺ ജൂലായ് മാസങ്ങൾ) പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് 31.3°C (മാർച്ച്) ലും ഏറ്റവും കുറഞ്ഞത് 21.7° C (ഡിസംബർ) ഉം ആണ്.

## ജനപ്രകൃതി

1991-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം അത്താളി പഞ്ചായത്തിലെ മൊത്തജനസംഖ്യ 24,055 ആണ്. ഇതിൽ 11,631 പുരുഷന്മാരും 12,424 സ്ത്രീകളുമാണ്. സ്ത്രീപുരുഷ അനുപാതം 13:12 ആണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 3976 പേർ ഈ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ 1950 പേർ പുരുഷന്മാരും 2026 പേർ സ്ത്രീകളുമാണ്. 6 വയസ്സിന് താഴെയുള്ള കുട്ടികൾ 2851 പേരുണ്ട്.

ജനസാന്ദ്രത. ച.കി.മീറ്ററിന് 1142 ആണ്.

സംസ്ഥാനശരാശരി ച.കി.മീറ്ററിന് 749-ഉം ജില്ലാ ശരാശരി ച.കി.മീറ്ററിന് 1118-ഉം ബ്ലോക്ക് ശരാശരി 763-ഉം ആണ്.

1995-ലെ ICDS സർവെപ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 25699 ആണ്. പുരുഷന്മാർ 12716-ഉം സ്ത്രീകൾ 12983-ഉം.

സ്ത്രീപുരുഷാനുപാതത്തിലുള്ള വ്യത്യാസം കുറഞ്ഞുവരുന്ന കാഴ്ച ഈ സർവെപ്രകാരം വിലയിരുത്തപ്പെടേണ്ടതുണ്ട്.

ജനവാസയോഗ്യമായ ഭൂപ്രകൃതി-കാലാവസ്ഥ, ഗതാഗത സൗകര്യങ്ങൾ, മെച്ചപ്പെട്ട ശുശ്രൂഷാസംവിധാനം, വിദ്യാഭ്യാസസൗകര്യങ്ങൾ, സാമൂഹിക സാംസ്കാരിക രംഗത്തെ ഔന്നത്യം എന്നിവ വർദ്ധിച്ച ജനസാന്ദ്രതക്ക് കാരണമായി കണക്കാക്കാം.

## ജനസംഖ്യയും മറ്റു വിവരങ്ങളും ജനസംഖ്യ വാർഡ് അടിസ്ഥാനത്തിൽ

| WARD | POPULATION | MALE | FM | SCHEDULE ACT | | LITERATES | | NO:OF OCCUPIED R.HOUSE | NO: OF HOUSE HOLDS |
|---|---|---|---|---|---|---|---|---|---|
| | | | | M | F | M | F | | |
| 1 | 2496 | 1203 | 1293 | 186 | 169 | 1060 | 1002 | 452 | 453 |
| 2 | 3048 | 1547 | 1501 | 192 | 185 | 1823 | 1169 | 503 | 503 |
| 3 | 2792 | 1340 | 1452 | 205 | 296 | 1091 | 1101 | 494 | 503 |
| 4 | 2029 | 933 | 1096 | 134 | 143 | 775 | 826 | 360 | 360 |
| 5 | 2935 | 1379 | 1556 | 209 | 225 | 1149 | 1178 | 510 | 510 |
| 6 | 2562 | 1266 | 1296 | 234 | 243 | 1053 | 981 | 498 | 506 |
| 7 | 2353 | 1155 | 1198 | 213 | 223 | 1001 | 949 | 455 | 455 |
| 8 | 1908 | 922 | 986 | 260 | 302 | 785 | 749 | 387 | 390 |
| 9 | 2097 | 982 | 1115 | 112 | 126 | 828 | 878 | 371 | 371 |
| 10 | 1835 | 904 | 931 | 125 | 114 | 759 | 692 | 375 | 375 |
| TOTAL | 24055 | 11631 | 12424 | 1950 | 2026 | 9824 | 9526 | 4405 | 4426 |

അവലംബം : (91 സെൻസസ് റിപ്പോർട്ട്)



# കൃഷിയും ജലസേചനവും

കുറ്റ്യാടി പുഴയുടെ ഭാഗമായ കോരപ്പുഴയുടെ കിഴക്കേ തീരത്ത് സ്ഥിതി ചെയ്യുന്ന ഒരു കാർഷികഗ്രാമമാണ് നമ്മുടെ പഞ്ചായത്ത്. കുറുമ്പ്രനാട് താലൂക്കിന്റെ പ്രധാനപ്പെട്ട ഒരു നെല്ലറയായിരുന്നു അത്തോളി. 70%ത്തോളം ജനങ്ങൾ കാർഷികമേഖലയെ ആശ്രയിച്ച് കഴിയുന്ന ഇവിടുത്തെ ഇപ്പോഴത്തെ മുഖ്യവിള തെങ്ങാണ്. കൂടാതെ നെല്ല്, കവുങ്ങ്, വാഴ, കുരുമുളക്, റബ്ബർ, ഇഞ്ചി, കശുമാവ്, മരച്ചീനി, പയർ, എന്നിവയും ഇവിടുത്തെ കൃഷിയിനങ്ങളിൽപ്പെടുന്നു.

'വില്ലേജാഫീസിലെ 'എ' രജിസ്ട്രർ പ്രകാരം 80 ഏക്കർ ഭൂമി തരിശായി കിടക്കുന്നു. ഇത് പഞ്ചായത്തിന്റെ വടക്കേ അറ്റമായ 7-ാം വാർഡിലും തെക്കുകിഴക്കേ അറ്റത്തുള്ള ഒന്നാം വാർഡിലുമായി വ്യാപിച്ചു കിടക്കുന്നു. റവന്യൂരേഖകൾ അനുസരിച്ച് 348.86 ഏക്കർ പുറമ്പോക്കും 9.5 കി.മീറ്റർ നീളത്തിൽ സ്ഥിതിചെയ്യുന്ന തീരപ്രദേശവുമുണ്ട്.

### പുറമ്പോക്കുഭൂമി സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | അളവ് (ഏക്കർ) |
|---|---|
| റോഡ് | 20.7 |
| തോട് | 5.16 |
| കുളം | 2.35 |
| പുഴ | 321.28 |

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ ഉയർന്ന സമതലം, ചരിവുകൾ, താഴ്വരകൾ, ചതുപ്പുനിലങ്ങൾ, പുഴയോരം, എന്നിങ്ങനെ തരംതിരിക്കാം. ചെമ്മണ്ണ്, മണൽ മണ്ണ്, എക്കൽ മണ്ണ്, ചെങ്കൽ പ്രദേശം എന്നിവയും കണ്ടുവരുന്നു. ചിലയിടങ്ങളിൽ ദുർലഭമായി കളിമണ്ണും ഉണ്ട്.

തെങ്ങ് കൃഷിക്ക് അനുയോജ്യമായ എക്കൽമണ്ണുള്ള തീരപ്രദേശം കാർഷികരംഗത്ത് ഈ പഞ്ചായത്തിന് ഒരു മുതൽക്കൂട്ടാണ്. നെൽകൃഷി ചെയ്ത പ്രദേശങ്ങൾ ക്രമേണ മറ്റു വിളകൾക്ക് വഴിമാറിക്കൊടുത്തു. (ഇതിൽ പ്രധാനം തെങ്ങ്, കവുങ്ങ് എന്നിവയാണ്.) ഒപ്പം വയലുകൾ നികത്തപ്പെടുന്നതിനും കെട്ടിടങ്ങൾ ഉയരുന്നതിനും വയലുകൾ മൂകസാക്ഷിയായി.

ഒരു പിടി ആളുകളിൽ കേന്ദ്രീകരിച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ആയിരക്കണക്കായ കൈവശക്കാരിലേക്ക് മാറിയപ്പോൾ കാർഷികോൽപാദനത്തിൽ വർദ്ധനവും വൈവിധ്യവും വന്നുചേർന്നു. കൈവശാവകാശം സംബന്ധിച്ച വിവരം പട്ടികയിൽ കാണിച്ചിരിക്കുന്നു.

| ക്രമനമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | 1-10 സെന്റ് | 1811 |
| 2. | 10-25 സെന്റ് | 3017 |
| 3. | 25-50 സെന്റ് | 2419 |
| 4. | 50-100 സെന്റ് | 1207 |
| 5. | 1-2 ഏക്കർ | 725 |
| 6. | 2-5 ഏക്കർ | 240 |
| 7. | 5 ഏക്കറിനുമുകളിൽ | 41 |

ഭക്ഷ്യവിളയായ നെല്ലും നാണ്യവിളയായ തെങ്ങ്, അടയ്ക്ക തുടങ്ങിയവയും പച്ചക്കറികളും സമൃദ്ധമായി വളരാൻ ആവശ്യമായ മണ്ണും കാലാവസ്ഥയും ഈ പ്രദേശത്തിന്റെ കാർഷികപുരോഗതിക്ക് സഹായകമായി. മണ്ണി ലധ്വാനിച്ചാൽ പൊന്നുവിളയിക്കാമെന്ന തിരിച്ചറിവ് കർഷകർക്ക് ആവേശം പകർന്നു.

മുന്നുകാലത്ത് ഇടവിളയായി ചേമ്പ്, ചേന, മരച്ചീനി, ചെറുകിഴങ്ങ്, കാച്ചിൽ, പയർ, മുത്താറി, വാഴ, വെള്ളരി, മത്തൻ എന്നിവ കൃഷി ചെയ്തിരുന്നു. നാടൻ വിത്തിനങ്ങളും പരമ്പരാഗതകൃഷിരീതികളുമാണ് കർഷകർ അവലംബിച്ചിരുന്നത്. മണ്ണിന്റെ തരവും ഗുണവും അറിയുമായിരുന്ന കർഷകർ അതിനനുസരിച്ചുള്ള വിത്തുകളിറക്കുകയും യോജിച്ച വളപ്രയോഗത്തിലൂടെയും പരമാവധി ഉല്പാദനം ഉണ്ടാക്കുകയും ചെയ്തിരുന്നു. ചാണകം, വെണ്ണീർ, പച്ചിലവളം തുടങ്ങിയ ജൈവവളങ്ങളാണ് പ്രധാനമായി ഉപയോഗിച്ചിരുന്നത്. കുളങ്ങളിൽനിന്നും

# ATHOLI PANCHAYAT

## WATER AVAILABILITY



കിണറുകളിൽനിന്നും വെള്ളം മുക്കിയാണ് ജലസേചനം നടത്തിയത്. ജലസേചനത്തിനായി ഏത്തം മുക്കൽ, ചവിട്ടുചക്രങ്ങൾ എന്നിവ ഉപയോഗിച്ചിരുന്നു.

എന്നാൽ ഇന്നത്തെ കൃഷിയും കൃഷിസമ്പ്രദായവും ഇതിൽനിന്നും തുലോം വ്യത്യസ്തമാണ്. ഉയർന്ന പ്രദേശങ്ങളിൽ കശുമാവും പറമ്പുകളിൽ തെങ്ങും വയലിനോട് ചേർന്ന താഴ്ന്ന പറമ്പുകളിൽ കവുങ്ങും വയലിൽ നെല്ലും ഇടവിളയായി മരച്ചീനി, വാഴ, പയർ എന്നിവയും കൃഷി നടത്തിപ്പോന്ന പരമ്പരാഗതസമ്പ്രദായം തകിടം മറിക്കപ്പെട്ടു. ഭൂമിയുടെ കിടപ്പും മണ്ണിന്റെ തരവും ഗുണവും നോക്കാതെ എന്തും എവിടെയും കൃഷിചെയ്യുന്ന പ്രവണത വന്നപ്പോൾ ഇത് കാർഷികോത്പാദനത്തിൽ ഗണ്യമായ കുറവ് വരുത്താൻ ഇടയാക്കി.

നമ്മുടെ പഞ്ചായത്തിൽ മൂന്ന് തോടുകളുണ്ട്. ഇതിൽ ഒന്ന് വേനൽക്കാലത്ത് വറ്റുന്നതാണ്. 28 വറ്റാത്ത കുളങ്ങളുണ്ട്. കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായി കൈകനാലുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലൂടെ കടന്നുപോകുന്നു. മേൽപറഞ്ഞവയിൽ കനാൽ ഭാഗികമായും കുളങ്ങളും തോടുകളും പൂർണമായും കാർഷികാവശ്യത്തിനുപയോഗിക്കുന്നു. കുട്ടനാരിതാഴ മുതൽ കൊടിച്ചിപ്പാറവരെയുള്ള തോടിന്റെ തൃക്കംപറമ്പത്ത്താഴ ഭാഗത്ത് രണ്ടു ചീർപ്പുണ്ട്. കൃത്യമായി പലകയിടാറുണ്ട്. ചിരട്ടക്കരതാഴെയും ഒരു ചീർപ്പുണ്ട്. ഇവിടെയുള്ള വറ്റാത്ത തോട് ഈ പ്രദേശങ്ങളിലെ കൃഷിയെ ഏറെ സഹായിക്കുന്നു.

## കാർഷികരംഗത്തെ പ്രശ്നങ്ങൾ

- ❑ മണ്ണിന്റെ ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ കർഷകന് അജ്ഞാതമായതുകൊണ്ട് കാർഷികോൽപാദനക്കുറവിന് കാരണമായി.
- ❑ പഞ്ചായത്തിൽ പല ഭാഗങ്ങളിലും നീർക്കെട്ട് കാരണം കൃഷി ചെയ്യാൻ കഴിയുന്നില്ല.
- ❑ മണ്ണിന്റെ തരവും സ്വഭാവവും അനുസരിച്ചുള്ള കൃഷിരീതി കർഷകന് അന്യമായത് ഉല്പാദനക്കുറവിന് കാരണമായി.
- ❑ നവീന കൃഷിരീതികളെക്കുറിച്ചുള്ള കർഷകന്റെ അജ്ഞത
- ❑ രാസവളങ്ങളുടെ വിലക്കയറ്റം
- ❑ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കായ്മയും വിപണനസൗകര്യമില്ലായ്മയും
- ❑ കൃഷി നഷ്ടമായപ്പോൾ മൊത്തം കൃഷി കുറഞ്ഞു. തൊഴിലവസരം കുറഞ്ഞതിനാൽ കർഷികത്തൊഴിലാളികൾ താരതമ്യേന ഉയർന്ന കൂലി ലഭിക്കുന്ന മറ്റു തൊഴിൽമേഖലകൾ തേടിപ്പോയത് കാർഷികമേഖലയിൽ തൊഴിലാളി ദൗർലഭ്യതയ്ക്ക് കാരണമായി.
- ❑ പുതിയ തലമുറയ്ക്ക് കാർഷികമേഖലയോടുള്ള വിമുഖത
- ❑ കാർഷികവിളകൾക്കുണ്ടാകുന്ന രോഗങ്ങൾ

| | |
|---|---|
| തെങ്ങ് | ചെന്നീരൊലിപ്പ്, കൂമ്പ്ചീയൽ, വേര് ചീയൽ, ചെല്ലി |
| കവുങ്ങ് | മഹാളി രോഗം |
| കുരുമുളക് | ദ്രുതവാട്ടം, പൊള്ള്, വണ്ട് |
| നെല്ല് | തണ്ടുതുരപ്പൻ, മുഞ്ഞ, ബ്ലാസ്റ്റ് |
| വാഴ | തിരുളടപ്പ് |
| കശുമാവ് | പുഴുതുളയ്ക്കൽ |

- ❑ പുഴയോരഭാഗങ്ങളിലെ കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത്.
- ❑ എട്ടാം വാർഡിലെ കുരങ്ങുശല്യം
- ❑ എലിശല്യം
- ❑ കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായ, അത്തോളി പഞ്ചായത്തിലൂടെ കടന്നുപോകുന്ന കനാലുകൾ ഭൂരിഭാഗവും ജലനിർഗമനം നടക്കാതെ ഉപയോഗശൂന്യമായി കിടക്കുന്നു (1,9,4,3,6 വാർഡുകളിൽ)
- ❑ മൊത്തം കൃഷിയുടെ എഴുപത്തഞ്ച് ശതമാനത്തിലും ശരിയാംവണ്ണം ജലസേചനം നടക്കുന്നില്ല.
- ❑ ശാസ്ത്രീയമായ മണ്ണുപരിശോധനാസൗകര്യം ലഭ്യമല്ല.
- ❑ ജൈവവളത്തിന്റെ അഭാവം
- ❑ പഞ്ചായത്തിലെ തോടുകളും കുളങ്ങളും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല.
- ❑ നമ്മുടെ നാടിനനുയോജ്യമായ ഇടത്തരം സാങ്കേതിക കാർഷികോപകരണങ്ങൾ ലഭ്യമല്ല.
- ❑ അത്യുല്പാദനശേഷിയുള്ള വിത്തുകളും നടീൽവസ്തുക്കളും ലഭ്യമല്ല.
- ❑ കൃഷിഭവന്റെ സേവനം കർഷകർക്ക് ശരിയായ രീതിയിൽ ലഭിക്കുന്നില്ല. കൃഷിഭവന്റെ ഉദ്യോഗലക്ഷ്യങ്ങളെക്കുറിച്ചുള്ള അജ്ഞത ഇതിനുള്ള ഒരു കാരണമാണ്.
- ❑ വിത്തുകളും വളങ്ങളും നടീൽവസ്തുക്കളും കർഷകർക്ക് ആവശ്യമായ സമയത്തല്ല കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നത്.
- ❑ സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്ന തൈകൾ ഈ നാടിന്റെ കാലാവസ്ഥയ്ക്കും മണ്ണിനും യോജിച്ചതല്ല. ഇത മണ്ണിന്റെ ഫലപുഷ്ടി കുറയാൻ കാരണമാകുന്നു.
- ❑ കർഷകർ പൊതുവെ ദരിദ്രരാണ്.

## നിർദേശങ്ങൾ

- ജലസേചനസൗകര്യം വർദ്ധിപ്പിക്കണം
- വരൾച്ചയും നീർക്കെട്ടും പരിഹരിക്കണം
- കനാലുകളിലൂടെ ജലനിർഗമനം നടക്കണം
- നിലവിലുള്ള തോടുകൾ ആഴംകൂട്ടി കൂടുതൽ പ്രയോജനകരമാക്കണം
- നീർവാർച്ച തടയാൻ തടയണകൾ സ്ഥാപിക്കണം
- മഴവെള്ളം ഒഴുകി നഷ്ടപ്പെടുന്നത് തടയാൻ പരമാവധി കുളങ്ങൾ കുഴിക്കണം
- കൊട്ടിപ്പുറത്ത് താഴം, കൊളക്കാട് പള്ളിത്താഴം എന്നിവിടങ്ങളിൽ ചിർപ്പ് കെട്ടി വെള്ളം തടഞ്ഞു നിർത്തണം
- പൂക്കോട് - കൊളക്കാട് പള്ളി നീർച്ചാൽ നിർമ്മിക്കണം
- രണ്ടാം വാർഡിൽ ചിറവയൽ - കോളിയോട്ടുതാഴെക്കൂടി ഒഴുകുന്ന തോട് ചെമ്പ്രതാഴെ ബണ്ടുകെട്ടി പകുതി തടഞ്ഞുനിർത്തിയാൽ വേനലിൽ ചിറവയൽ പ്രദേശം കൃഷിക്കായി ഉപയോഗിക്കാം.
- 3-ാം വാർഡിൽ പാലക്കുളം ജലസേചനത്തിന് പ്രയോജനപ്പെടുത്താം
- കുനിയിൽക്കുളത്തിലെ വെള്ളം കൃഷിക്ക് ഉപയുക്തമാക്കണം
- ഫീൽഡ് ബോത്തിയിലൂടെ ജലസേചനസൗകര്യമുണ്ടാക്കണം
- കൊടശ്ശേരിയിൽ അവസാനിക്കുന്ന കനാൽ അടുവാട്ടേക്ക് നീട്ടി ആ പ്രദേശത്തും തോരായി, വേളൂർ ഭാഗങ്ങളിലേക്ക് നീട്ടി അവിടങ്ങളിലും ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കണം.
- കനാലിലെ വെള്ളം പാഴായിപ്പോകുന്നത് തടയണം
- ഉയർന്ന പ്രദേശങ്ങളിൽ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള കുളങ്ങളിലെ വെള്ളം അടിച്ചുകയറ്റി ജലസേചന സൗകര്യം ഉണ്ടാക്കണം.
- ചായാടത്ത് ഇല്ലത്ത് താഴെ, കൈതാൽത്താഴെ (വാർഡ് 7) ചെർപ്പുളിയേരിയിൽക്കൂടി കടന്നുപോകുന്ന തോടിന്റെ രണ്ടുവശവും കെട്ടി കൃഷിക്ക് പ്രയോജനപ്പെടുത്തണം
- മൊടക്കല്ലൂർ ചായാടത്ത് പാറയിൽ നിലനില്പുള്ള ഫീൽഡ് ബോത്തി വശങ്ങൾ കോൺക്രീറ്റ് ചെയ്ത് വെള്ളമെത്തിക്കുക.
- നാറാത്ത്-കുമുള്ളി-കുന്നത്തറ കൈക്കനാൽ റിപ്പയർ ചെയ്യണം.
- ചാലൂർത്താഴെ പനക്കുറ കോമത്ത്താഴെ തോട് ആഴം കൂട്ടി ഇരുവശവും കരിങ്കല്ലുകൊണ്ട് കെട്ടി കൃഷിക്ക് ഉപയുക്തമാക്കണം.
- കണ്ണിപ്പൊയിൽ ഫീൽഡ് ബോത്തി പുനർനിർമ്മിക്കുക
- കുറ്റ്യാടി - കക്കോടി മെയിൻ കനാലിൽനിന്ന് കുളത്തൂരിലെ ഇരങ്ങത്ത് മീത്തൽനിന്ന് കോതങ്കലിലേക്ക് കൈക്കനാൽ പുതുതായി ഉണ്ടാക്കണം
- പണിക്കർകണ്ടിത്താഴെ തോട് ബണ്ടുകെട്ടി വെള്ളം പമ്പുചെയ്യണം.
- എല്ലാ വീടുകളിലും പച്ചക്കറിത്തോട്ടങ്ങൾ ആരംഭിക്കണം. ഇതിനാവശ്യമായ വിത്തും വളവും ലഭ്യമാക്കണം.
- നല്ലയിനം വിത്തുകൾ പഞ്ചായത്തിൽത്തന്നെ ഉല്പാദിപ്പിക്കാനുള്ള വിത്തുല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കണം. തെരഞ്ഞെടുത്ത നെൽപ്പാടങ്ങൾ, തെങ്ങിൻതോപ്പുകൾ, പച്ചക്കറിത്തോട്ടങ്ങൾ എന്നിവ വിത്തുല്പാദനകേന്ദ്രങ്ങളാക്കുക
- തെങ്ങിൻതോപ്പുകളിൽ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുക.
- എല്ലാ വാർഡുകളിലും മാസത്തിലൊരിക്കൽ കർഷകസംഗമങ്ങൾ സംഘടിപ്പിക്കുകയും കാർഷികപ്രശ്നങ്ങൾ ചർച്ചചെയ്യുകയും വേണം.
- മൊബൈൽ മണ്ണുപരിശോധനായൂണിറ്റ് ഏർപ്പെടുത്തുക
- കാർഷികോൽപ്പാദനവിപണനത്തിനായി ആഴ്ചച്ചന്തകൾ തുടങ്ങുക
- പ്രകൃതിക്ഷോഭം മൂലം നഷ്ടം വരുന്ന കർഷകർക്ക് ദുരിതാശ്വാസനടപടികൾ കൈക്കൊള്ളണം
- നെൽകൃഷി മെച്ചപ്പെടുത്താൻ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തണം
- കൂൺകൃഷി ആരംഭിക്കണം
- എലിശല്യം പൂർണമായും തടയണം.

## സാധ്യതകൾ

- പച്ചക്കറി-പുഷ്പകൃഷികൾക്ക് 55-ഓളം ഗ്രൂപ്പ് ഫാമിംഗ് യൂനിറ്റ് തുടങ്ങാം
- വീടുകളിലെ അവശിഷ്ടങ്ങൾ പ്രയോജനപ്പെടുത്തി കമ്പോസ്റ്റ്‌വളം നിർമ്മിക്കാം
- കോൺക്രീറ്റ്-കല്ലുമതിലുകൾക്ക് പകരം ജൈവവേലികൾ നിർമ്മിക്കാം. ശീമക്കൊന്ന, പോൻഗാമിയ എന്നിവ ഈ വേലിക്കായി ഉപയോഗിക്കാം. കനാൽ പുറമ്പോക്കിലും മറ്റും ഈ വേലി നിർമിക്കാം.
- പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ ലഭ്യമായ ചകിരിച്ചോറ് ജൈവസാങ്കേതികവിദ്യ ഉപയോഗിച്ച് ജൈവവളമാക്കി മാറ്റാം.





# മൃഗസംരക്ഷണം

കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല. നമ്മുടെ പഞ്ചായത്തിൽ ഈ മേഖലയിൽ വേണ്ടത്ര മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടുത്തെ പ്രധാന വളർത്തുമൃഗങ്ങൾ ആട്, പശു എന്നിവയാണ്. ഇതിൽ 65% സങ്കരയിനം പശുക്കളും ബാക്കി നാടൻ പശുക്കളുമാണ്. പ്രധാന വളർത്തുപക്ഷി കോഴിയാണ്. നാടൻ കോഴികളും സങ്കരയിനത്തിൽപ്പെട്ട ലഗോൺ, ബ്രോയ്ലർ എന്നിവയും ഇതിൽപ്പെടുന്നു.

### വളർത്തുമൃഗങ്ങൾ

| കാള | | പശു | | | | എരുമ | ആട് | പട്ടി |
|---|---|---|---|---|---|---|---|---|
| നാടൻ | സങ്കരം | നാടൻ | | സങ്കരം | | | | |
| | | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | | | |
| 60 | 4 | 436 | 205 | 690 | 230 | 5 | 1500 | 1200 |

അഞ്ചാം വാർഡിലും ഏഴാം വാർഡിലും ഓരോ പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നു. കർഷകർ പൊതുവെ കാലിത്തീറ്റ വിലകൊടുത്തു വാങ്ങുകയാണ്. മേച്ചിൽപ്പുറങ്ങളുടെ അഭാവം ഈ രംഗത്ത് പ്രകടമാണ്. നേരത്തെ പച്ചപ്പുല്ല് ലഭ്യമായിരുന്ന വയലുകൾ കാർഷികേതരാവശ്യങ്ങൾക്കായി നികത്തപ്പെട്ടത് കാലിത്തീറ്റയുടെ ലഭ്യതയ്ക്ക് വിഘാതമായി. വൈക്കോൽ മറ്റു പ്രദേശങ്ങളിൽനിന്നും കൊണ്ടുവരികയാണ്. പണ്ടത്തേതിൽനിന്നും വ്യത്യസ്തമായി മൃഗഡോക്ടറുടെ സേവനം കന്നുകാലി പരിപാലനരംഗത്ത് ഏറെ പ്രയോജനപ്പെടുത്തുന്നുണ്ട്. പ്രത്യുല്പാദനരംഗത്ത് ഇക്കാര്യം ഏറെ പ്രകടമാണ്.

### കൃത്രിമബീജസങ്കലനവിവരങ്ങൾ

| വളർത്തുമൃഗങ്ങൾ | ആകെ | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് ഒന്നിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1126 | 730 | 20 |
| കിടാരി | 435 | 230 | 10 |

പഞ്ചായത്തിലെ 80% വീടുകളിലും കോഴിവളർത്തൽ ഉണ്ട്. 3,7,9 വാർഡുകളിൽ ഇറച്ചിക്കോഴി വളർത്തുകേന്ദ്രങ്ങൾ ഉണ്ട്. നാടൻകോഴികൾക്കും നാടൻ കോഴിമുട്ടക്കും ദൗർലഭ്യം നേരിടുന്നു. കോഴിവസന്ത പോലുള്ള രോഗങ്ങൾ ഈ രംഗത്തെ ഗൗരവമുള്ള പ്രശ്നമാണ്.

### വളർത്തുപക്ഷിസംഖ്യ

| പൂവൻകോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|
| | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ |
| 2500 | 6000 | 3500 | 20 | 80 |

ദരിദ്രരുടെ പശു എന്നറിയപ്പെടുന്ന ആട് ഇടത്തരം, പാവപ്പെട്ട കുടുംബങ്ങളിൽ ഏറെയുണ്ട്. ആടു വളർത്തൽ ലാഭകരമായ ഒരു തൊഴിലാണ്. തൊഴിൽരഹിതരായ വീട്ടമ്മമാരുടെ പ്രധാനവരുമാനമാർഗമാണ് ആടുവളർത്തൽ. ആട്ടിറച്ചിയുടെ വില അതിന്റെ ഗുണമേന്മയും ദൗർലഭ്യവുംകൊണ്ട് അടിക്കടി കയറിക്കൊണ്ടിരിക്കുന്നു. ഇത് ആടുവളർത്തുകാർക്ക് അനുഗ്രഹമാണ്.

വളർത്തുമൃഗങ്ങൾക്ക് പിടിപെടുന്ന രോഗങ്ങൾ ഈ രംഗത്തെ പ്രധാനഭീഷണിയാണ്. മൃഗങ്ങളെ സംബന്ധിക്കുന്ന രോഗവിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനമ്പർ | രോഗങ്ങൾ | പശു | ആട് | കോഴി | പന്നി | മുയൽ |
|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 550 | 230 | 945 | 5 | 6 |
| 2. | ശ്വാസകോശസംബന്ധം | 125 | 75 | 520 | | |
| 3. | ഉപാപചയസംബന്ധം | 70 | 20 | | | |
| 4. | ത്വക്ക് രോഗങ്ങൾ | 150 | 60 | | | |
| 5. | അപര്യാപ്തതാരോഗങ്ങൾ | 200 | 75 | | | |
| 6. | പരാദരോഗങ്ങൾ | 750 | 200 | 800 | 20 | |
| 7. | പ്രത്യുല്പാദനവ്യവസ്ഥ | | | | | |
| | യുമായി ബന്ധപ്പെട്ടവ | 225 | 75 | | | |
| 8. | വന്ധ്യത | 3 | 1 | | | |
| 9. | അകിടുവീക്കം | 125 | 75 | | | |
| 10. | മുടന്തൻപനി | 60 | | | | |

## മൃഗസംരക്ഷണരംഗത്തെ പ്രശ്നങ്ങൾ

കാർഷികേതരാവശ്യങ്ങൾക്കും ദീർഘകാലവിളകൾക്കുമായി വയലുകൾ നികത്തപ്പെട്ടത് തീറ്റപ്പുൽക്ഷാമത്തിന് കാരണമായി.

കാലിത്തീറ്റകളുടെ വിലക്കയറ്റം

പാൽവിപണനകേന്ദ്രമില്ലായ്മ

പാലിന്റെ വിലക്കുറവ്

മൃഗഡോക്ടർമാരുടെ സേവനം ആവശ്യത്തിന് ലഭിക്കായ്മ

വളർത്തുമൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ

ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിച്ച് കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യമാക്കണം. പാൽവിപണനസൗകര്യം വർദ്ധിപ്പിക്കണം. കൂടുതൽ ബീജദാന ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക; സബ്സെന്റർ പ്രവർത്തനം കാര്യക്ഷമമാക്കുക. പ്രത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ക്ഷീരവികസനസഹകരണസംഘങ്ങളിലൂടെ മിതമായ വിലയ്ക്ക് വിതരണം ചെയ്യുക. തീറ്റപ്പുൽവിത്ത് സഹകരണസംഘത്തിലൂടെ വിതരണം ചെയ്യണം. ക്ഷീരകർഷകർ ഡോക്ടറുടെ സാന്നിദ്ധ്യത്തിൽ മാസത്തിലൊരിക്കലെങ്കിലും ഒത്തുകൂടി ഈ രംഗത്തെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും സാധ്യതകളും ചർച്ചചെയ്യണം. കന്നുകുട്ടിപരിപാലനപദ്ധതിയിൽ നമ്മുടെ പഞ്ചായത്തിനെ ഉൾപ്പെടുത്തണം. മൃഗഡോക്ടറുടെ സേവനം ആവശ്യമായ സമയത്ത് പഞ്ചായത്തിന്റെ എല്ലാഭാഗത്തും ലഭ്യമാക്കുന്നതിന് സാഹചര്യമൊരുക്കണം. വികേന്ദ്രീകൃതമായ കോഴിവളർത്തലും കേന്ദ്രീകൃതമായ വിപണന സൗകര്യവുമുണ്ടാക്കണം. കോഴിത്തീറ്റ മിതമായ നിരക്കിൽ ലഭ്യമാക്കണം. വൈക്കോൽ പോഷകസമൃദ്ധമാക്കുന്നതിനുള്ള സാങ്കേതികവിദ്യ കർഷകർക്ക് ലഭ്യമാക്കണം.

കോഴിവളർത്തൽ തുടങ്ങുന്നതിനാവശ്യമായ സഹായം ലഭ്യമാക്കണം.

ഏഴാംവാർഡിൽ ഒന്നും എട്ടാംവാർഡിൽ രണ്ടും ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ട്. ഇത് വ്യാപകമാക്കാവുന്നതാണ്.

മൂന്നാം വാർഡിലും പത്താംവാർഡിലും ഓരോ കർഷകർ പുല്ല് വളർത്തുന്നുണ്ട്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തണം.

കോഴിവളർത്തലിന് പഞ്ചായത്തിൽ ഏറെ സാധ്യതകൾ ഉണ്ട്. കുടിൽ വ്യവസായമായി ഇത് മാറ്റാവുന്നതാണ്.

ആടുവളർത്തൽ, തേനീച്ചവളർത്തൽ, മുയൽ വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം.

പന്നിവളർത്തലിന് സാധ്യതയുണ്ട്.

നായ്ക്കളെ വളർത്തലിന് നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കണം. പേപ്പട്ടിശല്യം ഇല്ലാതാക്കണം. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ പിടിച്ചുനശിപ്പിക്കുന്നതിന് വിദഗ്ധരെ കിട്ടാനില്ലാത്ത അവസ്ഥയുണ്ട്. നായ്പിടിത്തത്തിന് യുവാക്കളെ പരിശീലിപ്പിക്കണം.



# മത്സ്യബന്ധനം

നമ്മുടെ ഭക്ഷണത്തിലെ ഒരു പ്രധാനയിനമാണല്ലോ മത്സ്യം. പോഷകസമൃദ്ധമായ മത്സ്യത്തിന്റെ കൂടിയ ഉപയോഗം നമ്മുടെ ആരോഗ്യസംരക്ഷണത്തിന് ഏറെ സഹായകമാണ്.

9.5 കി.മീറ്റർ നീളത്തിൽ പരന്നുകിടക്കുന്ന പുഴയോരപ്രദേശമുള്ള അത്തോളിപഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യതൊഴിലുകളിലൊന്ന് മത്സ്യബന്ധനമായിരുന്നു. എന്നാലിന്നതിന് മാറ്റം വന്നിരിക്കുന്നു. ഇതിനുള്ള കാരണം പലതാണ്.

മുമ്പു കുളങ്ങളിലും തോടുകളിലും വയലുകളിലും ധാരാളമായി ലഭ്യമായിരുന്ന വരാൽ, മുഴു, കടു, കടുങ്ങാലി എന്നിവ ഇപ്പോൾ വിരളമായിക്കൊണ്ടിരിക്കുന്നു. മത്സ്യകൃഷിക്ക് അനുയോജ്യമായി നമ്മുടെ പുഴകളിൽ ചെമ്മീൻ, കരിമീൻ, മാലാൻ, ഞണ്ട് തുടങ്ങിയവ ലഭ്യമാണ്. വേറെ വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ നമ്മുടെ പുഴയിൽ സുലഭമാണ്. ഞണ്ടിനും ഇപ്പോൾ നല്ല മാർക്കറ്റുണ്ട്. 'ഞണ്ടുകറിയുണ്ടെങ്കിൽ രണ്ടുകറിവേണ്ട' എന്നാണല്ലോ ചൊല്ല്.

കക്കവിഭാഗത്തിൽപ്പെട്ട മുരിങ്ങ (മുരു, Edible oyster) ദുർബലമാണെങ്കിലും കണ്ടുവരുന്നു. ഈയിനത്തിൽത്തന്നെ പെട്ട എരുന്ത് ഭക്ഷ്യയോഗ്യമായ ഒരു വിഭവമാണ്. ചില കാലങ്ങളിൽ ഇത് ധാരാളമായി ലഭിക്കുന്നുണ്ട്. മത്സ്യങ്ങൾ പൊതുവെ പ്രജനനം നടത്തുന്നത് ജൂൺ ജൂലായ് മാസങ്ങളിലാണ്. ഈ പഞ്ചായത്തിൽ ആകെ 247 മത്സ്യത്തൊഴിലാളികളുണ്ട്. ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കൊങ്ങന്നൂരിൽ ഒരു സൊസൈറ്റി നിലവിലുണ്ടായിരുന്നു. ഇതിപ്പോൾ പ്രവർത്തിക്കുന്നില്ല. ഏഴാം വാർഡിൽ ശുദ്ധജലമത്സ്യകൃഷി നടക്കുന്നുണ്ട്.

## മത്സ്യവിഭവരംഗത്തെ പ്രശ്നങ്ങൾ

- നമ്മുടെ പുഴയിലെ മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്നു.
- കീടനാശിനിപ്രയോഗം, രാസവളപ്രയോഗം എന്നിവ മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുന്നു.
- രാസവളപ്രയോഗം പായലുകൾ വളരുന്നതിന് കാരണമാകുന്നു. ഈ പായലുകളാകട്ടെ ശുദ്ധജലമത്സ്യത്തെ ദോഷകരമായി ബാധിക്കുന്നു.
- അരിപ്പവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം ഗുരുതരമായ പ്രശ്നമാണ്. ഇത് മത്സ്യക്കുഞ്ഞുങ്ങളെയും മുട്ടകളേയും പാടെ നശിപ്പിക്കുന്നു.
- മത്സ്യത്തൊഴിലാളികൾ പൊതുവെ ദരിദ്രരാണ്.
- മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല.
- മത്സ്യബന്ധനതൊഴിലാളികൾക്ക് മത്സ്യത്തിന് ന്യായവില ലഭിക്കുന്നില്ല.
- പുഴയോരത്ത് മത്സ്യം കേടുകൂടാതെ സംരക്ഷിക്കാനുള്ള സംവിധാനമില്ല.
- മത്സ്യഫെഡ് പോലുള്ള സ്ഥാപനങ്ങളുടെ സേവനത്തെപ്പറ്റി മത്സ്യത്തൊഴിലാളികൾക്ക് വ്യക്തമായ ധാരണയില്ല. ആയതിനാൽ അത് പ്രയോജനപ്പെടുത്തുന്നില്ല.

## നിർദ്ദേശങ്ങൾ

- അരിപ്പവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം അടിയന്തരമായി നിരോധിക്കണം.
- ശുദ്ധജലമത്സ്യകൃഷി നടത്തുന്നതിന് മത്സ്യക്കുഞ്ഞു

ങ്ങളും ചെമ്മീൻകുഞ്ഞുങ്ങളും സൗജന്യമായി വിതരണം ചെയ്യണം.

- ❑ മത്സ്യക്കുഞ്ഞ്-ചെമ്മീൻകുഞ്ഞ് ഉല്പാദനകേന്ദ്രങ്ങൾ ആരംഭിക്കണം.
- ❑ ദരിദ്രരായ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങാൻ സാമ്പത്തികസഹായം നൽകണം.
- ❑ മത്സ്യത്തൊഴിലാളി സഹകരണസംഘം സ്ഥാപിക്കണം.
- ❑ മത്സ്യസംഭരണകേന്ദ്രം സ്ഥാപിക്കണം.
- ❑ മത്സ്യവിപണനസൗകര്യം മെച്ചപ്പെടുത്തണം.

## സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ 2, 4, 5, 6, 9 വാർഡുകളിൽ ചെമ്മീൻകൃഷിക്ക് സാധ്യതയുണ്ട്.

ഇവിടെയുള്ള തോടുകളും കുളങ്ങളും ശുദ്ധജലമത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

4, 5 വാർഡുകളിൽ നെൽ-ചെമ്മീൻ കൃഷിക്ക് സാധ്യതയുണ്ട്. 5-ാം വാർഡിലെ തോരായി പ്രദേശത്ത് മുന്നിടത്ത് കെട്ടുകൾ നിർമ്മിച്ച് മത്സ്യകൃഷിയും ചെമ്മീൻകൃഷിയും നടത്താവുന്നതാണ്.

4, 5 വാർഡുകളിൽ ഞണ്ടുകൃഷി തുടങ്ങാൻ സാധ്യതയുണ്ട്.

കക്കവിഭാഗത്തിൽപ്പെട്ട മുരിങ്ങ (മുരു Edible Oyster) ഏറെ ഡിമാന്റുള്ള ഒന്നായതിനാൽ ഇത് വളർത്താൻ ശ്രമിക്കാവുന്നതാണ്.

കല്ലുമ്മക്കായ (കടുക്ക) കൃഷി തുടങ്ങാവുന്നതാണ്.

മത്സ്യം-ചെമ്മീൻ-ഞണ്ടുവിത്തുല്പാദനകേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്.

തൊഴിൽ-സാമ്പത്തിക-ഭക്ഷണ-ആരോഗ്യരംഗത്ത് ഏറെ പ്രയോജനകരമായ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയുന്ന എല്ലാ സാധ്യതകളും വിനിയോഗിക്കേണ്ടതാണ്.

നീർക്കെട്ടുമൂലം കൃഷിയോഗ്യമല്ലാതെ കിടക്കുന്ന വയലുകൾ മത്സ്യകൃഷികേന്ദ്രങ്ങളായി നടത്താവുന്നതാണ്.



# വ്യവസായം

വ്യാവസായികമായി പിന്നോക്കംനിൽക്കുന്ന ഒരു പഞ്ചായത്താണ് അത്തോളി. ആധുനികരംഗത്തെ കുന്നത്തറ ടെക്‌സ്റ്റൈൽസും പരമ്പരാഗതമേഖലയിലെ കയർ വ്യവസായയൂണിറ്റുകളുമാണ് പഞ്ചായത്തിലെ കാര്യമായ വ്യവസായസ്ഥാപനങ്ങൾ. കാലാനുസൃതമായി നേടേണ്ടിയിരുന്ന പരമ്പരാഗതമേഖലയിലെ ആധുനികവൽക്കരണത്തിന്റെ അഭാവം ഈ മേഖല തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. വ്യവസായരംഗത്ത് കൂടുതൽ മുതൽ മുടക്കുന്നതിനുപകരം വാണിജ്യരംഗത്ത് ചേക്കേറാനുള്ള പ്രവണതയാണ് ഈ പ്രദേശത്ത് കണ്ടുവരുന്നത്. ഇപ്പോൾ പഞ്ചായത്തിൽ വളർന്നുവരുന്ന വ്യവസായം ഹോളോബ്രിക്സ്, ഫർണിച്ചർ എന്നിവയാണ്. ഇന്ന് നിലവിലുള്ള മറ്റു വ്യവസായങ്ങൾ സോപ്പുനിർമ്മാണശാല, 3 ഈർച്ചമിൽ, 5 ഇൻഡസ്ട്രിയൽ, ഖാദി നൂൽനൂൽപുകേന്ദ്രം, ബാഗ് നിർമ്മാണം, കുമ്മായച്ചൂള, കവർനിർമാണം തുടങ്ങിയ ചെറുവ്യവസായയൂണിറ്റുകളാണ്.

## കുന്നത്തറ ടെക്‌സ്റ്റൈൽസ്

കോഴിക്കോട് ജില്ലയിലെ പ്രധാനവ്യവസായസ്ഥാപനങ്ങളിലൊന്നായ കുന്നത്തറ ടെക്‌സ്റ്റൈൽസ് ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. 1978-ലാണ് കമ്പനി തുറന്ന് പ്രവർത്തനമാരംഭിച്ചത്. തുടക്കത്തിൽ 600 പേർ 5,000 രൂപയുടെ ഷെയർ എടുത്തുകൊണ്ട് 'കുന്നത്തറ ഇൻവെസ്റ്റ്മെന്റ് കമ്പനി' എന്ന പേരിൽ പന്ത്രണ്ടര ഏക്കർ സ്ഥലം കണ്ടെത്തി പ്രവർത്തനം ആരംഭിച്ചപ്പോൾ IDBI, ISCI തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നായി ഒരു കോടി രൂപയും കൂടാതെ KSIDC, KFC തുടങ്ങിയ കേരള സർക്കാർ സ്ഥാപനങ്ങളും ഷെയർ എടുത്ത് കമ്പനിയെ മുന്നോട്ട് നയിക്കുന്നതിനുവേണ്ടി രംഗത്തുവന്നിരുന്നു. എന്നാൽ 1978-ൽ തുറന്ന് പ്രവർത്തനം ആരംഭിച്ച കമ്പനി ഏറിയ കാലവും അടഞ്ഞുകിടക്കുകയായിരുന്നു. 1987-91 കാലഘട്ടത്തിലാണ് കമ്പനിയുടെ ഉല്പാദനക്ഷമതയിൽ വളരെയധികം മാറ്റമുണ്ടായതെന്ന് കണ്ടെത്താൻ സാധിക്കും. ഈ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് മാന്യമായ വേതനം ലഭ്യമായിട്ടുണ്ട്.

വൈദ്യുതിയുടെ ദൗർലഭ്യം ഈ കമ്പനിയുടെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. കമ്പനികളുടെ മുഴുവൻ തറികളും പ്രവർത്തിക്കാനാവശ്യമായ വൈദ്യുതി ലഭിക്കാത്ത അവസ്ഥയുണ്ട്. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് കമ്പനിയുടെ പ്രവർത്തനത്തെ ബാധിച്ചിരുന്നു. ഇത് പരിഹരിക്കാൻ ഇതോടനുബന്ധിച്ച് ഒരു സ്പിന്നിംഗ് മിൽ തുടങ്ങിയാൽ സാമ്പത്തികനേട്ടത്തിനുപുറമേ നൂറോളം തൊഴിലാളികൾക്കു കൂടി തൊഴിൽ ലഭ്യമാകുന്നതുമാണ്. മാനേജ്മെന്റിന്റെ പിടിപ്പുകേടും മൂലധനത്തിന്റെ പോരായ്മയുമാണ് കമ്പനി മുന്നോട്ട് കൊണ്ടുപോകാൻ തടസ്സമെന്നും, കഴിഞ്ഞ കാലത്ത് കമ്പനിയിൽ നടന്നിട്ടുണ്ട് എന്നു പറയുന്ന പിടിപ്പുകേടുകളെപ്പറ്റി അന്വേഷണം വേണമെന്നും തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ഗ്രാമസഭകളിൽ അഭിപ്രായം ഉയർന്നുവന്നിരുന്നു. ഇപ്പോൾ കമ്പനി അടഞ്ഞുകിടക്കുകയാണ്.

## പ്രശ്നങ്ങൾ

- ആധുനികരംഗത്തെ വ്യവസായസ്ഥാപനമായ കുന്നത്തറ ടെക്‌സ്റ്റൈൽസ് ഇന്നുനേരിടുന്ന പ്രശ്നങ്ങൾ കാര്യക്ഷമതയില്ലാത്ത മാനേജ്മെന്റും ഊർജപ്രതിസന്ധിയുമാണ്. കൂടാതെ കമ്പനിയുടെ ഉല്പന്നമായ നൂൽ ഇവിടെത്തന്നെ ഉപയോഗിക്കാനുള്ള ഒരു സ്പിന്നിംഗ് മിൽ യൂണിറ്റും ഡൈ സെക്ഷനും ഇല്ലാത്തതും സ്ഥാപനത്തിന്റെ പ്രതിസന്ധിക്ക് കാരണമാണ്.
- പരമ്പരാഗതവ്യവസായമായ കയർമേഖലയിൽ തൊണ്ട് തല്ലുന്നതിനും കയർപിരിക്കുന്നതിനും തൊഴിലാളികളെ കിട്ടാത്ത അവസ്ഥയുണ്ട്.
- പരമ്പരാഗതവ്യവസായരംഗത്തെ വേതനമാന്ദ്യം തൊഴിലാകളെ മറ്റു മേഖലകളിലേക്ക് ആകർഷിക്കാൻ ഇടയാക്കുന്നു.
- വ്യവസായവുമായി ബന്ധപ്പെട്ട വിപണനകേന്ദ്രമില്ലായ്മ

- വ്യവസായയൂണിറ്റ് തുടങ്ങുന്നതിന് ലൈസൻസ് ലഭിക്കാൻ താമസം നേരിടുന്നു.
- പുതിയ വ്യവസായസംരംഭത്തിന് സാമ്പത്തികസഹായം യഥാസമയം ലഭിക്കുന്നില്ല.
- അസംസ്കൃതവസ്തുക്കൾ വേണ്ടത്ര കിട്ടാനില്ല.

## സാധ്യതകളും നിർദേശങ്ങളും

- ആധുനികവ്യവസായരംഗത്തെ കുന്നത്തറ ടെക്സ്റ്റൈൽസ് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കമ്പനിയുടെ ഉല്പന്നമായ നൂൽ ഇവിടെത്തന്നെ ഉപയോഗിക്കാനുള്ള ഒരു സ്പിന്നിംഗ് യൂണിറ്റും ഡൈ സെക്ഷനും സ്വന്തമായി ഒരു ജനറേറ്ററും കമ്പനിയോട് ചേർന്ന് പത്രണ്ടര ഏക്കർ സ്ഥലത്ത് സ്ഥാപിക്കുക.
- തയ്യലിൽ പരിശീലനം നേടിയ ഏറെ വനിതകളുള്ള ഈ പഞ്ചായത്തിൽ റെഡിമെയ്ഡ് രംഗത്തൊരു മദർസ്ഥാപനം തുടങ്ങുകയും മാറിവരുന്ന ഡിസൈനിംഗിൽ കാലാകാലം പരിശീലനം നൽകുകയും ഇതിന്റെ കീഴിൽ പീസ് വർക്കായി വാർഡുകളിൽ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ റെഡിമെയ്ഡ് സെന്റർ സ്ഥാപിക്കുകയും വേണം.
- നോട്ടുബുക്ക്, മെഴുകുതിരി എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും ധനസഹായവും നൽകുക.
- കേരളാ സോപ്പ് - സോപ്പ് നിർമ്മാണത്തിനാവശ്യമായ സോപ്പ് ബെയ്സ് നിർമ്മിച്ച് പഞ്ചായത്തിലെ ചെറുചെറുയൂണിറ്റുകൾക്ക് എത്തിച്ചുനൽകണം. ഈ യൂണിറ്റുകൾ സോപ്പ് നിർമ്മിക്കുകയും അതിന്റെ കവറിംഗ് നടത്തുകയും വേണം. മാതൃയൂണിറ്റായ കേരളാസോപ്പ് വിപണനരംഗത്തെ മത്സരം നേരിടുന്നതിനാവശ്യമായ പരസ്യപ്രചാരണവും പുതിയപുതിയ ഉല്പന്നങ്ങൾക്കുവേണ്ടിയുള്ള ഗവേഷണവും നിർവഹിക്കുന്നതിന് കൂടുതൽ പ്രാധാന്യം കൊടുക്കണം.
- ക്ഷീരസഹകരണസംഘത്തിന്കീഴിൽ പഞ്ചായത്തിൽ ക്ഷീരസംസ്കരണയൂണിറ്റ് ആരംഭിക്കണം - ആവശ്യമായ പരിശീലനം നൽകണം.
- പഞ്ചായത്തിൽ ഫുഡ് പ്രൊസ്സസ്സിംഗ് യൂണിറ്റ് തുടങ്ങുക.
- പേപ്പർ ബാഗ്, മെഡിസിൻ കവർ, ഫർണിച്ചർ എന്നിവ തുടങ്ങുന്നതിന് ആവശ്യമായ ധനസഹായം നൽകുക.
- പരമ്പരാഗതവ്യവസായമേഖലയിൽ തൊണ്ടുതല്ലുന്നതിനും കയർ പിരിക്കുന്നതിനും ആവശ്യമായ യന്ത്രോപകരണങ്ങൾ സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യണം.
- കയർമേഖലയിൽ വിവിധഉല്പന്നങ്ങൾ നിർമിക്കുന്നതിനാവശ്യമായ ഫാക്ടറി സ്ഥാപിക്കണം. ഫൈനൽ പ്രൊഡക്ട് നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതികപരിശീലനം നൽകുക
- വെള്ളൂർ എടക്കര കയർ സഹകരണസംഘത്തിനുകീഴിൽ സർക്കാർ തൊഴിൽ പരിശീലനത്തിന് പത്തു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുപയോഗപ്പെടുത്താനുള്ള സംവിധാനം ഉടനെ നടപ്പാക്കുക.
- ഔട്ട് വാട്ടർ പ്രൊഡക്ഷൻ സിസ്റ്റം (OPS) അനുസരിച്ച് ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുക
- തീപ്പെട്ടിനിർമ്മാണശാല ആരംഭിക്കുക
- അവൽ നിർമ്മാണത്തിനാവശ്യമായ ധനസഹായം നൽകുക.
- ചകിരിച്ചോറിൽനിന്നും ജൈവവളം, ഇന്ധനം എന്നിവ നിർമ്മിക്കുന്ന വ്യവസായയൂണിറ്റ് ആരംഭിക്കുക.
- സ്ത്രീകൾക്ക് തൊഴിലവസരം ലഭിക്കുന്നതിനായി അലങ്കാരവസ്തുക്കൾ, കൊട്ട, പനമ്പുപയോഗിച്ചുള്ള പായ, റബ്ബർപാള മുതലായവ നിർമ്മിക്കുന്നതിനുള്ള വ്യവസായങ്ങൾക്ക് രൂപം നൽകുക.
- പഞ്ചായത്തിൽ ഒരു ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായയൂണിറ്റ് ആരംഭിക്കുക.
- വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് സഹകരണസംഘങ്ങളുടെ കീഴിൽ ഹോളോ ബ്രിക്സ് വ്യവസായം ആരംഭിക്കുക
- എലിയോട് മലയിലെ ഇരുമ്പ്ഖനന വ്യവസായം വൈകാതെ നടപ്പിലാക്കുക.
- ചെരുപ്പ് നിർമ്മാണശാല ആരംഭിക്കുക
- നാളികേരത്തിൽ നിന്നും വിവിധതരം പ്രൊഡക്ടുകൾ ഉണ്ടാക്കുന്ന ഒരു വ്യവസായയൂണിറ്റ് ആരംഭിക്കുക
- സോഡ നിർമ്മാണയൂണിറ്റ് തുടങ്ങുക
- നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യയും ധനസഹായവും നൽകുക.
- പുഴയോര പ്രദേശമായ പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന കക്ക ഉപയോഗിച്ച് അഞ്ചാം വാർഡിൽ ഒരു കക്ക വ്യവസായ യൂണിറ്റ് ആരംഭിക്കുക.
- ഫിഷ് പ്രോസസിംഗ് യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
- നൂൽനൂൽപ്പ് കേന്ദ്രം ആരംഭിക്കുക.
- അടക്ക സംസ്കരണയൂണിറ്റ് ആരംഭിക്കുക



# വിദ്യാഭ്യാസം



50 വർഷങ്ങൾക്കു മുൻപുതന്നെ പിന്നോക്കവിഭാഗത്തിൽപ്പെട്ടവരടക്കം ധാരാളം പേർ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള പ്രദേശമാണ് അത്തോളി. കുനിയിൽ പുഴയും പുറക്കാട്ടിരിപുഴയും പ്രതിബന്ധമാണെങ്കിൽ പോലും തൊട്ടടുത്ത കോഴിക്കോട് നഗരത്തിലും കൊയിലാണ്ടിയിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ഇവിടുത്തുകാർ പ്രധാനമായും ആശ്രയിക്കുന്നത്. 1914 ലാണ് ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയമായ മൊടക്കല്ലൂർ എൽ.പി. സ്ക്കൂൾ ആരംഭിച്ചത്. അധികം വൈകാതെ അത്തോളി എലിമെന്ററി സ്ക്കൂളും വേളൂർ മാപ്പിളസ്ക്കൂളും നിലവിൽവന്നു. ഇവ ഇന്ന് യഥാക്രമം മൊടക്കല്ലൂർ എ.യു.പി. സ്ക്കൂൾ. ഗവ: വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂൾ, അത്തോളി, ജി. എം.യു.പി. സ്ക്കൂൾ വേളൂർ, ഗവ: വെൽഫേർ സ്ക്കൂൾ, കൊളക്കാട് എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. അതിനുശേഷമാണ് ഇന്നുള്ള മറ്റ് വിദ്യാലയങ്ങൾ നിലവിൽ വന്നത്.

ഇപ്പോൾ ഒരു വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂളും 3 യു.പി. സ്ക്കൂളും 7 എൽ.പി.സ്ക്കൂളുകളുമാണുള്ളത്. സർക്കാർ മേഖലകളിൽ 4 സ്ക്കൂളുകളും സ്വകാര്യമേഖലയിൽ 7 സ്ക്കൂളുകളും ഉണ്ട്. ഒരു മലയാളം മീഡിയം അടക്കം 6 നഴ്സറികൾ സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുന്നു. ഇതിനു പുറമേ 4 പാരലൽ കോളേജുകളും 2 ജനവിദ്യാകേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്. സാങ്കേതിക വിദ്യഭ്യാസ സ്ഥാപനങ്ങൾക്കായി 4 സ്വകാര്യ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, സർക്കാർ മേഖലകളിൽ ഹൈസ്ക്കൂളിനോടനുബന്ധിച്ച് ഒരു കമ്പ്യൂട്ടർ ട്രെനിംഗ് സെന്ററും ഉണ്ട്.

സർക്കാർ സ്ക്കൂളുകളിൽ ആകെ 3109 വിദ്യാർത്ഥികളും 101 അദ്ധ്യാപകരും ഉണ്ട്. എയിഡഡ് മേഖലയിൽ 1630 കുട്ടികളും 72 അദ്ധ്യാപകരും ആണുള്ളത്. വിദ്യാർത്ഥികളിൽ 2388 പേർ ആൺകുട്ടികളാണ്, 2351 പേർ പെൺകുട്ടികളും. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം പെൺകുട്ടികൾ എണ്ണത്തിൽ ആൺകുട്ടികളേക്കാൾ കുറവാണ്. സംസ്ഥാന ശരാശരിയിൽ നിന്നും വ്യത്യസ്തമായ ഒരു ചിത്രമാണിത്. അധ്യാപകരിൽ 90 പേർ പുരുഷന്മാരും 83 പേർ സ്ത്രീകളുമാണ്. വിദ്യാർത്ഥികൾ കുറഞ്ഞതു കാരണം ഈ അദ്ധ്യായനവർഷത്തിൽ രണ്ടുസ്ക്കൂളുകളിൽ പോസ്റ്റ് നഷ്ടപ്പെട്ടിട്ടുണ്ട്. മൊടക്കല്ലൂർ എ.യു.പി. സ്ക്കൂളിൽ രണ്ടും അത്തോളി ഗവ: എൽ.പി.സ്ക്കൂളിൽ ഒന്നും. വിശദവിവരം പട്ടിക 1,2 നോക്കുക.

മിക്ക സ്ക്കൂളുകളിലും ഭൗതിക സാഹചര്യങ്ങളുടെ അഭാവം പ്രകടമായി കാണുന്നു. അതുകൊണ്ടുതന്നെ ചില പ്രദേശത്തെ കുട്ടികൾ അകലെയുള്ള മറ്റു വിദ്യാലയങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയും ഉണ്ട്. കെട്ടിടത്തിന്റെ ശോച്യാവസ്ഥയും പ്രാഥമിക സൗകര്യങ്ങൾക്കുള്ള അപര്യാപ്തതയും ചില വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഗ്രാമസഭയിൽ ശക്തമായ വിമർശനത്തിനിടയായിട്ടുണ്ട്. ഈ അവസ്ഥ വിദ്യാലയങ്ങളുടെ പഠന നിലവാരത്തേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

കെട്ടിടത്തിന്റെ കുറവ് അനുഭവപ്പെടുന്ന മൂന്ന് വിദ്യാലയങ്ങളാണുള്ളത്. മൂന്നും സർക്കാർ മേഖലയിൽ. അത്തോളി ഗവ: യു.പി. സ്ക്കൂൾ, ഗവ: വെൽഫേർ സ്ക്കൂൾ, കൊളക്കാടും ആണ് അവ. ഇതിൽ വെൽഫേർ സ്ക്കൂൾ ഏറ്റവും പഴയ സ്ക്കൂളിൽ ഒന്ന് ആണെങ്കിലും ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വേളൂർ ഗവ: മാപ്പിള സ്ക്കൂളിന് കെട്ടിടം പുതുതായി നിർമ്മിക്കാനുള്ള സ്ഥലവും ഇല്ല. 1012 കുട്ടികൾ പഠിക്കുന്ന പ്രസ്തുത സ്ക്കൂളിൽ കളിസ്ഥലം പോലും ഇല്ല. വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂളിനാവട്ടെ കെട്ടിടമില്ലാത്തതിനാൽ കുട്ടികളുണ്ടായിട്ടും പുതിയ പോസ്റ്റുകൾ അംഗീകരിച്ചു കിട്ടാത്ത അവസ്ഥയുണ്ട്. വൊക്കേഷൻ വിഭാഗത്തിൽ അനുവദിച്ച Domestic Nursing Course സ്ഥലപരിമിതിമൂലം ഇതുവരെ ആരംഭിച്ചിട്ടുമില്ല. പി.ടി.എ. യുടെ നേതൃത്വത്തിൽ 4 മുറികളുള്ള ഒരു കെട്ടിടം നിർമ്മിച്ചു തുടങ്ങിയിട്ടുണ്ട്. അതുകൊണ്ടും ആവശ്യം നിറവേറ്റപ്പെടുകയില്ലെങ്കിലും അല്പമാശ്വാസം

ഉണ്ടാകും. ഇതിന്റെ പൂർത്തീകരണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും സഹായം ലഭിക്കേണ്ടതുണ്ട്.

കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡസ്ക് ക്ലാസുകളിൽ മേശ, കസേര എന്നിവ ആവശ്യത്തിനുള്ളത് മൂന്നുസ്കൂളുകളിൽ മാത്രമാണ്. മറ്റ് 8 സ്കൂളുകളും ഇക്കാര്യത്തിൽ വളരെയേറെ വിഷമം അനുഭവിക്കുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കഴിഞ്ഞവർഷം വൊക്കേഷണൽ ഹയർ സെക്കന്ററിസ്കൂളുകളിലും വേളൂർ മാപ്പിള സ്കൂളിലും പരിമിതമായ തോതിൽ ഫർണീച്ചറുകൾ നിർമ്മിച്ചിരുന്നു. ഓഫീസുപകരണങ്ങൾ ഇപ്പോൾ ആവശ്യത്തിനുള്ളത് 3 സ്കൂളുകളിൽ മാത്രമാണ്. കുട്ടികളുടെ അഡ്മിഷൻ രജിസ്റ്റർ, അദ്ധ്യാപകരുടെ സർവ്വീസ് ബുക്കുകൾ തുടങ്ങിയ അടിസ്ഥാന രേഖകൾ സൂക്ഷിക്കാൻ പോലും ഉള്ള സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകളും ഈ കൂട്ടത്തിലുണ്ട്.

മൂത്രപ്പുരകളില്ലാത്ത 3 സ്കൂളുകളാണുള്ളത്. ആവശ്യത്തിന് മൂത്രപ്പുരകളുള്ള ഒരേയൊരു സ്കൂൾമാത്രമേ പഞ്ചായത്തിലുള്ളൂ. കക്കൂസില്ലാത്ത 5 സ്കൂളുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കുടിവെള്ള സൗകര്യമില്ലാത്ത 3 സ്കൂളുകൾ ഉണ്ട്. വൈദ്യുതിയില്ലാത്തവ അഞ്ചെണ്ണവും പാചകമുറിയില്ലാത്തവ 2 എണ്ണവുമാണ്. 4 സ്കൂളുകളിൽ മാത്രമേ സ്റ്റാഫ് റൂമുള്ളൂ. *വിശദവിവരം പട്ടിക 3ൽ കാണുക.*

സാമൂഹിക സാമ്പത്തികചുറ്റുപാടുകളുടെ അപര്യാപ്തത കാരണം ചെറിയ തോതിലുള്ള കൊഴിഞ്ഞുപോക്ക് സ്കൂളുകളിൽ കാണുന്നുണ്ട്. ഈ കുട്ടികളെ തിരിച്ചുകൊണ്ടുവരാനും അവരുടെ പഠനം തുടരാനുള്ള സാഹചര്യം ഒരുക്കാനുമുള്ള ബാധ്യത സമൂഹത്തിനു തന്നെയാണ്.

പഞ്ചായത്തിലെ ചിലഭാഗങ്ങളിൽ നിന്ന് സ്കൂളിലെത്തിച്ചേരാൻ കുട്ടികൾ ഒരു കി.മീ.ലധികം സഞ്ചരിക്കേണ്ടി വരുന്നുണ്ട്. സ്കൂളുകളില്ലാത്ത 3 വാർഡുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പട്ടിക 8 നോക്കുക

അധ്യാപക രക്ഷാകർതൃസമിതികൾ എല്ലാ സ്കൂളുകളിലും നിലവിലുണ്ട്. പ്രവർത്തിക്കുന്നവ ചുരുക്കം മാത്രം. എൽ.പി. സ്കൂളുകളിലൽ മിക്കതിലും പി.ടി.എ. പ്രവർത്തനം നിർജ്ജീവമാണ്. ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററിസ്കൂൾ, വേളൂർ മാപ്പിള സ്കൂൾ മൊടക്കല്ലൂർ എ.യു.പി. സ്കൂൾ, എന്നിവടങ്ങളിൽ പി.ടി.എ. ശക്തമാണ്. ഇവിടങ്ങളിൽ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിൽ അവർ മുഖ്യപങ്കുവഹിക്കുന്നുണ്ട്.

പഞ്ചായത്തിൽ വൊക്കേഷനൽ ഹയർസെക്കന്ററി സ്കൂളിലൊഴിച്ച് മറ്റെല്ലാ വിദ്യാലയങ്ങളിലും കുട്ടികൾ അടിക്കടി കുറഞ്ഞുവരുന്നു. ജനസംഖ്യാപ്രശ്നം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള ആഭിമുഖ്യം എന്നിവ ഈ പ്രവണതയുടെ മുഖ്യകാരണങ്ങളായി കണക്കാക്കാം. കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന്റെ ആകർഷണീയതയാണ് ഹൈസ്കൂൾ വിഭാഗത്തിൽ വിദ്യാർത്ഥികൾ വർദ്ധിക്കാനുണ്ടായ പ്രധാന കാരണം. എന്നാൽ ഇവരെ ഉൾക്കൊള്ളാനുള്ള സൗകര്യമില്ലാതെ വീർപ്പുമുട്ടുകയാണിവിടം.

S.S.L.C. വിജയശതമാനം ഇപ്പോൾ മോശമല്ലാത്ത അവസ്ഥയിൽ നിലനില്ക്കുന്നു. എങ്കിലും ഇക്കാര്യത്തിൽ ഇനിയും ഏറെ ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. *വിജയശതമാനം പട്ടിക 7*

അക്കാദമിക് സൗകര്യങ്ങൾ നേടിയെടുക്കുന്നതിലും വേണ്ടത്ര മുന്നോട്ടു പോകാൻ പഞ്ചായത്തിലെ സ്കൂളുകൾക്കായിട്ടില്ല. എൽ.പി. സ്കൂളുകൾ പലതിലും ഉള്ള ലൈബ്രറികൾ ഓപ്പറേഷൻ ബ്ലാക്ക് ബോർഡിന്റെ ഫലമായി കിട്ടിയ കിറ്റുകൾ ഉള്ള പുസ്തകങ്ങൾ മാത്രമടങ്ങുന്നതാണ്. ഇവപോലും സൂക്ഷിക്കാനുള്ള സൗകര്യമില്ലാതെ നശിച്ചുകൊണ്ടിരിക്കുന്നു. ലാബോറട്ടറി സൗകര്യം വളരെ പരിമിതം മാത്രം. മേപ്പ്, ചാർട്ട്, ഗ്ലോബ് തുടങ്ങിയ പഠനോപകരണങ്ങൾ ആവശ്യത്തിനുള്ളത് 3 സ്കൂളുകളിൽ മാത്രമാണ്. 2 സ്കൂളുകളിൽ റേഡിയോ ഇല്ല. ബ്ലാക്ക്ബോർഡ് മാത്രമാണ് മുഴുവൻ സ്കൂളുകളിലും ആവശ്യത്തിനുള്ളത്. *പട്ടിക 6 കാണുക.*

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന 1244 വിദ്യാർത്ഥികൾ പഞ്ചായത്തിലുണ്ട്. 955 പേർക്ക് ലംപ്സം ഗ്രാന്റ് ലഭിക്കുന്നു. 216 പേർക്ക് മുസ്ലീം ഗേൾസ് സ്കോളർഷിപ്പും വികലാംഗ വിദ്യാർത്ഥികൾക്കുള്ള സഹായം ലഭിക്കുന്ന 15 പേരും പഞ്ചായത്തിലുണ്ട്. സ്കോളർഷിപ്പ് പരീക്ഷ പാസായി പണം ലഭിക്കുന്നവർ 21 മാത്രമാണ് ഉള്ളത്. *പട്ടിക വിശദമായി 5ൽ*

ICDS ന്റെ നേതൃത്വത്തിലുള്ള അംഗൻവാടികളിൽ സ്വന്തമായി കെട്ടിടമോ ഭൂമിയോ ഇല്ലാത്തവയാണ് മിക്കതും. ഇംഗ്ലീഷ് മീഡിയം നേഴ്സറികൾ അംഗൻവാടികളിൽ കുട്ടികൾ എത്തുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമുള്ളത് 4 അംഗൻവാടികൾക്ക് മാത്രമാണ്. കെട്ടിടമില്ലെങ്കിലും സ്വന്തമായി സ്ഥലമുള്ളത് 2 എണ്ണത്തിനുമാത്രവും. കളിപ്പാട്ടങ്ങൾ ഉള്ളത് ഒരു അംഗൻവാടിയിൽ മാത്രം. പലതും താല്ക്കാലികമായി കെട്ടിയ ഓല ഷെഡ്ഡുകളാണ്. കുട്ടികളുടെ ഭക്ഷണപദാർത്ഥങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യം പോലും ഇവയിലില്ല. ഒഴിപ്പിക്കൽ ഭീഷണി നേരിടുന്നവയാണ് മിക്കതും. *പട്ടിക 4 കാണുക.*

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് വളരെയേറെ സംഭാവനകൾ നല്കിയിട്ടുള്ള വായനശാലകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ ഏറ്റവും പഴക്കമേറിയത് കൊങ്ങന്നൂരിൽ പ്രവർത്തിക്കുന്ന മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാലയാണ്. പഞ്ചായത്ത് ഗ്രന്ഥശാലയും വായനശാലയും ദേശീയ വായനശാല, പബ്ലിക് ലൈബ്രറി എന്നിവയും ഇക്കാര്യത്തിൽ സ്മരണീയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. ഇവയും കെട്ടിടത്തിന്റെയും മറ്റു സൗകര്യങ്ങളുടേയും അഭാവംമൂലം വിഷമം അനുഭവിക്കുകയാണ്. ഈ സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനമേഖല ഇനിയും വിപുലമാക്കേണ്ടതുണ്ട്.

സാക്ഷരകേരളം പദ്ധതി വളരെ ഫലപ്രദമായി നടത്തിയ ഒരു പഞ്ചായത്താണ് അത്തോളി. ജില്ലയിൽ തന്നെ ഈ പ്രവർത്തനത്തിൽ മുന്നിട്ടുനിന്ന ഒരു പഞ്ചായത്തായിരുന്നു ഇത്. ജില്ലയിൽ രണ്ടാമതായി സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം നടത്തിയത് അത്തോളിയാണ്. ഈ പ്രവർത്തനത്തിന്റെ തുടർപരിപാടികൾ നടക്കുന്നു. ഇവിടെയുള്ള രണ്ട് ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. മൊത്തം ജനസംഖ്യയിൽ 1.5% ഇന്നും നിരക്ഷരരായി തുടരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗത്തിലും ഇത്തരം ആളുകളുണ്ട്.

## പ്രശ്നങ്ങൾ

ഹൈസ്കൂൾ വിഭാഗത്തിലൊഴികെ മറ്റെല്ലാ വിദ്യാലങ്ങളിലും കുട്ടികൾ വർഷം തോറും കുറഞ്ഞുവരുന്നു. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അഭാവം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കെട്ടിടത്തിന്റെ അപര്യാപ്തതമൂലം അനുവദിക്കപ്പെട്ട വൊക്കേഷനൽ കോഴ്സ് ആരംഭിക്കാൻ കഴിയുന്നില്ല. സമീപവിദ്യാലയങ്ങളെ ഉപേക്ഷിച്ച് അകലേക്ക് കുട്ടികൾ വാഹനങ്ങളിൽ പോകുന്നത് വർദ്ധിച്ചു വരുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള താല്പര്യം ഏറി വരുന്നു. PTAയുടെ പ്രവർത്തനം മിക്ക സ്കൂളുകളിലും ഫലപ്രദമല്ല.

## നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ ആവശ്യത്തിന് വിദ്യാലയങ്ങൾ ഉണ്ടെങ്കിലും ചില പ്രദേശങ്ങളിൽ വിദ്യാലയങ്ങളിലെത്തിച്ചേരാൻ കുട്ടികൾ വളരെദൂരം സഞ്ചരിക്കേണ്ട സ്ഥിതിയുണ്ട്. സ്കൂളുകളില്ലാത്ത വാർഡുകളിൽ പ്രാഥമിക വിദ്യലയങ്ങളെങ്കിലും ആരംഭിക്കണം. അത്തോളി ഗവ: എൽ.പി. സ്കൂൾ യു.പി.യായി അപ്ഗ്രേഡ് ചെയ്യുകയും ഇതിന്റെ കീഴിൽ നേരത്തേയുണ്ടായിരുന്ന പ്രീ-പ്രൈമറി വിദ്യാലയം വീണ്ടും ആരംഭിക്കുകയും ചെയ്യണം.

PTA പ്രവർത്തനം ശക്തിപ്പെടുത്തി ഭൗതികസാഹചര്യങ്ങൾ ഒരുക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവണം. ഇതിനായി രക്ഷിതാക്കൾ കൂടെക്കൂടെ ശ്രദ്ധവെക്കേണ്ടതുണ്ട്. മാതൃസംഗമങ്ങൾ എല്ല വിദ്യാലയങ്ങളിലും ഫലപ്രദമായി നടത്തണം. ക്ലാസ്റും PTA കളും അഭികാമ്യമാണ്. വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്താൻ ഇവ സഹായിക്കും.

വൊക്കേഷനൽ ഹയർസെക്കന്ററി വിഭാഗത്തിൽ Teaching staff നെയും Technical stafനേയും സ്ഥിരമായി നിശ്ചയിക്കണം. ഇതേവരെ ഈ വിഭാഗത്തിന് സ്ഥിരം അധ്യാപകരില്ലാത്തതു കാരണം ഫലപ്രദമായി ഈ കോഴ്സുകൾ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ സ്കൂളിൽ പുതിയ കെട്ടിടം ഇനിയും ആവശ്യമാണ്. എങ്കിലേ ഇന്നനുവദിക്കപ്പെട്ട കോഴ്സ് തുടങ്ങാൻ സാധിക്കുകയുള്ളൂ. അതോടൊപ്പം ഭാവിയിൽ ഹയർ സെക്കന്ററി വിഭാഗം തുടങ്ങാനും കഴിയേണ്ടതുണ്ട്.

ഇന്ന് സഞ്ചരിക്കുന്ന അംഗൻവാടികളാണ് പഞ്ചായത്തിലധികവും. ഇവയ്ക്ക് സ്ഥിരമായി കെട്ടിടം ഉണ്ടാക്കാനുള്ള പ്രവർത്തനം ഊർജ്ജിതമാക്കണം. കുട്ടികൾക്കാവശ്യമുള്ള കളിക്കോപ്പുകളും മറ്റുപകരണങ്ങളും വിതരണം ചെയ്യണം. നിലവിലുള്ള ശിശുമന്ദിരം കേരള സംസ്ഥാന ശിശു വികസനകൗൺസിൽ ഏറ്റെടുക്കണം.

സാങ്കേതിക വിദ്യാഭ്യാസത്തിന് ഒട്ടേറെ സാധ്യതയുള്ള ഈ പഞ്ചായത്തിൽ ഐ.ടി.ഐ. പോളിടെക്നിക് എന്നിവ സ്ഥാപിക്കണം.

ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ ഇന്ന് നിലവിലില്ല. 10-ാം ക്ലാസിനു ശേഷം കുട്ടികൾ വിദൂര സ്ഥലങ്ങളിലേക്ക് പോകേണ്ട അവസ്ഥയാണുള്ളത്. ഇതിനു പരിഹാരമായി ഉന്നതവിദ്യാഭ്യാസത്തിനാവശ്യമായ ഒരു കോളേജ് പഞ്ചായത്തിൽ അനിവാര്യമാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച വിദ്യാഭ്യാസ സമിതി പ്രവർത്തനം കൂടുതൽ ശക്തമാക്കണം. ബഹുജനപങ്കാളിത്തം വർദ്ധിപ്പിച്ച് ഒരു ജനകീയ പരിപാടിയാക്കി ഇതിനെ വിജയിപ്പിക്കേണ്ടതുണ്ട്.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വെൽഫേർ സ്കൂളിന് അടിയന്തിരപ്രധാനത്തോടെ കെട്ടിടം നിർമ്മിച്ചു കൊടുക്കണം. വേളൂർ ഗവ: മാപ്പിള യു.പി. സ്കൂളിനും പുതിയ കെട്ടിടം അനിവാര്യമാണ്. വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളിൽ PTA ബ്ലോക്കിന്റെ പണി പൂർത്തിയാക്കാൻ ജില്ലാപഞ്ചായത്തിന്റെ സഹക

രണം ഉണ്ടാവണം അതോടൊപ്പം മറ്റൊരു പുതിയ കെട്ടിടം നിർമ്മിക്കുകയും വേണം.

പട്ടിക 1

## അധ്യാപകര്, വിദ്യാർത്ഥികൾ, എയിഡഡ് സ്കൂൾ

| നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | | |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | അനുവദിച്ച പോസ്റ്റ് | നിലവിലുള്ളത് | പു. | സ്ത്രീ |
| 1. | എടക്കര–കൊളക്കാട് എ.യു.പി.എസ് | 167 | 167 | 334 | 16 | 16 | 11 | 5 |
| 2 | മൊടക്കല്ലൂർ എ.യു.പി. എസ്കൂൾ | 351 | 361 | 712 | 27 | 29 | 16 | 13 |
| 3 | കൊണ്ടന്നൂർ എ.എൽ.പി.സ്കൂൾ | 66 | 43 | 109 | 5 | 5 | 2 | 3 |
| 4 | വേളൂർ വെസ്റ്റ് എ.എൽ.പി.സ്കൂൾ | 87 | 78 | 165 | 7 | 7 | 3 | 4 |
| 5 | തോരായി എ.എൽ.പി. സ്കൂൾ | 58 | 58 | 116 | 5 | 5 | 1 | 4 |
| 6 | തോരായി എ. എം. എൽ. പി. സ്കൂൾ | 50 | 41 | 91 | 5 | 5 | 3 | 2 |
| 7 | കെ.വി. എൽ.പി.സ്കൂൾ, കൊളത്തൂർ | 54 | 49 | 103 | 5 | 5 | 2 | 3 |
| | ആകെ | 833 | 797 | 1630 | 70 | 72 | 38 | 34 |

പട്ടിക 2

## അധ്യാപകര്, വിദ്യാർത്ഥികൾ, സർക്കാർ സ്കൂളുകൾ

| നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | | |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | അനുവദിച്ച പോസ്റ്റ് | നിലവിലുള്ളത് | പു. | സ്ത്രീ |
| 1. | ഗവ:വി.എച്ച്.എസ്. സ്കൂൾ, അത്തോളി | 908 | 938 | 1846 | 59 | 59 | 27 | 32 |
| 2 | ജി.എം.യു.പി.സ്കൂൾ, വേളൂർ | 513 | 499 | 1012 | 32 | 32 | 20 | 12 |
| 3 | ജി. എൽ.പി. സ്കൂൾ, അത്തോളി | 104 | 95 | 199 | 6 | 7 | 4 | 3 |
| 4 | ജി. ഡബ്ല്യു. എൽ.പി.സ്കൂൾ | 30 | 22 | 52 | 5 | 3 | 1 | 2 |
| | ആകെ | 1555 | 1554 | 3109 | 102 | 101 | 52 | 49 |

പട്ടിക – 3

## സ്കൂൾ ഭൗതിക സാഹചര്യം

| നമ്പർ | സ്കൂളിന്റെ പേര് | ഡിവിഷൻ | കെട്ടിടം | | മുറി | | മൂത്രപ്പുര എണ്ണം | കക്കൂസ് എണ്ണം | ഉപയോഗ ശൂന്യമായ കക്കൂസ് എണ്ണം | കുടിവെള്ളം | വൈദ്യുതി | പാചകമുറി | സ്റ്റാഫ് റൂം | ഫർണിച്ചർ ഉണ്ട്/ഇല്ല | ഓഫീസ് ഉപകരണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | സ്ഥിരം | അർദ്ധ സ്ഥിരം | | | | | | | | | |
| 1. | ഗവ: വി.എച്ച്.എസ്.സ്കൂൾ, അത്തോളി | 40 | 5 | 1 | 35 | 5 | 3 | 5 | 1 | ✔ | ✔ | ✔ | ✔ | ✗ | ✗ |
| 2. | ജി.എം.യു.പി.സ്കൂൾ വേളൂർ | 26 | 1 | 1 | 19 | 4 | 2 | 2 | ✗ | ✔ | ✔ | ✔ | ✔ | ✗ | ✗ |
| 3. | ജി.എൽ.പി.സ്കൂൾ, അത്തോളി | 7 | – | 2 | – | 1 | 1 | 2 | 1 | ✔ | ✔ | ✔ | ✔ | ✗ | ✗ |
| 4. | ജി.ഡബ്ല്യു. എൽ.പി.സ്കൂൾ അത്തോളി | 4 | 1 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✔ | ✗ | ✗ | ✗ |
| 5. | എടക്കര–കൊളക്കാട് എ.യു.പി.സ്കൂൾ | 14 | 3 | 2 | 3 | ✗ | 1 | 1 | ✗ | ✔ | ✔ | ✔ | ✗ | ✔ | ✔ |
| 6. | എ.യു.പി.സ്കൂൾ, മൊടക്കല്ലൂർ | 19 | 2 | 5 | ✗ | ✗ | 1 | 1 | ✗ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 7. | എ.എൽ.പി.സ്കൂൾ, കൊങ്ങന്നൂർ | 4 | 1 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ |
| 8. | എ.എൽ.പി.സ്കൂൾ, വേളൂർ വെസ്റ്റ് | 6 | 3 | ✗ | ✗ | ✗ | 1 | 2 | ✗ | ✔ | ✗ | ✔ | ✔ | ✗ | ✔ |
| 9. | എ.എം.എൽ.പി.സ്കൂൾ, തോരായി | 4 | 2 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ |
| 10. | എ.എൽ.പി.സ്കൂൾ, തോരായി | 5 | 1 | ✗ | ✗ | ✗ | 1 | ✗ | ✗ | ✔ | ✗ | ✔ | ✗ | ✗ | ✗ |
| 11. | കെ.വി.എൽ.പി.സ്കൂൾ കൊളത്തൂർ | 4 | 2 | ✗ | 1 | ✗ | 2 | ✗ | ✗ | ✔ | ✔ | ✔ | ✗ | ✔ | ✗ |

പട്ടിക – 4
അംഗൻവാടികൾ സംബന്ധിച്ച വിവരം

| വാർഡ് | എണ്ണം | കെട്ടിടം ഉണ്ട് | സ്ഥലം ഉണ്ട് കെട്ടിടം ഇല്ല | സ്ഥലവും കെട്ടിടവും ഇല്ല | കളിപ്പാട്ടം |
|---|---|---|---|---|---|
| 1 | 3 | – | 1 | 2 | – |
| 2 | 3 | 1 | – | 2 | – |
| 3 | 2 | – | – | 2 | – |
| 4 | 2 | – | – | 2 | – |
| 5 | 3 | – | – | 3 | – |
| 6 | 3 | – | – | 3 | – |
| 7 | 3 | 1 | – | 2 | – |
| 8 | 1 | – | – | 1 | – |
| 9 | 3 | – | – | 3 | – |
| 10 | 2 | – | 1 | 1 | – |
| 11 | 2 | 2 | – | – | 1 |

പട്ടിക – 8
സ്കൂളുകൾ വാർഡ് അടിസ്ഥാനത്തിൽ
വാർഡ്

| സ്കൂൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| LP | 1 | 1 | 1 | - | 3 | - | - | - | - | 1 | - |
| UP | 1 | - | - | - | - | - | 1 | 1 | 1 | - | - |
| HS | - | - | 1 | - | - | - | - | - | - | - | - |

പട്ടിക – 7
കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം

| 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 27% | 29% | 42% | 40% | 38% |

പട്ടിക – 5

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റോറിയൽ | ലംപ്സം ഗ്രാന്റ് | മുസ്ലീം ഗേൾസ് | വികലാംഗർ | ജവാന്മാരുടെ മക്കൾ | മത്സ്യ തൊഴിലാളി | പ്രതിമാസ സ്റ്റൈപന്റ് |
|---|---|---|---|---|---|---|---|---|
| 1. | ഗവ: വി. എച്ച്.എസ്.സ്കൂൾ, അത്തോളി | 8 | 421 | 72 | 11 | – | 11 | '11 |
| 2. | ഗവ: എൽ.പി.സ്കൂൾ, അത്തോളി | – | 48 | – | – | – | – | 3 |
| 3. | എ.യു.പി.സ്കൂൾ എടക്കര-കൊളക്കാട് | – | 87 | 16 | – | – | – | – |
| 4. | എ.എൽ.പി. സ്കൂൾ, കൊങ്ങന്നൂർ | – | 18 | – | – | – | – | – |
| 5. | ജി. എംയു.പി. സ്കൂൾ, വേളൂർ | 10 | 138 | 128 | 1 | – | 8 | 1 |
| 6. | എ.എൽ.പി. സ്കൂൾ വേളൂർ വെസ്റ്റ് | – | 32 | – | – | – | – | – |
| 7. | എ.എൽ.പി, സ്കൂൾ, തോരായി | – | 20 | – | – | – | – | – |
| 8. | എ.എം.എൽ.പി, സ്കൂൾ തോരായി | – | 18 | – | – | – | – | – |
| 9. | എ.യു.പി. സ്കൂൾ മൊടക്കല്ലൂർ | 3 | 137 | – | 3 | 2 | – | 1 |
| 10. | കെ.വി.എൽ.പി.സ്കൂൾ, കൊളത്തൂര | – | 16 | – | – | – | – | – |
| 11. | ജി.ഡബ്ളിയു. എൽ.പി.സ്കൂൾ കൊളക്കാട് | – | 20 | – | – | – | – | – |
| | | 21 | 955 | 216 | 15 | 2 | 19 | 16 |

പട്ടിക - 6

## അക്കാദമിക്ക് സൗകര്യങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ (മാപ്പ്, ഗ്ലോബ്, ചാർട്ട് മുതലായവ) ആവശ്യത്തിനുണ്ട്/ഇല്ല | ദൃശ്യശ്രാവ്യ ഉപകരണങ്ങൾ | | | | | | | | ബ്ലാക്ക് ബോർഡ് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റേഡിയോ | ടേപ്പ് റിക്കാർഡർ | ടി.വി. | വിസി.ആർ/ വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് |
| 1. | ഗവ: വി.എച്ച് സ്കൂൾ അത്തോളി | ✔ | ✔ | ✘ | ✔ | ✔ | ✔ | ✘ | ✔ | ✔ | ✔ | ✔ | 40 | 40 |
| 2. | എടക്കര–കൊളക്കാട് എ.യു.പി.സ്കൂൾ | ✔ | ✔ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | ✘ | ✘ | 14 | 14 |
| 3. | ജി.എം.യു.പി. സ്കൂൾ വേളൂർ | ✔ | ✔ | ✘ | ✔ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | 26 | 26 |
| 4. | എ.യു.പി.സ്കൂൾ മൊടക്കല്ലൂർ | ✔ | ✔ | ✘ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | ✘ | 19 | 21 |
| 5. | ജി.എൽ.പി.സ്കൂൾ അത്തോളി | ✔ | ✔ | ✘ | ✔ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | 14 | 14 |
| 6. | എ.എൽ.പി.സ്കൂൾ കൊങ്ങന്നൂർ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | ✘ | ✘ | ✘ | ✘ | 4 | 4 |
| 7. | എ.എൽ.പി.സ്കൂൾ വേളൂർ വെസ്റ്റ് | ✔ | ✔ | ✔ | ✔ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | 6 | 6 |
| 8. | എ.എൽ.പി.സ്കൂൾ തോരായി | ✔ | ✔ | ✘ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | ✘ | 5 | 5 |
| 9. | എ.എം.എൽ.പി.സ്കൂൾ തോരായി | ✔ | ✔ | ✔ | ✔ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | 4 | 4 |
| 10. | കെ.വി.എൽ.പി. സ്കൂൾ കൊളത്തൂർ | ✔ | ✘ | ✔ | ✔ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | 5 | 5 |
| 11. | ജി.ഡബ്ല്യു. എൽ.പി.സ്കൂൾ കൊളക്കാട് | ✔ | ✘ | ✘ | ✔ | ✘ | ✘ | ✘ | ✘ | ✘ | ✘ | ✘ | 4 | 4 |

# കുടിവെള്ളം

ശുദ്ധജലത്തിന് ദൗർലഭ്യം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് അത്തോളി. ഇവിടുത്തെ ജനങ്ങൾ കുടിവെള്ളത്തിന്റെ കാര്യത്തിൽ കാര്യമായി ആശ്രയിക്കുന്നത് കിണറുകളെയാണ്. 56% കുടുംബങ്ങളും കുടിവെള്ളത്തിനായി സ്വന്തം കിണറുകളെ ഉപയോഗപ്പെടുത്തുമ്പോൾ മറ്റുള്ളവർ പൊതുജലവിതരണത്തെയും അയൽവീടുകളിലെ കിണറകളെയും ആശ്രയിക്കുന്നു. മലമ്പ്രദേശങ്ങളിൽ താമസിക്കുന്നവർ 500 മീറ്ററോളം ദൂരത്തുനിന്നാണ് കുടിവെള്ളം എത്തിക്കുന്നത്.

ജില്ലാ ശരാശരിയേക്കാളും മഴ ഇവിടെ കൂടുതൽ ലഭിക്കുന്നുണ്ടെങ്കിലും മാർച്ച് മാസത്തോടെ എല്ലാ മേഖലകളിലും കുടിവെള്ളക്ഷാമം ഒരുപോലെ അനുഭവപ്പെട്ടുവരുന്നു. മുൻകാലത്ത് സമതലപ്രദേശത്ത് ക്ഷാമം അനുഭവപ്പെട്ടിരുന്നില്ല. എന്നാൽ ഈ പ്രദേശത്തും ഇന്ന് ജലക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. കാരണം മുൻപ് നെൽകൃഷിചെയ്തിരുന്ന വയലുകൾ തെങ്ങിൻതോപ്പുകളോ പുരയിടങ്ങളോ ആയിമാറിക്കൊണ്ടിരിക്കുന്നു. ജലസംഭരണികളായി നിലകൊണ്ടിരുന്ന വയലുകളാണ് ഇപ്രകാരം നഷ്ടപ്പെടുന്നത്. അതിനാൽ ലഭിക്കുന്ന മഴവെള്ളം നേരെ പുഴയിലൊഴികിയെത്തുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഉയർന്ന പ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലുമാണ് കാര്യമായി അനുഭവപ്പെടുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 18 വർഷം മുമ്പ് ചോയികുളത്ത് നിർമ്മിച്ച മിനി വാട്ടർ സപ്ലൈ സ്കീമും പുല്ലില്ലാമല കോളനി, അംബേദ്കർ കോളനി എന്നിവടങ്ങളിലെ ചെറു ജലവിതരണപദ്ധതിയും പഞ്ചായത്തിന്റെ കീഴിൽ ചെത്തിൽ മീത്തൽ, കൊടശ്ശേരി എന്നിവിടങ്ങളിലെ ചെറുജലവിതരണപദ്ധതിയും വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 4 കുഴൽ കിണറുകളും പൊതുരംഗത്തെ ജലവിതരണപദ്ധതികളാണ്.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും പട്ടിക---- കാണാവുന്നതാണ്.

അത്തോളി പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള രൂക്ഷമായ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് നിരവധി മിനി വാട്ടർ സപ്ലൈ സ്കീമുകളാണ് ഗ്രാമസഭകളിൽ ഉയർന്നുവന്നത്. ഭാരിച്ച സാമ്പത്തിക ചിലവുള്ള ഇത്തരം അനേകം പദ്ധതികൾ നടപ്പിലാക്കുന്നതിനു പകരം അഞ്ച് മീറ്റർ വീതിയിലും 4 മീറ്റർ താഴ്ചയിലും ചാത്തം പറമ്പത്ത് താഴെ കൂടി ഒഴുകുന്ന തോട്ടിനരികിൽ കിണർ കുഴിച്ചും തൊട്ടടുത്തതും ഏറ്റവും ഉയരം കൂടിയതുമായ എലിയോടുമലയുടെ മുകളിൽ ടാങ്ക് നിർമ്മിച്ചും ഈ പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധജലം വിതരണം ചെയ്യാൻ സാധിക്കും. ഇതിന് ഏകദേശം 80 ലക്ഷം രൂപ പ്രതീക്ഷിക്കാം.

പെരുവണ്ണാമുഴി ശുദ്ധജല പദ്ധതിയുടെ കീഴിൽ 18 പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സ്കീമിലും അത്തോളിപെടാതെ പോയി.

ജലവിതരണപദ്ധതി 15 വർഷം കഴിഞ്ഞാൽ റീപ്ലാന്റ് ചെയ്യണം എന്നാണ് വ്യവസ്ഥ. എന്നാൽ 18 വർഷം കഴിഞ്ഞ ചോയികുളം ചെറുജലവിതരണപദ്ധതി റീപ്ലാന്റ് ചെയ്യുന്നതിനുവേണ്ടി 38 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് പഞ്ചായത്ത് ഭരണസമിതി രൂപം നൽകുകയും ജില്ലാ കൗൺസിൽ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. നിർഭാഗ്യവശാൽ സർക്കാർ ഇതിന് അംഗീകാരം നൽകാതെ മാറ്റിവെക്കപ്പെടുകയാണുണ്ടായത്. അത്തോളിയിലെ ശുദ്ധജല വിതരണത്തിന് ഈ പദ്ധതി വൈകാതെ നടപ്പിലാക്കേണ്ടതാണ്.

# വാർഡ് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ നിർദ്ദേശവും പരിഹാരമാർഗ്ഗങ്ങളും

| | |
|---|---|
| 1. അന്തോളികാവിൽ മീത്തൽ, വാര്യംവീട്ടിൽ മീത്തൽ, കണ്ണച്ചാംകണ്ടി മീത്തൽ, കുഴിക്കാട്ടുമീത്തൽ, എടപ്പണ്ണോട്ട് മീത്തൽ, കുന്നോത്ത് മീത്തൽ, കണ്ടോത്ത് മീത്തൽ, ചെത്തിൽ മീത്തൽ, രാരോത്ത് മീത്തൽ, വൈദ്യരുകണ്ടി മീത്തൽ, പാലാക്കരമീത്തൽ. | 1. (a) അയ്യപ്പൻപാട് ജലസംഭരണി വളേഞ്ചേരി മലമുകളിലേക്ക് മാറ്റിയാൽ കുന്നോത്ത് മീത്തൽ ഭാഗത്തേക്കും മറ്റു സ്ഥലങ്ങളിലേക്കും ജലം ലഭ്യമാക്കാൻ കഴിയും. ഇതിനാവശ്യമായ പമ്പ്സെറ്റ് സംഭാവന ചെയ്യാൻ നാട്ടുകാർ തയ്യാറാണ്. (b) ചെത്തിൽ മീത്തൽ ഭാഗത്തിനുവേണ്ടി നടപ്പിലാക്കിയ മിനി വാട്ടർസപ്ലൈ സ്കീം അപര്യാപ്തമാണ്. പ്രസ്തുത സ്കീമിന്റെ കിണറിന്റെ താഴ്ചകൂട്ടി കാര്യക്ഷമമാക്കിയാൽ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതാണ്. പാലക്കര മീത്തലുള്ള ജനങ്ങളുടെ സഹകരണത്തോടെ ടാങ്കും, കിണറും നിർമ്മിച്ച് കുടിവെള്ളമെത്തിക്കാം. |
| 2. തങ്ങോൻകുന്ന്, ആശാരികാവ്മീത്തൽ, ആലോക്കണ്ടിഭാഗം, പുറയിൽ മീത്തൽ, പോനമല, കൊഞ്ഞാത്ത് മീത്തൽ | 2. ചക്കാംകുളത്ത് താഴെ വയലിൽ കിണർ കുഴിച്ച് കോളിയോട്ടുമലയിൽ ടേങ്ക് കെട്ടി ജലം വിതരണം ചെയ്യണം. |
| 3. അരിയൊന്നുകണ്ടി കോളനി, പറയർ കുന്നത്ത്ഭാഗം, കിഴക്കയിൽ മീത്തൽ, ഇല്ലത്ത് മീത്തൽ. | 3. കൊടക്കല്ലിന്റെ അടുത്ത് കിണർ കുഴിച്ച് അരിയൊന്നു കണ്ടികുന്നിൽ ടാങ്ക് നിർമ്മിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം |
| 4. നമ്പ്യാട്ടുംപുറം, മേക്കോന്ന് കുന്നുമ്മൽ, കുനിയിൽതെരു. | 4. (a) കുനിയിൽ കുളത്തിനടുത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളമെത്തിക്കുക. (b) വയക്കൽതാഴെ കിണർ കുഴിച്ച് വയക്കൽ പറമ്പിൽ ടാങ്ക് കെട്ടി മേക്കോന്ന് കുന്നുമ്മൽ നമ്പ്യാട്ടുംപുറം എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുക. |
| 5. കോട്ടക്കുന്ന് കോളനി, പാറപ്പുറം, ചിറ്റമല കോളനി, തറോപടിക്കൽ | 5. ആറാം വാർഡിലുള്ള കരുമുണ്ടേരി താഴെ കുളത്തിലെ വെള്ളം അത്തായക്കുന്നിന്മേൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്താം. ഇത് അഞ്ചാം വാർഡിലും ഉപയോഗപ്പെടുത്താം. |
| 6. അയ്യപ്പൻകുഴിഭാഗം, കോട്ടയിൽ മീത്തൽ ലക്ഷംവീട് കോളനി, കുറവാളൂർ ലക്ഷംവീട് കോളനി, കുറവാളൂർ ലക്ഷം വീട് കോളനി. | 6. വെളൂർ കുളവും ഇതുപോലെ ഉപയോഗപ്പെടുത്താം. |
| 7. ചമ്മൽമീത്തൽ കോളനി, കോമത്ത് 4 സെന്റ് കോളനി, പാലോറമല കോളനി, ചായേടത്ത് പാറ | 7. (a) കോമത്ത് 4 സെന്റ് കോളനി താഴെ കനാൽ ഭാഗത്ത് പൊതു കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളമെത്തിക്കുക. (b) വെള്ളിലാട് മല ഹരിജൻ കോളനി ചായാടത്ത്പാറ തുടങ്ങിയ സ്ഥലങ്ങളിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളമെത്തിക്കുക. |
| 8. മതയോത്ത് കണ്ടിമീത്തൽ കോളനി, പുതിയകുന്ന് കോളനി, ചെട്ട്യേരിമീത്തൽ, എടക്കാട്ടുംകര, പുത്തലത്ത് കണ്ടിഭാഗം. | 8. (a) പുതിയ കുന്നിന്മേൽ കോളനി, മതയോത്ത് മീത്തൽ, ചെട്ട്യേരി ഭാഗം, ഇടക്കാട്ടുകര, പുത്തലത്ത്കണ്ടി എന്നീപ്രദേശങ്ങളിൽ കിണർ കുഴിച്ച് പമ്പ്സെറ്റ് വെച്ച് പ്രശ്നം പരിഹരിക്കാം. (b) 11-ാം വാർഡിലെ ചവറങ്ങാട് മലയിൽ ടാങ്ക് കെട്ടി കുട്ടനാരി താഴെ കിണർ കുഴിച്ച് ഈ ടാങ്കിൽ വെള്ളമെത്തിച്ചാൽ രണ്ട് വാർഡിലെയും പ്രശ്നം പരിഹരിക്കാം. |
| 9. ചാലക്കൽ താഴം, കോഴിക്കുന്ന്, ആനപ്പാറ, കുറുപ്പൻകണ്ടി. താഴം. | 9. പാറക്കുളത്തിൽ കിണർകുഴിച്ച് കോഴിക്കുന്നുമലയിൽ ടാങ്ക് സ്ഥാപിച്ചാൽ വാർഡിലെ പ്രശ്നം പരിഹരിക്കാം. അതോടൊപ്പം ആനപ്പാറ ഭാഗത്ത് നിലവിലുള്ള പൊതുകിണറിലെ വെള്ളം ഉപയോഗപ്പെടുത്തി മിനിവാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാം. |
| 10. തട്ടാൻകുന്നുമ്മൽ, വെള്ളിലാട്മല ഹരിജൻകോളനി, കൊറ്റിയേടത്താറോൽ മീത്തൽ, കോതങ്കൽ-കണ്ണിപ്പൊയിൽ ഏരിയ, കൊളത്തൂർ ഏരിയ. | 10. കോതങ്കൽ കണ്ണിപ്പൊയിൽ റോഡിനരികിൽ കുഴൽ കിണർ കുഴിക്കണം. |
| 11. അംബേദ്കർ കോളനി, കരുമ്പാരകണ്ടിമല, പുതുക്കുടിമീത്തൽ, തച്ചമ്പത്ത് മീത്തൽ കോളനി | 11. (a) അംബേദ്കർ കോളനിയിൽ നിലവിലുള്ള മിനിവാട്ടർ സപ്ലൈ സ്കീം കിണറ്റിലെ വെള്ളം വേനലിൽ വറ്റുന്നത് തൊട്ടടുത്ത പറങ്ങോരോത്ത് കുളത്തിലെ വെള്ളം ഇതിനായി ഉപയോഗപ്പെടുത്തുക. (b) കൊടശ്ശേരിക്കുന്ന് ലക്ഷം വീട് കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കൊടശ്ശേരി ചെറുജലവിതരണപദ്ധതി മെച്ചപ്പെടുത്തിയാൽ മതി. (c) അരീപ്പൊയിൽ കുളം ഉപയോഗിച്ച് കരുമ്പാരുകണ്ടി മലയിൽ ടാങ്ക് നിർമ്മിക്കുക. തൊട്ടടുത്ത 8-ാം വാർഡിലെ കൂടി പ്രശ്നം പരിഹരിക്കാൻ കഴിയും. (d) പുതുക്കുടി മീത്തൽ കോളനിയിൽ ഒരു കിണർ കുഴിക്കുക. ഇതിനായി സൗജന്യമായി സ്ഥലം നൽകാൻ നാട്ടുകാർ തയ്യാറാണ്. |

# പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനത ഏതൊരു നാടിന്റെയും വിലമതിക്കാനാകാത്ത സമ്പത്താണ്. ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി എന്നീ ചികിൽസാ രീതികളാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. ആധുനിക കാലത്ത് ലഭ്യമായ ചികിൽസാരീതികളൊന്നും നേരത്തെയുണ്ടായിരുന്നില്ല. അന്ന് നാട്ടുചികിൽസാ രീതികളാണ് പ്രചാരത്തിലുണ്ടായിരുന്നത്. പാരമ്പര്യ വൈദ്യരംഗത്ത് എടുത്തുപറയത്തക്ക വൈദ്യന്മാർ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു എന്ന കാര്യം ഇവിടെ ഓർമ്മിപ്പിക്കട്ടെ. പേപ്പട്ടി വിഷ ചികിൽസാ രംഗത്തെ പൊക്കാരത്ത് ഹുസൈൻ, സർപ്പവിഷഹാരിയായിരുന്ന കോട്ടക്കൽ ശങ്കരക്കുറുപ്പ്, വസൂരി ചികിൽസാ വിദഗ്ദൻ കുട്ടിൽ മൂസ പൂക്കോട്ടേരി ചോയി വൈദ്യർ, അടുവാട്ടു വാര്യർ എന്നിവർ നമ്മുടെ പഞ്ചായത്തിലെ ചികിൽസാ രംഗത്തെ മണിമുത്തുകളായിരുന്നു.

അത്തോളി പഞ്ചായത്തിലെ വിവിധ സന്നദ്ധ സംഘടനകളും കലാസാംസ്കാരിക സംഘടനകളും കാലാകാലമായി നടത്തിയ ആരോഗ്യ രംഗത്തെ സുതുത്യർഹമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നമുക്കേറെ ആശ്വാസമേകിയിട്ടുണ്ട്. ആയതു നന്ദിയോടെ സ്മരിക്കുന്നു. ജനനനിരക്കും മരണനിരക്കും ആപേക്ഷികമായി വളരെ കുറഞ്ഞിരിക്കുന്നു. നമ്മുടെ പ്രദേശത്ത് ജനസാന്ദ്രത ഇന്ത്യൻ ശരാശരിയേക്കാൾ 5 ഇരട്ടിയോളമാണ് എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. കേരളത്തിലെ ജനസാന്ദ്രത 1991 ലെ സെൻസസ് അനുസരിച്ച് ഒരു ചതുരശ്ര കിലോമീറ്ററിന് 749 ആണ്. അത്തോളിയിൽ അത് 1142 ആണ്. പുഴയോര പ്രദേശമുൾക്കൊള്ളുന്ന അത്തോളിയിലെ ജനങ്ങളുടെ ആഹാരത്തിൽ മത്സ്യത്തിനും കിഴക്കൻ മേഖലയിൽ സമൃദ്ധമായി വളരുന്ന പച്ചക്കറിക്കും മുഖ്യസ്ഥാനമുള്ളതാണ് ആരോഗ്യരംഗത്തെ മുന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങളിലൊന്ന്. സൗജന്യ രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും സൗജന്യ നേത്ര ചികിൽസാ ക്യാമ്പുകളും മറ്റു മെഡിക്കൽ ക്യാമ്പുകളുമെല്ലാം സംഘടിപ്പിച്ച് ഈ പ്രദേശത്തെ കലാസാംസ്കാരിക സംഘടനകൾ ഈ ഉയർച്ചയ്ക്കാക്കം കൂട്ടുകയും ചെയ്തു.

അത്തോളിയിലെ സർക്കാർ ഉടമസ്ഥതയിലുള്ള ആദ്യത്തെ ചികിൽസാ കേന്ദ്രം 1958 ൽ തുടങ്ങിയ ആയുർവേദ ഡിസ്പെൻസറിയും പ്രസവ ശുശ്രൂഷാ കേന്ദ്രവുമാണ്. സർക്കാർ ഉടമസ്ഥതയിലുള്ള ഏക ആശുപത്രി അത്തോളി പ്രൈമറി ഹെൽത്ത് സെന്ററാണ്. അലോപ്പതി ചികിൽസാ രംഗത്ത് ഒരു സഹകരണ ആശുപത്രിയും ഇവിടെയുണ്ട്. കണ്ണിപ്പൊയിലിലെ ഗവ: ഹോമിയോ ഡിസ്പെൻസറി, കുമുള്ളിയിലെ ഇ.എസ്.ഐ. ഡിസ്പെൻസറി, എന്നിവയും ഈ രംഗത്ത് പ്രവർത്തിക്കുന്നു. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളായി സർക്കാർ മേഖലയിൽ മൊടക്കല്ലൂർ കുടുംബക്ഷേമ ഉപകേന്ദ്രം, കൊളക്കാട് കുടുംബക്ഷേമ ഉപകേന്ദ്രം എന്നിവ പ്രവർത്തിക്കുന്നു. അത്തോളി പ്രൈമറി ഹെൽത്ത് സെന്ററിന് രണ്ടുപകേന്ദ്രങ്ങളുണ്ട്. ഒന്ന് കൊങ്ങന്നൂരിലും മറ്റൊന്ന് മൊടക്കല്ലൂരുമാണ്. രണ്ടും പ്രവർത്തനക്ഷമമല്ല. സ്വന്തമായി കെട്ടിടമുണ്ടാക്കിയിട്ടും വൈദ്യുതി കണക്ഷൻ ലഭിച്ചില്ലെന്ന കാരണത്താൽ കൊങ്ങന്നൂർ സബ്സെന്റർ ഇതു വരെയും ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടില്ല. മൊടക്കല്ലൂരിലെ സബ് സെന്ററാവട്ടെ സ്വന്തം കെട്ടിടമുണ്ടെങ്കിലും സുരക്ഷിതമല്ലാത്തതിനാൽ ഭാഗികമായേ പ്രവർത്തിക്കുന്നുള്ളൂ. പ്രൈമറി ഹെൽത്ത് സെന്ററിൽ 6 കിടക്കകളുള്ള 'കയർവാർഡ്' ഉണ്ടെങ്കിലും ജീവനക്കാരുടെ അഭാവം മൂലം പ്രവർത്തനം തുടങ്ങിയിട്ടില്ല. രോഗികളെ കിടത്തി ചികിൽസിക്കാൻ സഹകരണ ആശുപത്രിയിൽ സൗകര്യമുണ്ടെങ്കിലും പലകാരണങ്ങളാൽ ഈ പ്രദേശത്തെ ജനങ്ങൾ അതു പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല.

ഏറ്റവും പഴയ ചികിൽസാ കേന്ദ്രമായ ആയുർവേദ ഡിസ്പെൻസറി ഇപ്പോഴും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ അടുത്ത കാലത്ത് തുടങ്ങിയ ഹോമിയോ ഡിസ്പെൻസറിയുടെ സ്ഥിതിയും വ്യത്യസ്തമല്ല.

നാലു സ്വകാര്യ അലോപ്പതി ക്ലീനിക്കുകളും നാല് സ്വകാര്യ ഹോമിയോ ക്ലീനിക്കുകളും രണ്ട് സ്വകാര്യ ആയുർവേദ ക്ലീനിക്കുകളും പഞ്ചായത്തു പ്രദേശത്തുണ്ട്. 15 ആയുർവേദ മരുന്നു കടകളും 6 അലോപ്പതി മെഡിക്കൽ ഷാപ്പുകളും പ്രവർത്തിക്കുന്നു.

വിദഗ്ദരായ ആയുർവേദ, ഹോമിയോ, അലോപ്പതി

ഡോക്ടർമാർ ഇവിടെ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ ഏതാനും പാരമ്പര്യവൈദ്യന്മാരും ചികിൽസാ രംഗത്ത് സ്തുത്യർഹമായ സേവനം നടത്തുന്നുണ്ട്. പഞ്ചായത്തിലെ ജനനിരക്ക് 12.99 ഉം. മരണനിരക്ക് 4.6 ഉം ആണ്.

### പഞ്ചായത്ത് ജലജന്യ രോഗങ്ങൾ വർദ്ധിച്ചു വരുന്നതായി കാണാം

### പകർച്ചവ്യാധി രോഗങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യ രോഗങ്ങൾ (ചിക്കൻപോക്സ്) | പ്രാണിജന്യരോഗങ്ങൾ (മലേറിയ) | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 21 | 23 | 3 | - |
| 1994-95 | 125 | 14 | 2 | - |
| 1995-96 | 386 | 23 | 2 | - |

പ്രൈമറി ഹെൽത്ത് സെന്ററിൽ ഔട്ട് പേഷ്യൻസിന്റെ എണ്ണം 1992-93ൽ 22952 ഉം 1995-96ൽ 19240 ഉം ആണ്. ആയുർവേദ ഡിസ്പെൻസറികളിൽ ഇത് യഥാക്രമം 11281 ഉം 17008 ഉം ആണ്.

### പ്രൈമറി ഹെൽത്ത് സെന്റർ

### രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ- പ്രതിവർഷം

| വർഷം | ഔട്ട്പേഷ്യന്റ് | ത്വക്ക് രോഗം | വാതരോഗം | പകർച്ചവ്യാധികൾ | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|
| 1992-93 | 22952 | 1164 | 484 | - | 2620 | 27220 |
| 1993-94 | 16063 | 1004 | 175 | 47 | 1436 | 18725 |
| 1994-95 | 19089 | 1052 | 253 | 131 | 2142 | 22667 |
| 1995-96 | 19240 | 1205 | 1360 | 411 | 3230 | 25446 |
| ആകെ | 77384 | 4425 | 2272 | 589 | 9428 | 94058 |

### ആയുർവേദ ഡിസ്പെൻസറി

| | |
|---|---|
| 1992-93 | 11281 |
| 1993-94 | 16144 |
| 1994-95 | 12199 |
| 1995-96 | 17008 |
| ആകെ | 56632 |

ഇതിൽ വാതരോഗങ്ങൾ 75%
ത്വക്ക്‌രോഗങ്ങൾ 15%
മറ്റുള്ളവ 16%
മൊത്തം ജീവനക്കാർ 4 പേർ

## കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പ്പ്

| കുട്ടികൾ | ബി.സി.ജി. | ഡി.പി.ടി. | | | | പോളിയോ | | | | ഡി.റ്റി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3d | BD | 1D | 2D | 3d | BD | 1D | 2D | 3d | BD | 493 |
| 1 വയസ്സിൽ താഴെ | 179 | 367 | 481 | 754 | - | 367 | 481 | 754 | | | | | | |
| 1-3 വയസ്സ് | 2 | | | | 505 | | | | 505 | | | | | |
| 3-6 വയസ്സ് | - | | | | | | | | 230 | | 535 | | | |

### ഗർഭിണികൾക്കുള്ള ടെറ്റനസ് ടോക്സയിഡ് (TT)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 358 | 413 | - |

| | എണ്ണം |
|---|---|
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ഗർഭിണികൾക്ക് | 651 |
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികൾ കുട്ടികൾ | 1615 |
| വിറ്റാമിൻ 'എ' തുള്ളിമരുന്ന് കുട്ടികൾ | 372 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങൾ | 522 |
| വീട്ടിൽ നടന്ന പ്രസവങ്ങൾ | 1 |

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാകുന്നില്ല. ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനവും വേണ്ടത്ര ഫലപ്രദമല്ല.

ആരോഗ്യ സംവിധാനമെന്നാൽ വെറും രോഗചികിൽസയല്ല സാമൂഹ്യവും ശാരീരികവും മാനസികവുമായ ഒരു ജനതയുടെ സുസ്ഥിതിയാണല്ലോ ആരോഗ്യം. രോഗപ്രധിരോധത്തിനായുള്ള പ്രവർത്തനങ്ങളും ശരിയായ പോഷണം, പരിസരശുചിത്വം, ശുദ്ധജലം, ശുദ്ധവായു എന്നിവയ്ക്ക് ശരിയായ പ്രമുഖ്യം നൽകേണ്ടതുണ്ട് ആരോഗ്യ സംവിധാനത്തിൽ. ഈ സാഹചര്യത്തിൽ നമ്മുടെ പ്രദേശത്തെ നമുക്ക് പരിശോധിക്കാം.

അറവുശാലകൾ, കോഴിവില്പന കേന്ദ്രങ്ങൾ, മത്സ്യമാർക്കറ്റ് എന്നിവ ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമായല്ല പ്രവർത്തിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഒരു മുഴുവൻ സമയ ശുചീകരണ പ്രവർത്തകനില്ല.

ഹോട്ടലുകളിൽ മാലിന്യങ്ങൾ സംസ്കരിക്കാൻ സ്വന്തമായി സംവിധാനമില്ല. പൊതു ഓടയിലേക്ക് ഒഴുക്കുകയാണ് ചെയ്യുന്നത്. ഓടകളാകട്ടെ യഥാസമയം വൃത്തിയാക്കുന്നുമില്ല. പഞ്ചായത്തിലെ പല അറവുശാലകളും വൃത്തിഹീനങ്ങളാണ്. മത്സ്യമാർക്കറ്റ് പഞ്ചായത്തിന്റെ കീഴിൽ നിർമ്മിക്കപ്പെട്ടിട്ടും മത്സ്യക്കച്ചവടം അങ്ങാടിയുടെ വിവിധഭാഗങ്ങളിലായിട്ടാണ് നടക്കുന്നത്. ശീതളപാനീയകടകൾ പലതും ശുചിത്വം പാലിക്കുന്നതിൽ പിറകിലാണ്.

വർഷകാലത്ത് പഞ്ചായത്തിന്റെ ചിലമേഖലകളിൽ പകർച്ചവ്യാധികൾ ഉണ്ടാകുന്നു. ഈച്ചകളുടെ വർദ്ധനയാണ് ഇതിനു കാരണം. (ഒരു ജോഡി ഈച്ച വേനൽക്കാലത്ത് ഒരു ദിവസം 325923 ഉം ഈച്ചകളെ ഉല്പാദിപ്പിക്കും) ആഹാര ശുചിത്വം, ക്ലോറിനേഷൻ എന്നിവ ഈച്ചയുടെ വർദ്ധനവ് തടയുന്നു. പകർച്ചവ്യാധികൾ, പകർത്തുന്നതിൽ കൊതുകിനും നിർണ്ണായകപങ്കുണ്ട്. അടുത്തകാലത്തായി പഞ്ചായത്തിന്റെ എല്ലാഭാഗത്തും കൊതുകുശല്യം വർദ്ധിച്ചിട്ടുണ്ട്. മത്സ്യങ്ങളും തവളകളും ചത്തൊടുങ്ങിയതും പുഴയോര മേഖലയിൽ വെള്ളം കെട്ടി നില്ക്കുന്നതും ഇതിനു കാരണമാണ്.

കക്കൂസുകൾ

പഞ്ചായത്തിൽ 35% ലേറെ കക്കൂസുകളില്ലാത്ത വീടുകൾ ഉണ്ടെന്നു ഗ്രാമസഭകളിലൂടെ വന്ന വിവരം ഞെട്ടിപ്പിക്കുന്നതാണ്. സാമ്പത്തിക പരാധീനതയും ബോധവല്ക്കരണത്തിന്റെ അഭാവവുമാണ് ഈ ദുസ്ഥിതിയ്ക്ക് കാരണം. സ്ഥലപരിമിതിയും ഒരു കാരണമാണ്. ജവഹർ തൊഴിൽ ദാന പദ്ധതിയിലൂടെ ലഭിക്കുന്ന കക്കൂസിനുള്ള സാമ്പത്തിക സഹായം അതു നിർമ്മിക്കാൻ തികയാതെ വരുന്നതും ഒരു കാരണമാണ്. കക്കൂസ് ഓരോ വീട്ടിലും നിർമ്മിക്കേണ്ടതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതും പ്രസ്തുത ലക്ഷ്യത്തിലെത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സാനിറ്ററി കക്കൂസികളില്ലാത്ത വീടുകളുടെ എണ്ണം 641
വിവിധപദ്ധതികളിലായി അനുവദിച്ച് നടപ്പിലാക്കിയ കക്കൂസുകൾ - 92 ന് ശേഷം 157
ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം 641

അവലംബം - IRDP സർവേ

പരിസര ശുചിത്വം

പരിസരമലിനീകരണം ഇവിടത്തെ മുഖ്യപ്രശ്നമല്ല. വ്യവസായവൽക്കരണം നടന്നിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഏറെ ആശ്വാസമുണ്ട്. അത്തോളി അങ്ങാടിയിലുള്ള ഹോട്ടലുകളിൽ നിന്നും കടകളിൽ നിന്നുമുള്ള വിസർജ്ജ്യങ്ങൾ പരിസരമലിനീകരണം ഉണ്ടാക്കുന്നു.

പ്രൈമറി ഹെൽത്ത് സെന്ററിൽ ഇപ്പോൾ ഒരു ഡോക്ടർ മാത്രമേ ഉള്ളൂ. ഒരു ഗൈനക്കോളജിസ്റ്റും ഒരു ശിശുരോഗ വിദഗ്ദനും ആശുപത്രിയിൽ നിർബന്ധമായും ഉണ്ടായിരിക്കണം. ആവശ്യത്തിന് മരുന്നുണ്ടായിരിക്കണം. ചുരുങ്ങിയത് 10 കിടക്കകളെങ്കിലുമുള്ള ജനറൽവാർഡ് നിർമ്മിക്കണം. ആരോഗ്യ കേന്ദ്രത്തിലേക്ക് മെയിൻ റോഡിൽ നിന്ന് സുഗമമായ യാത്രാ സൗകര്യം അടിയന്തിരമായി ഉണ്ടാക്കണം.

പഞ്ചായത്താപ്പീസിനു സമീപം പൊണ്ണോത്ത് താഴെ റോഡ് തടസ്സം നീക്കി ഗതാഗത യോഗ്യമാക്കണം. കൊടക്കല്ലിനടുത്തു നിന്ന് ആശുപത്രിയിലേക്ക് റോഡ് നിർമ്മിക്കണം.

കൊങ്ങന്നൂർ, മൊടക്കല്ലൂർ സബ് സെന്റർ സ്റ്റേഷനുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം.

കുറുവാളൂർ കേന്ദ്രമാക്കി ഒരു സബ്സെന്റർ സ്ഥാപിക്കണം. തോരായിയിൽ ഒരു മെറ്റേർണിറ്റി സബ് സെന്റർ തുടങ്ങണം. പഞ്ചായത്ത് കേന്ദ്രത്തിൽ നിന്ന് വളരെ വിദൂരമായ പ്രദേശങ്ങളിൽ സബ് സെന്ററുകൾ സ്ഥാപിക്കണം.

ക്ലോറിനേഷൻ, കൊതുകു നിവാരണ പരിപാടികൾ എന്നിവ ശരിയാംവണ്ണം നടപ്പിലാക്കണം.

രോഗപ്രതിരോധ കുത്തിവെപ്പുകൾ സാർവത്രികമായും പൂർണ്ണമായും നടപ്പിലാക്കണം.

പ്രാദേശികമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.

എയ്ഡ്സ്, കാൻസർ, ഹൃദ്രോഗം തുടങ്ങിയ മാരകരോഗനിർണ്ണയ ക്യാമ്പുകൾ നിർബന്ധമായും നടത്തിയിരിക്കണം.

രക്തദാനം, നേത്രദാനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം.

ബോധവല്ക്കരണത്തിന് ആരോഗ്യരംഗത്ത് മുഖ്യ പങ്കുള്ളതിനാൽ അത് വിപുലമായി നടത്തണം. സ്വന്ത

മായി കെട്ടിടമില്ലാത്ത ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കണം.

കക്കൂസില്ലാത്ത മുഴുവൻ വീടുകളിലും കക്കൂസുണ്ടാക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തണം.

അത്തോളി അങ്ങാടി, കൊടശ്ശേരി, കുമുള്ളി എന്നിവിടങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം കക്കൂസും മൂത്രപ്പുരയും നിർമ്മിക്കണം.

ഹൈസ്കൂൾ പരിസരത്ത് ഒരു പൊതു മൂത്രപ്പുര സ്ഥാപിക്കണം. ഇവ പരിപാലിക്കുന്നതിന് പഞ്ചായത്ത് ആളെ ഏർപ്പെടുത്തണം.

പഞ്ചായത്തിലെ പ്രധാന റോഡുകളിൽ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തണം.

പഞ്ചായത്തിലെ പുഴയോര പ്രദേശത്ത് ചികരിത്തൊഴിലാളികൾക്കിടയിൽ കണ്ടുവരുന്ന ത്വക് രോഗം തടയണം.

മദ്യം, പുകവലി എന്നിവയ്ക്കെതിരെ ബോധവല്ക്കരണം നടത്തണം.

ചികിത്സയേക്കാൾ പ്രധാനം രോഗപ്രതിരോധമായതിനാൽ അത്തരം പ്രവർത്തനം ഊർജ്ജിതമാക്കണം.

ഈ പഞ്ചായത്തിൽ പൊതു ശ്മശാനത്തിനായി ഭൂമി അക്വയർ ചെയ്തിട്ടുള്ളത് ഏഴാം വാർഡിലാണ്. പക്ഷേ ഇതേവരെ ഉപയോഗ യോഗ്യമായിട്ടില്ല. പൊതു ശ്മശാനത്തിൽ ബേണിംഗ് ഷെഡും ചുറ്റുമതിലും നിർമ്മിച്ച് ഉപയോഗപ്രദമാക്കണം.

# ഗതാഗതം



ഏതൊരു പ്രദേശത്തന്റെയും വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളിൽ പ്രധാനപ്പെട്ടതാണ് ഗതാഗതം. കേരളത്തിലെ ഗ്രാമങ്ങളിൽ കഴിഞ്ഞ ഏതാനും ദശകങ്ങളിൽ നടന്ന ഏറ്റവും പ്രധാന വികസനപ്രവർത്തനം ഏതെന്ന് ചോദിച്ചാൽ റോഡു നിർമ്മാണം എന്ന ഉത്തരമാണ് ലഭിക്കുക എന്നതിൽ സംശയമില്ല. അഖിലേന്ത്യാ ശരാശരിയെക്കാൾ വളരെ ഉയർന്ന ശരാശരി റോഡ് ലഭ്യത ഇന്ന് കേരളത്തിനുണ്ട്. ഇക്കാര്യത്തിൽ പ്രദേശിക സന്നദ്ധ പ്രവർത്തനത്തിനും ജനപങ്കാളിത്തത്തിനും വലിയ പങ്കുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ചെലവിനങ്ങൾ പരിശോധിച്ചാൽ റോഡ്, നടപ്പാത, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഭീമമായ തുക ചെലവഴിച്ചതായി കാണാം. പട്ടിക 1.

ഉല്പാദന രംഗത്ത് മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കുന്ന പല പദ്ധതികളുടെയും വിഹിതം റോഡ് നിർമ്മാണത്തിനു തിരിച്ചുവിട്ടതായും കാണാൻ കഴിഞ്ഞിട്ടുണ്ട്.

പുതുതായി നിർമ്മിക്കപ്പെടുന്ന റോഡുകൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും നാം കാണേണ്ടതുണ്ട്. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന കൃഷിഭൂമി നികത്തലിനും, തത്ഫലമായുണ്ടാകുന്ന വെള്ളപ്പൊക്കത്തിനും മുഖ്യകാരണം അശാസ്ത്രീയമായ റോഡ് നിർമ്മാണമാണ്. റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ധാരാളം മരങ്ങൾ മുറിച്ചു മാറ്റപ്പെടുന്നത് മണ്ണൊലിപ്പിനും ഇടയാക്കുന്നു. വയലുകൾക്കു കുറുകെ റോഡ് നിർമ്മിക്കുമ്പോൾ ജലനിർഗ്ഗമനം അസാധ്യമാവുകയും വെള്ളക്കെട്ടുണ്ടായി കൃഷിനാശത്തിലേക്കു നയിക്കുകയും ചെയ്യും. ഇക്കാരണങ്ങളാൽ പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ നാം പലവട്ടം ചർച്ച ചെയ്തേ തീരുമാനമെടുക്കാവൂ.

അത്തോളി പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങളെക്കുറിച്ച് പറയുമ്പോൾ ആദ്യകാലഘട്ടങ്ങളിൽ ജലഗതാഗതമായിരുന്നെന്നു കാണാം. തെരുവത്ത് കടവ് മുതൽ എലത്തൂർവരെയുള്ള ബോട്ട്യാത്ര അന്ന് ഒരു ഉല്ലാസയാത്രയുടെ കൗതുകം ഉണ്ടാക്കിയിരുന്നു. കോവിലകങ്ങളിലുള്ളവർ മഞ്ചലുകൾ ഉപയോഗിച്ചിരുന്നു. ചില വീടുകളിൽ ഇതിന്റെ അവശിഷ്ടങ്ങൾ ഇന്നുമുണ്ട്. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പണിത പാതയാണ് പടിപടിയായി വികസിച്ച് ഇന്ന് സ്റ്റേറ്റ് ഹൈവേയായി മാറിയിരിക്കുന്നത് 1972ൽ അത്തോളിയിൽ ബസ് ഗതാഗതവും ആരംഭിച്ചു. പട്ടിക 1.

പഞ്ചായത്തിൽ ടാർ ചെയ്തതും ചെയ്യാത്തതുമായ റോഡുകൾ എല്ലാ വാർഡുകളിലുമുണ്ട്, ആകെ 79 കിലോമീറ്റർ ദൈർഘ്യമാണ് റോഡുകൾക്കുള്ളത്. ഇതിൽ 9 കി.മീ. നീളത്തിൽ PWD റോഡാണ്. പഞ്ചായത്ത് ടാർ ചെയ്ത റോഡ് 21 കിലോമീറ്ററോളം വരും. 46 കിലോമീറ്റർ നീളത്തിൽ പക്കാറോഡ് നിലവിലുണ്ട്. മെറ്റൽ ചെയ്തത് 3 കിലോമീറ്ററാണ്. പട്ടിക 2.

## പ്രശ്നങ്ങൾ

നമ്മുടെ റോഡ് ശൃംഖല വിപുലമാണെങ്കിലും ഉള്ള റോഡുകൾ പലതും ഗതാഗതയോഗ്യമല്ല. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാത്തതും ആവശ്യത്തിനു ഫണ്ടില്ലാത്തതുമാണ് ഇതിനു കാരണം. പല പദ്ധതികളിലും റോഡ് ടാർ ചെയ്യാൻ വീതി ചുരുങ്ങിയത് 6 മീറ്റർ വേണമെന്ന് നിഷ്കർഷിക്കുന്നു. അതിനാൽ JRY പോലുള്ള ഫണ്ടുകൾ ഉപയോഗിച്ച് 6 മീറ്ററിൽ താഴെയുള്ള റോഡുകളുടെ പണി ഏറ്റെടുത്തു നടപ്പാക്കാൻ കഴിയുന്നില്ല. ഇതുമൂലം ഫണ്ട് ചില പ്രത്യേക മേഖലകളിൽ ഒതുങ്ങിപ്പോവുന്നു.

100ൽ പരം ബസ്സുകളും മറ്റ് അനേകം വാഹനങ്ങളും കടന്നു പോവുന്ന സ്റ്റേറ്റ് ഹൈവേയുടെ 9 കി.മീറ്റർ ഭാഗമാണ് അത്തോളി പഞ്ചായത്തിലുള്ളത്. എങ്കിലും അത്തോളി പഞ്ചായത്തിൽ ഒരു ബസ്സ്റ്റാന്റോ ടാക്സി സ്റ്റാന്റോ ഇല്ല. അത്താണി- ആനപ്പാറ റോഡ് അവസാനിക്കുന്നിടത്ത് വാഹനങ്ങൾ വന്ന് തിരിച്ചുപോകാൻ സൗകര്യമില്ല. ഇത് പരിഹരിക്കണം. റോഡിന്റെ വീതിക്കു

റവും നടപ്പാതയില്ലായ്മയും ജനങ്ങളുടെ ജീവന് പലപ്പോഴും ഭീഷണിയുയർത്തിയിട്ടുണ്ട്.

ടാർ ചെയ്ത റോഡുകൾ പലയിടങ്ങളിലും പൊട്ടിപ്പൊളിഞ്ഞ് യാത്രായോഗ്യമല്ലാതായിട്ടുണ്ട്. മൺ റോഡുകളാണെങ്കിൽ മഴക്കാലങ്ങളിൽ ചെളികാരണം നടക്കാൻപോലും പറ്റാത്ത അവസ്ഥയിലാണ്. മൺറോഡുകളിലൂടെയും, മെറ്റൽ റോഡുകളിലൂടെയും വേനൽക്കാലങ്ങളിൽ കടന്നു പോവുന്ന വാഹനങ്ങൾ വായുവിലുയർത്തുന്ന പൊടിപടലങ്ങൾ വായുമലിനീകരണത്തിനും ശ്വാസകോശരോഗങ്ങൾക്കും കാരണമാവുന്നുണ്ട്.

വൈദ്യുത ലൈനുകൾ കടന്നു പോവുന്ന റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

## പരിഹാരമാർഗ്ഗങ്ങൾ

'റോഡുനിർമ്മാണം' ഉപഭോക്താക്കളായ ജനങ്ങളിൽ നിന്നും മറച്ചുവെച്ചുകൊണ്ട് നടക്കുന്ന തികഞ്ഞ ഔദ്യോഗിക പ്രവർത്തനമാണിത്. ഇതിന് മാറ്റം വരേണ്ടതാണ്. ഒരു പ്രദേശത്തിലൂടെ കടന്നു പോവുന്ന റോഡിന്റെ നിർമ്മിതിയിൽ തദ്ദേശിയർക്ക് പങ്കാളിത്തമുണ്ടാവണം. ഇങ്ങനെയായാൽ അഴിമതി അവസാനിപ്പിക്കാനും റോഡിന്റെ ഗുണനിലവാരം ഉയർത്താനും കഴിയും. റോഡിന്റെ വശങ്ങളിലെ അഴുക്കുചാൽ നിർമ്മാണം വഴി പലയിടങ്ങളിലുമുള്ള റോഡു പൊട്ടിപ്പൊളിയുന്നത് ഒഴിവാക്കാം. പഞ്ചായത്തിൽ ചങ്ങരോത്ത് ഹരിജൻ കോളനി റോഡ് ഇത്തരത്തിൽ സംരക്ഷിക്കാവുന്നതാണ്.

പല പദ്ധതികളും റോഡ് ടാർ ചെയ്യാൻ വീതി ആറു മീറ്റർ വേണമെന്ന് നിർബന്ധം പിടിക്കുന്നത് ഒഴിവാക്കേണ്ടതാണ്. കേരളം പോലെ ജനസാന്ദ്രത കൂടിയ പ്രദേശത്ത് ഇത്തരത്തിലുള്ള നിയമങ്ങൾ തികച്ചും അശാസ്ത്രീയമാണ്. അതിനാൽ 6 മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകളും ടാർ ചെയ്യാനാവശ്യമായ നിയമനിർമ്മാണം വേണം. പട്ടിക 3

സർക്കാർ ജീവനക്കാരും കച്ചവടക്കാരുമടങ്ങിയ അനേകം ദീർഘദൂര യാത്രികരുടെ ചിരകാലാഭിലാഷമായ ഏറെക്കാലമായുള്ള ആവശ്യമായ ബസ്സ്റ്റാന്റ് നിർമ്മിക്കേണ്ടതാണ്. കൂടതെ റോഡരുകിലെ ടാക്സി, മിനിലോറി പാർക്കിംഗ് അവസാനിപ്പിച്ച് പ്രത്യേകം സ്റ്റാന്റുകൾ ഏർപ്പെടുത്തണം. വിദ്യാർത്ഥികളുടെ സുരക്ഷ കണക്കിലെടുത്ത് വിദ്യാലയങ്ങളോടടുത്ത ഭാഗങ്ങളിലെ റോഡുകളിൽ വരമ്പുകൾ സ്ഥാപിക്കണം.

അത്താണി- കുളക്കാട് പള്ളിറോഡ് എലിയോട് മല വരെ ദീർഘിപ്പിച്ചാൽ എടക്കാട്ടും കര ഹരിജൻ കോളനി നിവാസികൾ ഇന്നനുഭവിക്കുന്ന യാത്രാക്ലേശത്തിന് പരിഹാരമുണ്ടാവും.

യാത്രക്കാരുടെ ആധിക്യം കാരണം കാലത്തും വൈകീട്ടും ജനങ്ങൾ ഏറെ ദുരിതം അനുഭവിക്കുന്നു. ഈ സമയങ്ങളിൽ KSRTC പ്രത്യേക സർവീസ് നടത്തി പ്രശ്നം പരിഹരിക്കണം. ഈ സമയങ്ങളിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പ്രത്യേകം ബസ്സ് ഏർപ്പെടുത്തുകയും വേണം. റോഡുകളുടെ അറ്റകുറ്റപണികൾ പഞ്ചായത്ത് യഥാസമയം നിർവ്വഹിക്കുകയാണെങ്കിൽ കൂടുതൽ റിപ്പയർ ആവശ്യമാവില്ല. കാല താമസവും ഒഴിവാക്കാൻ കഴിയും.

അനേകം പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ആ പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാക്ലേശത്തിനു പരിഹാരമായാണ് ഇക്കാര്യം ചൂണ്ടിക്കാണിക്കപ്പെട്ടത്. പട്ടിക 4.

പുതിയ റോഡുകൾ നിർമ്മിക്കുന്നതിനേക്കാൾ പ്രധാന്യമുള്ള കാര്യമാണ് നടപ്പാതകൾ നിർമ്മിക്കുക എന്നത്. നടപ്പാതകൾക്കു വേണ്ടിയും ഗ്രാമസഭകളിൽ ആവശ്യമുന്നയിച്ചിട്ടുണ്ട്. പട്ടിക 5

## സാധ്യതകൾ

റോഡുകൾ നിർമ്മിക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കളുടെ സഹായം അഭ്യർത്ഥിക്കാവുന്നതാണ്. അവർ പദ്ധതി ഏറ്റെടുത്താൽ ആത്മാർത്ഥത കൂടും എന്നതിനാൽ വിനിയോഗിക്കപ്പെടുന്ന തുകകൊണ്ട് കൂടുതൽ പ്രവൃത്തി നിർവ്വഹിക്കാം. നിർമ്മിക്കപ്പെട്ട റോഡുകളുടെ പരിപാലനത്തിനായ ജനകീയ കമ്മറ്റികൾ രൂപീകരിക്കാം. വിവിധ രാഷ്ട്രീയകക്ഷികൾ, കലാസാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ റോഡുകളും, നടപ്പാതകളും നിർമ്മിക്കാൻ ശ്രമിക്കണം. ഒരു ആഘോഷം പോലെ ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കാൻ ഈ രീതിയിലുള്ള സന്നദ്ധ പ്രവർത്തനം നിർദ്ദേശമായി വരണം.

## കഴിഞ്ഞ ആറുമാസത്തിനകം നടത്തിയ പ്രവൃത്തി

| Sl.No. | പ്രവൃത്തി നടത്തിയ സ്ഥലത്തിന്റെ പേര് | വാർഡ് | മുടക്കിയസംഖ്യ. |
|---|---|---|---|
| 1. | വെള്ളുത്തേടത്ത് താഴം ഫുട്പാത്ത് | 1 | 4698.00 |
| 2. | കൊങ്ങന്നൂർ -വായനശാല റോഡ് റിപ്പേർ | 2 | 4560.00 |
| 3. | ചക്കാംകുളത്തിൽ താഴം ഫുട്പാത്ത് | 2 | 2854.00 |
| 4. | ഒരുമനക്കൽ താഴം ഫുട്പാത്ത് | 3 | 4566.00 |
| 5. | ചെറുമുണ്ടേരിതാഴം ഫുട്പാത്ത് | 3 | 4785.00 |
| 6. | പുത്തൻ പുരയിൽ ഫുട്പാത്ത് | 4 | 2850.00 |
| 7. | കുനിയിൽ തെരു ഫുട്പാത്ത് | 4 | 4760.00 |
| 8. | താഴത്തെയിൽ വേങ്ങാട്ടേരി താഴെകുന്ഫുട്പാത്ത് | 4 | 3290.00 |
| 9. | വെള്ളൂർ പാറപ്പുറം തോരായിപ്പള്ളി റോഡ് റിപ്പയർ | 5 | 4596.00 |
| 10. | തോരായികൊടശ്ശേരി റോഡ് റിപ്പയർ | 5 | 2644.00 |
| 11. | ഇല്ലത്ത് താഴെ ഫുട്പാത്ത് റിപ്പയർ | 5 | 4560.00 |
| 12. | കൊടശ്ശേരി കുന്ന് ഫുട്സ്റ്റെപ്പ് കെട്ടൽ | 6 | 4760.00 |
| 13. | കുന്നുള്ളി പെർപ്പുള്ളേരി താഴെ റോഡ് റിപ്പയർ | 7 | 9500.00 |
| 14. | എടയ്ക്കാട്ടും കര എലിയോടു മലകോളനി ഫുട്പാത്ത് | 8 | 4625.00 |
| 15. | ആനപ്പാറ ഫുട്സ്റ്റെപ്പ് കെട്ടൽ | 9 | 4765.00 |
| 16. | കുട്ടോത്ത് താഴ ഫുട്പാത്ത് | 9 | 4786.00 |



പട്ടിക A

## പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി (മീറ്റർ) | ഉടമസ്ഥത പഞ്ചായത്ത് (P) [PWD] | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഓട വേണ്ടത് | കലുങ്ക് വേണ്ടത് | പ്രധാനം ദിവസം (കഴിഞ്ഞ 6 മാസം) | അറ്റകുറ്റപ്പണി നടക്കുന്നത് (കഴിഞ്ഞ 6 മാസം) |
|---|---|---|---|---|---|---|---|---|---|---|
| 1 | അത്താണി എലിയോടുമല റോഡ് | 1.750 | 4 | P | ✓ | | ✓ | ✓ | | |
| | പാലകുളം – ഓട്ടമ്പലം | 1.150 | 4 | P | | | ✓ | ✓ | 10 | |
| | പൂക്കോട് – കൊളക്കാട് പള്ളി | 1.500 | 4 | P | | | ✓ | ✓ | | |
| 2 | അരിയാട്ടുതാഴം – ചെമ്പ്രതാഴം | 1.500 | 4 | P | | | ✓ | ✓ | | ✓ |
| | പുല്ലില്ലാമല ഹരിജൻ കോളനി റോഡ് | 1.100 | 4 | P | | | ✓ | ✓ | 20 | |
| | എടത്തിൽ താഴെ – അരിയാട്ടുതാഴം | 0.750 | 4 | P | | | ✓ | ✓ | 8 | |
| 4 | അത്തോളി – കുനിയിൽക്കടവ് | 1.250 | 8 | PWD | | ✓ | ✓ | ✓ | | |
| | കുനിയിൽ കടവ് – കണ്ടപ്പാകണ്ടി താഴം | 0.500 | 3 | P | | | ✓ | ✓ | | |
| | അത്തോളി – മുർക്കനാട് | 0.800 | 3 | P | | | ✓ | ✓ | | |
| | അത്തോളി – നമ്പ്യാട്ടുപുറം | 0.800 | 4 | P | | | ✓ | ✓ | | |
| | അത്തോളി – പീടികക്കണ്ടി കനാൽ | 0.500 | 4 | P | | | ✓ | ✓ | | |
| | കുനിയിൽ കടവ് – നമ്പ്യാട്ടുപുറം | 0.750 | 4 | P | | | ✓ | ✓ | | |
| | അത്തോളി – കുനിയിൽ [illegible] | 1.000 | 3 | P | | | ✓ | ✓ | | |
| 5 | തറോപടിക്കൽ – വേളൂർ വെസ്റ്റ് | 0.800 | 4 | P | | | ✓ | ✓ | | |
| | വേളൂർ – ചാത്തനാടത്ത് കടവ് | 1.500 | 6 | P | ✓ | | ✓ | | | |
| | വേളൂർ – പാറപ്പുറം – തോരായി | 1.000 | 4 | P | | | ✓ | ✓ | | ✓ |
| | തോരായി – കോട്ടക്കുന്ന് | 1.500 | 4 | P | | | ✓ | ✓ | | |
| | കൊടശ്ശേരി – തോരായി | 1.750 | 6 | P | ✓ | | ✓ | ✓ | | ✓ |
| 6 | കൊടശ്ശേരി – കണ്ണിപ്പൊയിൽ | 1.500 | 6 | P | ✓ | | ✓ | ✓ | | |
| | കുറുവാളൂർ – കോതങ്കൽ | 2.000 | 6 | P | | ✓ | ✓ | ✓ | | |
| 7 | മൊടക്കല്ലൂർ – ചായാടത്തുപാറ | 1.500 | 6 | P | | | ✓ | ✓ | | |
| | കൂമുള്ളി – ചെർപ്പുള്ളേരി – കുന്നുമ്മൽതാഴെ | 2.000 | 6 | P | | | ✓ | ✓ | | ✓ |
| | കൂമുള്ളി – പുത്തഞ്ചേരി – നാറാത്ത് | 0.500 | 6 | PWD | ✓ | | ✓ | ✓ | | |
| 8 | അത്തോളി – ചീക്കിലോട് | 3.750 | 8 | PWD | ✓ | | ✓ | ✓ | | |
| | അപ്പാവീട്ടിൽ – ചിരട്ടക്കരതാഴെ | 1.500 | 3 | P | | | ✓ | ✓ | | |
| | കണ്ണിപ്പൊയിൽ – കവലായി താഴെ | 0.800 | 4 | P | | | ✓ | ✓ | | |
| 9 | അത്താണി – കുനിയിൽ കടവ് | 0.850 | 4 | P | | | ✓ | ✓ | | |
| | കുനിയപ്പള്ളി – വായനശാല | 1.500 | 4 | P | | | ✓ | ✓ | | |
| | അത്താണി – ആനപ്പാറ | 1.950 | 6 | P | ✓ | | ✓ | ✓ | | |
| 10 | കോതങ്കൽ – കണ്ണിപ്പൊയിൽ | 2.000 | 3 | P | | | ✓ | ✓ | | |
| | കൂമുള്ളി – കോതങ്കൽ | 2.000 | 8 | PWD | ✓ | | ✓ | ✓ | | |
| | കോതങ്കൽ – വെള്ളിലാട് മല | 2.000 | 4 | P | | | ✓ | ✓ | | |
| 11 | കൊടക്കല്ലി – അംബേദ്കർ കോളനി | 1.000 | 6 | P | ✓ | | ✓ | ✓ | | |

പട്ടിക 2

## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ സംബന്ധിച്ച വിവരം

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ | വീതി മീ. | ബസ് |
|---|---|---|---|---|---|
| 1 | ഉള്ള്യേരി പുതിയങ്ങാടി റോഡ് | PWD | 9 | 12 | ഉണ്ട് |
| 2 | അത്താണി – കൊളക്കാട് പള്ളി റോഡ് | പഞ്ചായത്ത് | 1.750 | 4 | ഇല്ല |
| 3 | വേളൂർ – ചാത്തനാടത്ത് കടവ് റോഡ് | പഞ്ചായത്ത് | 1.500 | 6 | ഉണ്ട് |
| 4 | കൊടശ്ശേരി – തോരായി റോഡ് | പഞ്ചായത്ത് | 1.750 | 6 | ഇല്ല |
| 5 | കൊടശ്ശേരി – കണ്ണിപ്പൊയിൽ റോഡ് | പഞ്ചായത്ത് | 1.500 | 6 | ഇല്ല |
| 6 | കൂമുള്ളി – പുത്തഞ്ചേരി റോഡ് | പഞ്ചായത്ത് | 0.500 | 6 | ഇല്ല |
| 7 | അത്തോളി – ചീക്കിലോട് റോഡ് | PWD | 3.750 | 8 | ഉണ്ട് |
| 8 | അത്താണി – ആനപ്പാറ റോഡ് | പഞ്ചായത്ത് | 1.950 | 6 | ഇല്ല |
| 9 | കൂമുള്ളി – കൊളങ്ങര ക്ഷേത്രം റോഡ് | PWD | 2.000 | 8 | ഉണ്ട് |
| 10 | കൊടക്കല്ല്–അംബേദ്കർ കോളനിറോഡ് | പഞ്ചായത്ത് | 1.000 | 6 | ഇല്ല |

പട്ടിക 3

## പഞ്ചായത്തിലെ ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | റോഡ് | വാർഡ് | ദൂരം കി.മീ | വീതി മീ. |
|---|---|---|---|---|
| 1 | പാലകുളം – ഓട്ടമ്പലം റോഡ് | 1 | 1.150 | 4 |
| 2 | പൂക്കോട് – കൊളക്കാട് പള്ളി റോഡ് | 1 | 1.500 | 4 |
| 3 | അരിയാട്ടുതാഴ – ചെമ്പ്രതാഴ | 2 | 1.500 | 4 |
| 4 | പുല്ലില്ലാമല ഹരിജൻ കോളനി റോഡ് | 2 | 1.110 | 4 |
| 5 | എടത്തിൽതാഴ – അരിയാട്ടുതാഴ റോഡ് | 2 | 0.750 | 4 |
| 6 | അത്തോളി – മൂർക്കനാട് റോഡ് | 4 | 0.800 | 3 |
| 7 | അത്തോളി – നമ്പ്യാട്ടുംപുറം റോഡ് | 4 | 0.500 | 3.5 |
| 8 | അത്തോളി – പീടികക്കണ്ടി കനാൽ | 4 | 0.500 | 4 |
| 9 | കുനിയിൽകടവ് – നമ്പ്യാട്ടുംപുറം | 4 | 0.750 | 4 |
| 10 | തറോപടിക്കൽ – വേളൂർ വെസ്റ്റ് | 5 | 0.800 | 4 |
| 11 | വേളൂർ – പാറപ്പുറം – തോരായി | 5 | 1.000 | 4 |
| 12 | തോരായി – കോട്ടക്കുന്ന് | 5 | 1.500 | 4 |
| 13 | കുറുവാളൂർ – കേതങ്കൽ | 6 | 2.000 | 6 |
| 14 | മൊടക്കല്ലൂർ ചായാടത്തുപാറ | 7 | 0.500 | 6 |
| 15 | അപ്പാവീട്ടിൽ ചിരട്ടക്കരത്താഴ | 8 | 1.500 | 4 |
| 16 | കൂമുള്ളി – ചെർപ്പുള്ളേരി | 7 | 1.500 | 6 |
| 17 | കണ്ണിപ്പൊയിൽ – കവലായിതാഴ | 8 | 0.800 | 4 |
| 18 | അത്താണി – കുനിയിൽ കടവ് | 9 | 0.850 | 4 |
| 19 | കുനിയിൽപള്ളി – കൊങ്ങന്നൂർ – വി.കെ.റോഡ് | 9,2 | 2.250 | 3.75 |
| 20 | കോതങ്കൽ – കണ്ണിപ്പൊയിൽ റോഡ് | 10 | 2.000 | 3 |
| 21 | കോതങ്കൽ – വെള്ളിലാട് മല | 10 | 2.400 | 4 |

പട്ടിക 4

## പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| നമ്പർ | റോഡ് | വാർഡ് | നീളം കി.മീ |
|---|---|---|---|
| 1 | സ്റ്റേറ്റ് ഹൈവേയിൽ നിന്ന് ചെത്തിൽമീത്തൽ ഭാഗത്തേക്ക് | 1 | 0.500 |
| 2 | പൂക്കോട് – കൊട്ടിപ്പുറത്തുതാഴം | 1 | 0.500 |
| 3 | പുതിയോട്ടിൽ താഴ – ആക്കിലാംകണ്ടി മുക്ക് | 1 | 0.300 |
| 4 | ഓട്ടമ്പലം – കോയക്കണ്ടി മീത്തൽ | 1 | 0.500 |
| 5 | ചോയികുളം – പുല്ലില്ലാമല ഹരിജൻകോളനി | 2 | 1.200 |
| 6 | കവലയിൽതാഴെ – ചോയികുളം | 2 | 0.400 |
| 7 | പുല്ലില്ലാമല ഹരിജൻ കോളനി പിഎച്ച്സി സബ് സെന്റർ | 2 | 0.300 |
| 8 | കുടക്കല്ല് – പിഎച്ച്സി | 3 | 0.800 |
| 9 | ചാലമ്പാട്ടിൽ താഴെ – പിഎച്ച്സി | 3 | 1.000 |
| 10 | കുടക്കല്ല് – കണ്ണിപ്പൊയിൽ | 3 | 1.600 |
| 11 | മണാട്ട് താഴെ – കളിയാടത്ത് താഴെ | 4 | 1.000 |
| 12 | വേളൂർ – മണ്ണാങ്കണ്ടി കോളനി റോഡ് | 5 | 0.750 |
| 13 | കൊടശ്ശേരി – നെടുവപ്പാറ റോഡ് | 6 | 0.700 |
| 14 | കൊടശ്ശേരി – കൊടക്കല്ല് | 6 | 0.750 |
| 15 | കൊടശ്ശേരി – മുറിനട | 6 | 0.500 |
| 16 | വെള്ളിലാട് മല ഹരിജൻ കോളനി–കൊളത്തൂർ ലിങ്ക് റോഡ് | 7 | 0.650 |
| 17 | പാലോറമല ഹരിജൻ കോളനി | 7 | 0.750 |
| 18 | വേരങ്കൽ–തിരുത്തോത്ത് മീത്തൽ കോളനി റോഡ് | 7 | |
| 19 | പമ്മൽമീത്തൽ കോളനി – കുമുള്ളി റോഡ് | 7 | |
| 20 | കുമുള്ളി – ശ്മശാനം റോഡ് | 7 | 0.500 |
| 21 | ചിമ്മമല – ശ്മശാനം റോഡ് | 5 | |
| 22 | ബാലവാടി – രാരോത്ത് താഴം റോഡ് | 8 | 1.000 |
| 23 | കോട്ടംപ്പുറത്ത് താഴ അംബേദ്കർ കോളനി റോഡ് | 8 | |
| 24 | ചാത്തംപറമ്പത്ത് താഴ – രാരോത്ത് താഴ | 8 | |
| 25 | തിരുമംഗലത്ത് താഴ–ചെരട്ടക്കരത്താഴ | 8 | |
| 26 | കുറുപ്പംകണ്ടിതാഴ – വായനശാല റോഡ് | 9 | |
| 27 | മേപ്പള്ളിത്താഴ–പോളിക്കണ്ടി പടിക്കൽതാഴെ വരെ | 9 | |
| 28 | കരിമ്പയിൽതാഴെ – ചെട്ട്യാങ്കണ്ടി റോഡ് | 9 | |
| 29 | വെള്ളായിക്കോട് മുക്ക് – ചെട്ട്യാംവീട്ടിൽ താഴം | 5 | 0.250 |
| 30 | കോതങ്കൽ – തൊടക്കല്ലൂർ റോഡ് | 10 | |
| 31 | കോതങ്കൽ – കുറുവാളൂർ റോഡ് | 10 | |
| 32 | കോതങ്കൽ – ഇല്ലത്ത്താഴം റോഡ് | 10 | |

പട്ടിക 5

## ആവശ്യമായ നടപ്പാതകൾ

| നമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | നെല്യാത്തിൽ - വൈദ്യർകണ്ടി മീത്തൽ | 1 |
| 2 | ചാലയ്ക്കൽ താഴെ - കൊട്ടിപ്പുറം | 1 |
| 3 | ചെട്ട്യേരിതാഴെ -കൊട്ടിപ്പുറം താഴെ | 1 |
| 4 | വി.കെ. റോഡ് - നമ്പിടികണ്ടി | 2 |
| 5 | കുന്നോത്തിൽ താഴ - വായനശാല | 2 |
| 6 | കവലയിൽ താഴെ - കരുമനയ്ക്കൽതാഴെ | 3 |
| 7 | മേലേടത്ത് താഴെ വഴി ചീടത്തിൽ മീത്തൽ | 3 |
| 8 | ചന്തുവീട്ടിൽതാഴം - വേളൂർ വെസ്റ്റ് | 3 |
| 9 | കുഴിയ്ക്കാട്ട് താഴെ - കരുമനയ്ക്കൽ താഴെ | 3 |
| 10 | കാപ്പിൽതാഴെ - കൊല്ലിക്കുനി താഴെ | 4 |
| 11 | മേക്കോട്ട്താഴെ ഫുട്ട് ബ്രിഡ്ജ് | 4 |
| 12 | കൊല്ലിക്കുനിതാഴെ ഫുട്ട് ബ്രിഡ്ജ് | 4 |
| 13 | തോരായി അങ്ങാടി - കോമത്ത്, നടുവിൽ വടക്കേടത്ത് താഴം | 5 |
| 14 | എടക്കാട്ട്താഴ - തോരായി അങ്ങാടി | 5 |
| 15 | അ.യനിക്കോട്ട് - ഉണ്ണ്യേച്ചിക്കണ്ടി | 5 |
| 16 | മപ്പുറത്ത്താഴം - കാവുണ്ടപ്പാറ | 7 |
| 17 | കുമുള്ളി - ആശാരിക്കൽ | 7 |
| 18 | കുമുള്ളി - പനങ്കുറത്താഴ | 7 |
| 19 | കുമുള്ളി - എടത്തിൽതാഴെ | 7 |
| 20 | ചമ്മിൽമീത്തൽ - കുമുള്ളി | 7 |
| 21 | ജി.എം. യു.പി. സ്കൂളിനു പടിഞ്ഞാറുഭാഗം | 9 |
| 22 | വെള്ളച്ചാലിൽതാഴെ - അരീക്കര തോട് വരെ | 9 |
| 23 | കുട്ടോത്ത്താഴെ - കൈത്താരി താഴെ | 9 |
| 24 | വയപ്പുറത്തുതാഴെ - അത്തായക്കുന്നുമ്മൽ | 6 |
| 25 | കൊട്ടടിതാഴെ - കോളോത്ത്കണ്ടി | 6 |



# ഊർജ്ജം

നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ പശ്ചാത്തല സൗകര്യങ്ങൾക്കുള്ള സ്ഥാനം ഏറെ ശ്രദ്ധേയമാണ്. പരമ്പരാഗതമായി, ഗതാഗതം, വാർത്താവിനിമയം, ഊർജ്ജം, വെള്ളം, ഇതൊക്കെയാണ് പശ്ചാത്തല സൗകര്യത്തിന്റെ പ്രധാന ഭാഗങ്ങൾ. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ആളോഹരി ഊർജ്ജ ഉപയോഗം കുറവാണ്. കേരളത്തിന്റെ ശരാശരി ഊർജ്ജ ഉപഭോഗം ഇന്ത്യൻ ശരാശരിയിലും താഴെയാണ്. ഊർജ്ജത്തിന്റെ അളവും മാത്രമല്ല, ഗുണവും വർദ്ധിപ്പിക്കണം. താഴ്ന്ന വോൾട്ടത, അസ്ഥിരത ഇവയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ രീതിയിലുള്ള ഊർജ്ജം ഉപയോഗിക്കുന്നത് വികസനപ്രക്രിയയെ പ്രതികൂലമായി ബാധിക്കുന്നു.

1974ലാണ് അത്തോളി പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. ഇന്ന് അത്തോളിയിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു മേജർ സെക്ഷൻ ഓഫീസ് പ്രവർത്തിച്ചു വരുന്നു. ഇതിനു കീഴിൽ അത്തോളി പഞ്ചായത്തിൽ 14 LT ട്രാൻസ്ഫോർമറുകളാണുള്ളത്.

1. വി.കെ. റോഡ്
2. ചോയിക്കുളം
3. ഓട്ടമ്പലം.
4. കുനിയിൽ കടവ്.
5. അത്തോളി ടൗൺ
6. എൽ.പി. സ്ക്കൂൾ അത്തോളി.
7. കണ്ണിപ്പൊയിൽ.
8. കൊടക്കല്ല്
9. വേളൂർ വെസ്റ്റ്
10. തോരായി.
11. കൊടശ്ശേരി
12. കൂമുള്ളി
13. കോതങ്കൽ
14. കൊങ്ങന്നൂർ

അത്തോളി പഞ്ചായത്തിലെ മൊത്തം വൈദ്യുത ലൈനിന്റെ നീളം 19530 മീറ്ററാണ്. 1991 ജനുവരി 1-ാം തിയ്യതി വരെ ലഭിച്ച അപേക്ഷകൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 477 അപേക്ഷകൾക്ക് (Ordinary) വൈദ്യുതി കണക്ഷൻ നൽകാൻ ബാക്കിയുണ്ട്. OTP; OYEC അപേക്ഷകർക്കെല്ലാം കണക്ഷൻ നൽകിയിട്ടുണ്ട്.

8 ഹരിജൻ കോളനികൾ വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്.

1. ചങ്ങോരത്ത് അംബേദ്കർ കോളിനി
2. എലിയോട് മല (കൊളക്കാട്)
3. അംബേദ്കർ സ്മാരക കോളനി, കൊളക്കാട്
4. കണ്ണിപ്പൊയിൽ
5. പുല്ലില്ലാമല
6. തദ്ദംപത്ത് മീത്തൽ
7. വെള്ളിലാട് മല
8. കൊടശ്ശേരിക്കുന്ന് ലക്ഷം വീട്

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച്

പ്രധാനറോഡിന്റെ വശങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും കത്താത്ത അവസ്ഥയിലാണ്. ഇവയുടെ പരിപാലനം വേണ്ട രീതിയിൽ നടക്കുന്നില്ല. മാത്രമല്ല ഗ്രാമസഭകളിൽ നിന്ന് തെരുവുവിളക്കുകൾക്കായി നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിട്ടുണ്ട്.

## തെരുവുവിളക്കുകൾ

(a) ബൾബുകൾ
 (1) 40w 142
 (2) 60w 131
 (3) 80w 26
(b) ട്യൂബുകൾ 26
(c) സോഡിയം വേപ്പർ 15

ആകെ 340

തെരുവുവിളക്കുകൾ കത്തിക്കുന്നതിലേക്കായി പഞ്ചായത്ത് 82841/- രൂപയാണ് (വാർഷികം) ചെലവഴിക്കുന്നത്. ഇത് മൊത്തം വരുമാനത്തിന്റെ 10.61% വരും

എന്നത് ശ്രദ്ധിക്കപ്പെടണം. കത്താത്ത ബൾബിന്റെയും ചാർജ്ജ് അടയക്കേണ്ട ഗതികേട് ഇന്ന് പഞ്ചായത്തിനുണ്ട്.

## കുടീർ ജ്യോതി പദ്ധതി

നടുവച്ചാൽ കോളനിയിലെ മുഴുവൻ വീടുകൾക്കും കണക്ഷൻ നൽകിക്കൊണ്ടാണ് ഈ പദ്ധതിയുടെ ജില്ല തല ഉദ്ഘാടനം നടന്നത്. ഈ സ്കീമിൽ പഞ്ചായത്തിൽ 83 പേർക്ക് സൗജന്യമായി വയറിംഗ് ചെയ്ത് കണക്ഷൻ നൽകിയിട്ടുണ്ട്.

വീടുകളിൽ പ്രധാന ഇന്ധനം വിറകാണ്. മണ്ണെണ്ണ, ഗ്യാസ് തുടങ്ങിയ ഇന്ധനങ്ങളുടെ ഉപഭോഗം വളരെ കുറവാണ്. വിറകിന്റെ ലഭ്യത നാട്ടിൻ പുറങ്ങളിൽപോലും കുറഞ്ഞുവരികയാണ്. ഇത് ജനസംഖ്യാവർദ്ധനവിന്റെ ഫലമായുണ്ടായ ഭൂമി തുണ്ടവൽക്കരണത്തിന്റെയും വീടുനിർമ്മാണത്തിന്റെയും അനന്തരഫലമായുണ്ടായതാണ്. 350 പുകയില്ലാത്ത അടുപ്പുകൾ ANERT ഉം ശാസ്ത്ര സാഹിത്യ പരിഷത്തും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ

വൈദ്യുത ലൈനുകളുള്ള എല്ല റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ ഉടനെ സ്ഥാപിക്കണമെന്ന് എല്ലാ ഗ്രാമസഭകളും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. കൂടാതെ, വോൾട്ടേജ് ക്ഷാമത്തിന്റെപരാതികളും ഗ്രാമസഭകളിൽ നിന്നുയർന്നു വന്നു. നമ്മുടെ പല ഇലക്ട്രിക് ഉപകരണങ്ങളും വേണ്ടരീതിയിൽ പ്രവർത്തിക്കാത്തതിനും ആയുസ്സ് കുറയുന്നതിനും വോൾട്ടേജ് കമ്മി ഒരു കാരണമാണ്.

### വൈദ്യുതി ഉടൻ എത്തിക്കേണ്ട പ്രദേശങ്ങൾ:

- ❑ ചെത്തിൽ മീത്തൽ, കമ്മിളി മീത്തൽ, പാടത്തിൽ മീത്തൽ (വാർഡ് 1)
- ❑ അരിയോന്നുകണ്ടി കോളനി. (വാർഡ് 3)
- ❑ വള്ളിൽത്താഴം, മേക്കോത്ത് കുന്നുമ്മൽ, ഒടിയിൽ ഭാഗം (വാർഡ് 4)
- ❑ കോട്ടക്കുന്ന് കോളനി, മണ്ണാങ്കണ്ടി കോളനി (വാർഡ് 5)
- ❑ വരയാലിൽ മേടക്കര, കാളത്തുംകണ്ടി ഭാഗം, അഴയിൽ മീത്തൽ, കക്കുടുമ്പിൽ മീത്തൽ, അയ്യപ്പൻ കുഴി, കപ്പടപ്പിൽ ഭാഗം, പുതുക്കുടി കോടമ്പുനത്തിൽ, തറമ്മ, കുറുവാളൂർ, ചാലേക്കുഴി, വള്ളിക്കാറമ്പത്ത്, ചവറങ്ങാട് (വാർഡ് 6)
- ❑ ചമ്മിൽ മീത്തൽ, കോമത്ത് 4 സെന്റ് കോളനി, മപ്പുറത്ത്, തറോൽക്കണ്ടി ഭാഗം, മാണിക്കോത്ത് മീത്തൽ (വാർഡ് 7)
- ❑ പുതിയ കുന്നുമ്മൽ, അരങ്ങത്ത് മീത്തൽ, ചെറുവത്തകണ്ടി മീത്തൽ കോളനി, വരേക്കണ്ടി പ്രദേശം, ഓതയോത്തുമീത്തൽ കോളനി. (വാർഡ് 8)
- ❑ ആനപ്പാറ ഭാഗത്ത് മത്സ്യത്തൊഴിലാളി മേഖല (വാർഡ് 9)
- ❑ കരിമ്പാരുകണ്ടി പ്രദേശം, പുതുക്കുടി 4 സെന്റ് കോളനി (വാർഡ് 11)

## പരിഹാരങ്ങൾ സാധ്യതകൾ

കേരളം മൊത്തത്തിൽ വൈദ്യുതി കമ്മി നേരിടുന്നതിനാൽ പ്രസരണനഷ്ടം കഴിയുന്നത്ര കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. വൈദ്യുത ലൈനുകളിൽ തട്ടുന്ന വൃക്ഷശിഖിരങ്ങൾ വെട്ടിമാറ്റുന്ന പ്രവർത്തനം ശരിയായ രീതിയിൽ പ്ലാൻ ചെയ്ത് നടപ്പാക്കണം. ട്രാൻസ്ഫോർമറുകളും വൈദ്യുതലൈനുകളും ഇടയ്ക്കിടെ പരിശോധിക്കാനും അറ്റകുറ്റപ്പണികൾ നടത്താനും ഇന്ന് നിലവിലുള്ള മാർഗ്ഗങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണം. വൈദ്യുതിയുടെ അമിതോപഭോഗം തടയാൻ ബോധവൽക്കരണം നടത്തണം. ഇന്ന് ഇത് കൂടുതൽ പവർകട്ട് ഏർപ്പെടുത്തുന്ന കാലയളവിൽ മാത്രമാണ് ചെയ്യുന്നത്, വൈദ്യുതോപകരണങ്ങൾ വിപണിയിലെത്തും മുമ്പേ അതിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നടപടികൾ ആവിഷ്കരിക്കണം. വോൾട്ടേജ് കമ്മി പരിഹരിക്കാനാവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

കുറഞ്ഞ വാട്സുള്ള 'എനർജി സേയ്വർ' ബൾബുകൾ സബ്സിഡി നിരക്കിൽ കൊടുക്കാൻ തയ്യാറായാൽ വൈദ്യുതി ലാഭിക്കാം. ഇത് വൈദ്യുതി ഉൽപാദനത്തിന് തുല്യമായ മാർഗമാണ്. ബൾബുകളെക്കാൾ ട്യൂബ് ലൈറ്റുകൾക്ക് പ്രധാന്യം കൊടുക്കുകയും സ്ഥാപിക്കുകയും വേണം. ഇതും വൈദ്യുതി ലാഭിക്കാനുള്ള ഉപാധിയാണ്.

തെരുവു വിളക്കുകൾ സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനം കാരണം നശിപ്പിക്കപ്പെടുമെന്നുണ്ട്. ഇത് തടയാൻ പ്രാദേശികമായി കമ്മറ്റികൾ രൂപമെടുക്കണം. ഇന്ന് പഞ്ചായത്തുകളിൽ എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചു എന്നതിനെ അടിസ്ഥാനമാക്കിയാണ് ഇലക്ട്രിസിറ്റി ബോർഡ് ചാർജ്ജ് ഈടാക്കുന്നത്. അതിനാൽ പ്രതിമാസം 11,598 രൂപയാണ് പഞ്ചായത്തിന് ചെലവ്. ഇത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണ് എന്നതിനാൽ പഞ്ചായത്ത് സ്ഥാപിച്ച തെരുവുവിളക്കുകൾ ഉപ

യോഗിക്കുന്ന വൈദ്യുതി എത്രയെന്ന് കൃത്യമായി നിർണ്ണയിച്ച് അതിനുള്ള ചാർജ്ജ് മാത്രം ഈടാക്കണം. പ്രത്യേകം മീറ്റർ സ്ഥാപിക്കാവുന്നതാണ്.

ഇന്ന് നിലവിലുള്ള സ്ലാബ് സമ്പ്രദായത്തിനു പകരം ഉപയോഗിച്ച വൈദ്യുതിക്കു മാത്രം ചാർജ്ജ് ഈടാക്കാനുള്ള സമ്പ്രദായം വേണമെന്ന് പല ഗ്രാമസഭകളും ആവശ്യപ്പെട്ടു. കൂടാതെ ഇലക്ട്രിസിറ്റി മീറ്ററുകൾ പലതും ശരിയായ രീതിയിലല്ല പ്രവർത്തിക്കുന്നത് എന്നതിനാൽ അവ പരിശോധിക്കാനും മാറ്റി സ്ഥാപിക്കാനും ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാവണം. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ സൗരോർജ്ജം ഉപോഗപ്പെടുത്തി പ്രവർത്തിക്കുന്ന സോളാർ കുക്കറുകളും, വിളക്കുകളും കുറഞ്ഞ വിലയിൽ ലഭ്യമാക്കണം. ഈ മേഖലയിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടതാണ്.

ഇന്ധന ലാഭത്തിനും, നമ്മുടെ ആരോഗ്യത്തിനും വേണ്ടി പുകയില്ലാത്ത അടുപ്പുകൾ വീടുകളിൽ സ്ഥാപിക്കണം. ഇതിന് കൂടുതൽ സബ്സിഡി നൽകി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും എത്തിക്കാൻ ശ്രമിക്കണം. ഗ്യാസ് കണക്ഷൻ ലഭിക്കാനുള്ള താമസം ഒഴിവാക്കാൻ പഞ്ചായത്തിൽ ഗ്യാസ് ഏജൻസി ആരംഭിക്കണം.





# മാർക്കറ്റ്

അത്തോളി പഞ്ചായത്തിലെ കച്ചവടത്തിന് വർഷങ്ങളുടെ ചരിത്രം പറയാനുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യയിൽ കച്ചവടത്തിനായി വന്നു വേരുറപ്പിച്ച കാലഘട്ടത്തിൽ തന്നെയാണ് കച്ചവടാവശ്യാർത്ഥം തലശ്ശേരിയിൽ നിന്നും കുനിയിൽ പുഴ മാർഗ്ഗം കേയിമാർ അത്തോളി പഞ്ചായത്തിൽ പാണ്ഡിക ശാല സ്ഥാപിച്ചത്. അവർ അത്തോളി പഞ്ചായത്തിലെ കാർഷികോൽപന്നങ്ങൾ കച്ചവടം ചെയ്ത് പായക്കപ്പലിൽ കൊച്ചിയിലെത്തിച്ചു. ഇങ്ങനെ കാലക്രമേണ കേയിമാർ പാണ്ഡികശാല മുഖേന അത്തോളിയുടെ മണ്ണിൽ വേരുറപ്പിച്ചു.

കൊപ്രയും, അടക്കയും, കുരുമുളകും, കയറും അത്തോളിയിൽ നിന്ന് കൊച്ചിയിലേക്ക് കയറ്റി അയക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ഈ ഉൽപന്നങ്ങൾ വില്പന നടത്താൻ കോഴിക്കോട് മാർക്കറ്റിനെയാണ് ആശ്രയിക്കുന്നത്. കാർഷികോൽപ്പന്നങ്ങൾക്കു പുറമെ ചെറുകിട മത്സ്യ പിടുത്തക്കാരിൽ നിന്ന് ചെമ്മീൻ സംഭരിച്ച് സംസ്കരിച്ച് കയറ്റി അയക്കുന്നുണ്ട്. കുറഞ്ഞ അളവിൽ കക്കയും കയറ്റുമതി ചെയ്യപ്പെടുന്നു.

പഴയ കാലത്ത് എല്ലാദിവസവും വൈകുന്നേരം അത്തോളിയുടെ പ്രദേശങ്ങളിൽ നിന്ന് സ്ത്രീകളുൾപ്പെടെയുള്ള ചെറു സംഘങ്ങൾ കാർഷികോൽപ്പന്നങ്ങളും മറ്റു വിപണന വസ്തുക്കളുമായി അത്തോളി അങ്ങാടിയിലെത്തിയിരുന്നു. ഇന്നത്തെ ആഴ്ചചന്തകളെപോലെ ഇവരുടെ വരവും ഒരു പ്രധാന കാഴ്ചയായിരുന്നു. വെറ്റില, പായ, മുറം, കുട്ട, വട്ടി, തോർത്ത്, കാലിത്തീറ്റയായ പച്ചപ്പുല്ല് തുടങ്ങിയവയായിരുന്നു ഇവർ അങ്ങാടിയിൽ വിപണനത്തിനെത്തിച്ചത്.

ഇന്ന് ആധുനികരീതിയിൽ പരിഷ്കൃത സമ്പ്രദായങ്ങൾ നിലവിൽവന്നതോടെ പഴയ ചന്തകൾ അപ്രത്യക്ഷമായി. വിപണനക്കാർ കോൺക്രീറ്റ് കെട്ടിടങ്ങളിലേക്ക് ചേക്കേറി. 9-ാം പദ്ധതി ഉദ്ദേശിച്ച രീതിയിൽ പൂർത്തിയാകുമ്പോൾ ഇന്നത്തെ സംവിധാനത്തിൽ നിന്ന് മാർക്കറ്റുകൾക്ക് മാറ്റം വരേണ്ടതുണ്ട്.

ചെറുകിട കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും പരമ്പരാഗത ഗൃഹോപകരണങ്ങളും വിപണനം നടത്താൻ പൊതു കച്ചവടസ്ഥലങ്ങൾ അനിവാര്യമാണ്. വിലക്കയറ്റം പിടിച്ചു നിർത്താൻ സർക്കാർ തലത്തിൽ തന്നെ പൊതു മാർക്കറ്റുകൾ ഉണ്ടാവേണ്ടതുണ്ട്. ജില്ലാ തലത്തിൽ നടത്തുന്നതുപോലുള്ള കച്ചവടമേളകൾ വർഷത്തിലൊരിക്കൽ പഞ്ചായത്തിലുമുണ്ടാവേണ്ടതാണ്. വാർഡുകളിൽ നിന്നും കാർഷികോൽപ്പന്നങ്ങൾ കൃഷിക്കാരിൽ നിന്നും നേരിട്ടു സംഭരിക്കുന്നതിന് സഹകരണാടിസ്ഥാനത്തിലുള്ള കച്ചവട സ്ഥാപനങ്ങൾ ഉയർന്നു വരണം. വാർഡു തലത്തിൽ മത്സ്യ മാംസങ്ങൾ ഒരേ കേന്ദ്രത്തിൽ തന്നെ വിതരണം ചെയ്യാനുള്ള സംവിധാനം നിലവിൽ വരേണ്ടതാണ്.

## നിർദ്ദേശങ്ങളും സാധ്യതകളും:

പിന്നോട്ടടിച്ചു കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ നിന്നും കരകയറാൻ തീർച്ചയായും പുതിയ വികസനപദ്ധതികൾക്ക് സാധിക്കും. കാർഷികോൽപ്പന്നങ്ങളായ കൊപ്ര, അടയ്ക്ക തുടങ്ങിയ ഉല്പന്നങ്ങൾ ശേഖരിക്കാൻ സഹകരണാടിസ്ഥാനത്തിൽ വിപണനകേന്ദ്രങ്ങൾ തുടങ്ങേണ്ടതുണ്ട്. പച്ചക്കറി, പരമ്പരാഗത ഗൃഹോപകരണങ്ങൾ തുടങ്ങിയ വിൽക്കാൻ സൗകര്യപ്രദമായ ആഴ്ചചന്ത പഞ്ചായത്തു കേന്ദ്രത്തിൽ ഉയർന്നുവരണം. ഇത് പഞ്ചായത്തിന് വരുമാന മാർഗ്ഗവുമാവും. ഗ്രാമീണരുടെ കുടിൽ വ്യവസായമായി ഉത്പാദിപ്പിക്കുന്ന കരകൗശല വസ്തുക്കൾ, സോപ്പ്, തുള്ളിനീലം ഇവ ശേഖരിക്കുന്ന സൊസൈറ്റികൾ രൂപീകരിക്കുകയും പ്രസ്തുത ഉൽപ്പന്നങ്ങൾ വനിതകൾ ഉൾപ്പെടെയുള്ള കമ്മീഷൻ ഏജന്റുമാരെ നിയമിച്ച് വിൽപ്പന നടത്തുകയും ചെയ്താൽ പുതിയ തൊഴിൽ മേഖല കണ്ടെത്തുകയും ചെയ്യാം. IRDP മേള പോലുള്ള വാർഷിക മേളകൾ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയാൽ ഗ്രാമത്തിന്റെ ഉത്സവമാക്കി മാറ്റാനും സാധിക്കും. പൊതു വിതരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ വടക്കു ഭാഗത്ത് (കൂമുള്ളി) മാവേലി സ്റ്റോർ തുടങ്ങുന്നതിന്റെ ആവശ്യകതയും ഗ്രാമസഭയിൽ ഉയർന്നുവന്നിരുന്നു.

നമ്മുടെ ഗ്രാമീണ സംസ്കാരത്തെയെന്ന പോലെ വിപണന സംസ്കാരത്തെയും ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങൾ സാരമായി സ്വാധീനിച്ചിട്ടുണ്ട്. പുതിയ സാഹചര്യത്തിൽ പഞ്ചായത്തു മുൻകൈ എടുത്താൽ കാർഷികവ്യാവസായിക ഉൽപ്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കാനും പുതിയ തൊഴിൽസാധ്യതകൾക്ക് രൂപം കൊടുക്കാനും കഴിയും. ഇങ്ങനെ ഓരോന്നിന്റെയും അധികലഭ്യതയും ഇല്ലായ്മയും സമതുലിതം ചെയ്ത് കരുത്തുറ്റ ഒരു പഞ്ചായത്ത് വിപണന സംസ്കാരം ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.



# പാർപ്പിടം

ഇടത്തരം ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന അത്തോളി പഞ്ചായത്തിൽ ഗൾഫ് മലയാളികളുടെ സ്വാധീനമാണ് പാർപ്പിട രംഗത്ത് ഏറെ മാറ്റം വരുത്തിയത്. പഴയ കേരളീയ മാതൃകയിലുള്ള വീടുകളിൽ നിന്ന് പുതിയ കോൺക്രീറ്റ് സൗധങ്ങളിലേക്കുള്ള മാറ്റം ഏറെ ശ്രദ്ധേയമാണ്. പഞ്ചായത്തിൽ എത്തിച്ചേരുന്ന ഗൾഫ് പണത്തിന്റെ നല്ലൊരു ഭാഗവും ചെലവഴിക്കപ്പെടുന്നത് പാർപ്പിട രംഗത്താണ്. ഒരു വശത്ത് കൂറ്റൻ കെട്ടിടങ്ങൾ ഉയരുമ്പോൾ സൗകര്യപ്രദമായ ഭവനങ്ങളുടെ അഭാവവും തീരെ വീടില്ലാത്തവരും ഈ പഞ്ചായത്തിലുണ്ട്. (പട്ടിക 1 നോക്കുക)

| വാർഡ് | വീടുകളുടെ എണ്ണം | ഓട് മേഞ്ഞ് | ഓല കുടിൽ |
|---|---|---|---|
| 1 | 452 | 329 | 123 |
| 2 | 503 | 353 | 150 |
| 3. | 494 | 350 | 144 |
| 4 | 360 | 273 | 87 |
| 5 | 510 | 326 | 184 |
| 6 | 498 | 318 | 180 |
| 7 | 455 | 206 | 249 |
| 8 | 387 | 204 | 183 |
| 9 | 371 | 279 | 92 |
| 10 | 375 | 161 | 214 |
| Total | 4405 | 2799 | 1616 |

*അവലംബം 1991 സെൻസസ്*

**ദരിദ്ര ജനവിഭാഗങ്ങളുടെ ഭവന നിർമ്മാണം സംബന്ധിക്കുന്ന വിവരങ്ങൾ**

| | |
|---|---|
| വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | 440 |
| വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | 142 |
| പൂർത്തീകരിച്ചത് | 101 |
| അനുവദിച്ചതിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള വീടുകൾ | 41 |
| ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം. | 298 |

അത്തോളി പഞ്ചായത്തിന്റെ പലയിടങ്ങളിലും വീടു നിർമ്മാണം നടത്തുന്നത് വയലുകൾ നികത്തപ്പെട്ടിട്ടാണ്. ഇത് പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുപോലെ ഭാരിച്ച ചെലവുള്ളതാകുകയും ചെയ്യുന്നു.

കോൺക്രീറ്റ് വീടുകളുടെ ചെലവ് വളരെയേറെ വർദ്ധിക്കുകയാണ്. സിമന്റ്, കമ്പി, വെട്ടുകല്ല്, ബോളർ, മെറ്റൽ എന്നിവയുടെ ഭീമമായ വിലവർദ്ധനവ് ഇടത്തരക്കാരിൽ പലരെയും കടക്കാരാക്കുന്നുണ്ട്. 87-88 കാലത്ത് 70രൂപ വിലയുണ്ടായിരുന്ന സിമന്റിന് 96ൽ 188 രൂപ വരെ വില വർദ്ധിച്ചിട്ടുണ്ട്. വെട്ടുകല്ലിന് 1000ന് 1200 രൂപയിൽ നിന്ന് 8500 രൂപവരെ വർദ്ധിച്ചിട്ടുണ്ട്. കോൺക്രീറ്റ് യൂനിറ്റിന് 87-88ൽ 1200 രൂപയുണ്ടായിരുന്നത് ഇപ്പോൾ 2200 രൂപയാണ്. സർക്കാർ ജീവനക്കാർക്കു മാത്രമേ പ്രധാനമായും LIC, HUDCO, ദേശസാൽകൃത ബാങ്കുകൾ മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ഭവന നിർമ്മാണ വായ്പ ലഭ്യമാകുന്നുള്ളു. ഹൗസിംഗ് സൊസൈറ്റി വഴി ഇടക്കാലത്ത് ദുർബല വിഭാഗങ്ങൾ സാമ്പത്തിക സഹായം നൽകുമെന്ന് പറഞ്ഞെങ്കിലും അതിന്റെ സാങ്കേതിക പ്രശ്നങ്ങൾ കാരണം സാമാന്യ ജനത്തിന് ഈ സഹായം ലഭിക്കുന്നില്ല.

JRY, RLEGP, NREP, JAY എന്നിവ മുഖാന്തിരം അനുവദിക്കപ്പെടുന്ന വീടുകൾക്ക് ഇപ്പോൾ നല്കി വരുന്ന 15,500 രൂപ വീടുപണി പൂർത്തീകരിക്കുവാൻ തീർത്തും അപര്യാപ്തമാണ്. പലപ്പോഴും വളരെ ദരിദ്രരായ പട്ടിക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അർഹതയ്ക്കനുസൃതമായി വീട് അനുവദിക്കുമ്പോൾ ഈ തുകകൊണ്ട് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഇതിന്റെ പ്രതിവിധി സാധ്യമാകുന്നവർക്ക് വീടു നിർമ്മാണത്തിനുള്ള ലോൺ അനുവദിക്കുക എന്നതാകുമ്പോൾ ഏറ്റവും ദരിദ്രരായവർ തള്ളപ്പെടുകയാണ് ചെയ്യുന്നത്.

ഭവന നിർമ്മാണ രംഗത്ത് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ മേഖലയാണിന്ന് പഞ്ചായത്തിലെ മൊത്തം എഴുപതു ശതമാനം തൊഴിലാളികളും പണിയെടുക്കുന്നത്. ഫ്ളോറിംങിന് മാർബിൾ, കടപ്പ എന്നിവയാണ് വീടുകൾക്കുവേണ്ടി

പ്രയോജനപ്പെടുത്തുന്നത്. ഇത് നമ്മുടെ നാടിന്റെ സമ്പത്ത് നല്ലൊരു ഭാഗവും മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നതിന് കാരണമാകുന്നു. കെട്ടിട നിർമ്മാണരംഗത്ത് തൊഴിലാളികൾക്കു ലഭിക്കുന്ന തൊഴിൽ ദിനങ്ങളും സാധനസാമഗ്രികളുടെ ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ചു വരുന്നുണ്ട്.

### പ്രശ്നങ്ങൾ:

- കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില രൂക്ഷമായി കുതിച്ചുയരുന്നു. (ബോളർ, മെറ്റൽ, സിമന്റ്, ഇരുമ്പ്, മാർബിൾ, കടപ്പ)
- നിർമ്മാണ തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യ കെട്ടിട നിർമ്മാണത്തിൽ പ്രയോഗിക്കുന്നതിൽ വൈദഗ്ദ്ധ്യമില്ല.
- ചെലവു കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പ്രചാരണങ്ങൾ വളരെ കുറവാണ്.
- ഹൗസിംഗ് സൊസൈറ്റികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.
- വായ്പകൾ ഇടത്തരക്കാർക്കും സാധാരണക്കാർക്കും ലഭ്യമാക്കുന്നതിന് കഴിയുന്നില്ല.
- ദരിദ്ര വിഭാഗങ്ങൾക്ക് ഇപ്പോൾ JRY പദ്ധതികളിലും മറ്റും അനുവദിക്കുന്ന തുക 22,000 രൂപയായി ഇപ്പോൾവർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള വില വർദ്ധനവുമൂലം ഇത് പരിമിതമാകുന്നു.
- ഭവന രഹിതരായ പലർക്കും സ്വന്തമായി സ്ഥലമില്ല.
- പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലാണ് കോളനി നിവാസികളിൽ പലരു താമസിക്കുന്നത്. ഉയർന്ന പ്രദേശങ്ങളിലേക്ക് വാഹന സൗകര്യമില്ലത്തതു മൂലം കെട്ടിട നിർമ്മാണ ചെലവ് വർദ്ധിക്കുന്നു. ഇവരുടെ വീടുകളിൽ കക്കൂസ് നിർമ്മാണത്തിനും കിണർ കുഴിക്കുന്നതിനും സ്ഥല പരിമിധിയും ഒരു പ്രശ്നമാണ്.
- കെട്ടിട നിർമ്മാണത്തിൽ ദുർവ്യയവും ദുർത്തും ക്രമാതീതമായി വർദ്ധിക്കുന്നു.

### സാധ്യതകൾ - പരിഹാരങ്ങൾ

- ഭവന നിർമ്മാണ സഹകരണ സംഘം പഞ്ചായത്തുതലത്തിൽ ഉണ്ടാക്കണം. ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.
- കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം നിയന്ത്രിക്കാനാവശ്യമായ നടപടികൾ ഉണ്ടാവണം.
- ശാസ്ത്രീയമായ രീതിയിൽ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രചാരണം നടക്കണം.
- സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ ഇന്നത്തെ കെട്ടിട നിർമ്മാണ മേഖലയിലെ ദുർവ്യയവും ദുർത്തും അവസാനിപ്പിക്കണം.
- കെട്ടിടങ്ങൾക്ക് സ്ലാബ് നിർണ്ണയിക്കുക.
- ഉയർന്ന സ്ലാബുകാർക്ക് കൂടുതൽ നികുതി ചുമത്തുക.
- ദരിദ്രജനവിഭാഗങ്ങൾക്ക് വീടുനിർമ്മിക്കാൻ വെറും സാമ്പത്തിക സഹായം മാത്രമല്ല, സാങ്കേതിക സഹായവും നല്കണം.
- 'നിർമ്മിതി' പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തിൽ ആസൂത്രിത വീടുകൾ JRY, അൺമൈസ് പോലുള്ള പദ്ധതികളിൽ പട്ടികജാതി വിഭാഗത്തിന് നിർമ്മിച്ചു കൊടുക്കേണ്ടതാണ്.
- കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകണം.
- ഹൗസിംഗ് ബോർഡും സൊസൈറ്റികളും അമിതമായ പലിശ, സങ്കീർണ്ണമായ ജാമ്യവ്യവസ്ഥ എന്നിവയിൽ മാറ്റം വരുത്തണം.
- പാവപ്പെട്ട വിഭാഗങ്ങൾക്ക് ഇന്ന് വീടുകൾ മാത്രം അനുവദിക്കപ്പെട്ടാൽ പോര. അമിതമായ സ്ഥലത്തിന്റെ വില മൂലം അവർക്ക് സ്ഥലം സ്വന്തമാക്കുന്നതിനുള്ള കഴിവില്ല. മിച്ച ഭൂമികളും പുറംപോക്കും മാത്രം ഈ ആവശ്യത്തിലേക്ക് പ്രയോജനപ്പെടുത്തിയാൽ പോര. വികസനത്തിന്റെ പുറം പോക്കുകളിൽ കഴിയുന്ന ജനവിഭാഗത്തെ ഉയർത്തുകയെന്ന സാമൂഹ്യബാധ്യത നിറവേറ്റാൻ സർക്കാർ ഫണ്ടുപയോഗിച്ച് സ്ഥലം അക്വിസിഷൻ നടത്താൻ പഞ്ചായത്ത് തയ്യാറാകേണ്ടിവരും. വീടുകളുടെ അനാവശ്യമായ വലുപ്പം നിയന്ത്രിക്കപ്പെടണം.





# സംസ്കാരം



സമൃദ്ധമായ പൗരാണിക ചരിത്ര സംഭവങ്ങളും ജീവിത്തായ ഐതീഹ്യ കഥകളും ഇഴചേർന്ന അത്തോളിയുടെ സാംസ്കാരികത്തനിമ ഏറെ ശ്രദ്ധപിടിച്ചു പറ്റുന്നതാണ്. വടക്കൻ പാട്ടുകളിലെവിടെയോ ഒതേനന്റെ ഒളിസങ്കേതങ്ങളിലൊന്നായി അത്തോളി സൂചിപ്പിക്കപ്പെടുന്നുണ്ട്. പരശുരാമന്റെ അദൃശ്യമായ സാന്നിദ്ധ്യത്തിലൂടെ സ്വാംശീകരിക്കപ്പെടുന്ന നൂറ്റൊന്നു 'ക്ഷേത്ര'ങ്ങളിലൊന്ന് അത്തോളിയിലാണെന്നു പറയപ്പെടുന്നു. 5000 വർഷങ്ങളോളം പഴക്കമുള്ള മഹാശിലായുഗത്തിന്റെ ഭാഗമായി വരുന്ന കൊടക്കല്ലുകളും കല്ലറകളും ഈ പ്രദേശത്തിന്റെ സാംസ്കാരിക സ്മാരകങ്ങൾ എന്ന നിലയ്ക്ക് പ്രസിദ്ധമത്രെ.

സാമൂതിരിയുടെ സാമന്തന്മാരായിരുന്ന കുറുമ്പ്രനാട് സ്വരൂപത്തിന്റെ കീഴിലായിരുന്നു ഈ പ്രദേശം. അവരുടെ വംശാധിപത്യത്തിന്റെ പഴയ പ്രതാപങ്ങൾ നിലനിർത്തിക്കൊണ്ട് 'കൊട്ടാരത്തിൽ,' 'കൊയിലോത്ത്' 'കച്ചേരിപ്പുറായി,' 'ആനത്തലയ്ക്കൽ,' കുതിപ്പന്തി,' ആറാട്ടുതറ.' തുടങ്ങിയ സ്ഥലനാമങ്ങൾ സൂചകങ്ങളായി അവശേഷിക്കുന്നു. ടിപ്പുസുൽത്താന്റെ പടയാളികൾ പടയോട്ടം നടത്തിയ പ്രദേശങ്ങളിലൊന്നാണിതെന്ന് പഴമൊഴികളിൽ നിന്നു കേൾക്കുന്നു.

സവർണ്ണ- ജന്മി നാടുവാഴിത്ത സമ്പ്രദായം ഈ പ്രദേശത്ത് ശക്തമാകുന്നത് വെള്ളക്കാരുടെ വരവോടുകൂടിയാണ്. തലശ്ശേരിയിൽ നിന്നും കച്ചവടാവശ്യത്തിനു വേണ്ടി ഇവിടേക്ക് കുടിയേറിയ 'കേയി'മാർ പഴയ ഭൂവുടമകളിൽ നിന്ന് ഭൂമി സമ്പാദിച്ച് ജന്മിമാരായവരിൽ പ്രമുഖനത്രെ.

ദ്രാവിഡ ഗോത്ര സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ ഇവിടുത്തെ കീഴാള വർഗ്ഗത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ രൂഢമൂലമാണ്. പ്രത്യേകിച്ചും പറയ-ഹരിജന വിഭാഗങ്ങളിലെ ഉൽസവങ്ങളുമായി ബന്ധപ്പെടുന്ന ആചാരങ്ങളും ശീലങ്ങളും സമഗ്രമായ പഠനങ്ങൾക്കു വിധേയമാക്കേണ്ടവയാണ്. കോൽക്കളി, തെയ്യം, തിറ, തോറ്റംപാട്ട്, ദഫ്മുട്ട്, പുതപ്പാട്ട്, തടിമുട്ട്, കൊട്ടിപ്പാട്ട്, ഓണവില്ല്, അയക്കോലുകളി, കളംവരയ്ക്കൽ തുടങ്ങിയ പ്രാചീന കലാരൂപങ്ങൾ ഏറെ പ്രചാരമുണ്ടായിരുന്നവയായിരുന്നെങ്കിലും ഇന്ന് അവയിൽ ചിലതൊക്കെ നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ പൊതുധാരയിൽ നിന്ന് അന്യവൽകൃതമാകുകയോ നശിച്ചു പോവുകയോ ചെയ്തിട്ടുണ്ട്. ആധുനികതയുടെ അതിർത്തികളില്ലാത്ത കടന്നുകയറ്റത്തിലൂടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ അമൂല്യ സ്വരൂപങ്ങൾ വളരുന്ന തലമുറയ്ക്ക് അപ്രപ്യമാകുന്നത് നമ്മുടെ അറിവുകളെ ഷണ്ഡീകരിക്കുന്നതിനു തുല്യമാകും.

ഈ ഗ്രാമത്തിൽ ഇന്ന് നിലനിൽക്കുന്ന ഏറ്റവും വലിയ സാംസ്കാരിക കേന്ദ്രങ്ങൾ സ്കൂളുകളാണ്. ഇന്നലകളിൽ, എഴുത്തുപള്ളികൾ, മൊടക്കല്ലൂർ എൽ.പി. സ്കൂൾ വേളൂർ മാപ്പിള സ്കൂൾ അത്തോളി എലിമെന്ററി സ്കൂൾ, ആദി-ദ്രാവിഡ സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾ സാംസ്കാരിക ദീപങ്ങളായി പ്രശോഭിച്ചിരുന്നു. ഇവയുടെ തുടർച്ചയായി ഇന്നു കാണുന്ന മൊടക്കല്ലൂർ എ.യു.പി. സ്കൂൾ വേളൂർ ഗവ: മാപ്പിള യു.പി. സ്കൂൾ ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, വെൽഫെയർ സ്കൂൾ തുടങ്ങിയവ സാംസ്കാരിക രംഗത്തെ കെടാവിളക്കുകളായി നിലനിൽക്കുന്നു.

അത്തോളിയിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വായനശാലകളും ഗ്രന്ഥാലയങ്ങളും 1945ൽ കൊങ്ങന്നൂരിൽ സ്ഥാപിച്ച മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം ആദ്യത്തേത്. ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്നിരുന്ന വിവിധ പ്രവർത്തനങ്ങളുടെ ഒരു പ്രധാനപ്പെട്ട ഒരു കേന്ദ്രം ഇതായിരുന്നു. സ്വന്തം കെട്ടിടവും- ടിവി.യും റേഡിയോയുമുള്ള ഈ സ്ഥാപനം കേരള ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം നേടിയിട്ടുണ്ട്. 1995 ലാണ് ഇത് അതിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ കൊണ്ടാടിയത്. 50 കളുടെ ഒടുവിൽ ആരംഭിച്ച ദേശീയ ഗ്രന്ഥാലയവും

അത്തോളിയുടെ സാംസ്കാരിക രംഗത്ത് ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. വയോജന വിദ്യാഭ്യാസ രംഗത്തും നിരക്ഷര നിർമ്മാർജ്ജനത്തിലും ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്വന്തമായി കെട്ടിടങ്ങളും മറ്റുമുള്ള ഗ്രന്ഥാലയം ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. അത്തോളി പഞ്ചായത്ത് രൂപീകരിക്കുന്നതിനു മുമ്പുതന്നെ പ്രവർത്തനമാരംഭിച്ച വായനശാലയാണ് കുനുമ്മൽ വായനശാല & ഗ്രന്ഥാലയം. ഇത് പഞ്ചായത്തിന്റെ അധീനതയിലാണ് നിരവധി പുസ്തകങ്ങളുള്ള ഈ സ്ഥാപനം നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഒരു റഫറൻസ് ലൈബ്രറിയാക്കി ഉയർത്താൻ കഴിയും സ്വന്തം കെട്ടിടവും ടി.വിയും മറ്റും ഈ സ്ഥാപനത്തിനുണ്ട്. പക്ഷെ കെട്ടിടത്തിന്റെ ദുരാവസ്ഥ മാറ്റാൻ പഞ്ചായത്തും ജനങ്ങളും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കൂടാതെ പൂക്കോട്ടിലുള്ള ഗ്രാമീണ ഗ്രന്ഥാലയം &വായനശാല, പഞ്ചായത്ത് സാംസ്കാരിക നിലയം, പ്രിയദർശിനി, വായനശാല &ഗ്രന്ഥാലയം തുടങ്ങിയവയും ഇപ്പോൾ പ്രവർത്തനക്ഷമങ്ങളായ വായനശാലകളാണ്. നേരത്തെ നല്ലനിലയിൽ പ്രവർത്തിച്ചു വന്ന പല ഗ്രന്ഥാലയങ്ങളിലെയും പുസ്തകങ്ങൾ ഇന്നു ചിതലെടുക്കുന്ന അവസ്ഥയുമുണ്ട്. അക്ഷരത്തെ സ്നേഹിക്കുന്നവർക്ക് പൊറുക്കാൻ കഴിയാത്തതാണിത്. ചില സാംസ്കാരിക പ്രവർത്തകരുടെ പ്രാദേശിക സങ്കുചിതത്വവും ദുരഭിമാനവും കൊണ്ടാണ് നശിച്ചു കഴിഞ്ഞ ഈ സ്ഥാപനങ്ങളിലെ പുസ്തകങ്ങൾ സജീവമായവയിലൂടെ വിതരണം ചെയ്യാൻ കഴിയാത്തത്. അന്യഭാഷകൾ സൗജന്യമായി പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗ്രൂപ്പുകൾ ചില വായശാലകളെ കേന്ദ്രീകരിച്ചുണ്ടായിരുന്നെങ്കിലും ഇപ്പോൾ അവയൊന്നും നടക്കുന്നില്ല.

ഇതുപോലെ സാംസ്കാരിക നവോത്ഥാനത്തിന് കളമൊരുക്കിയ പ്രസ്ഥാനങ്ങളാണ് കലാകായിക സംഘടനകൾ അത്തോളിയിൽ 25ഓളം സംഘടനകൾ ഉണ്ടെങ്കിലും അവയിൽ പകുതിയിലധികവും ഇന്ന് നിർജ്ജീവമാണ്. ആരംഭത്തിൽ വൻതോതിലുള്ള ജനകീയ പിന്തുണ ആർജ്ജിച്ച് പരിപാടികൾ സംഘടിപ്പിക്കുന്ന ക്ലബുകൾ അങ്ങനെ വരുന്ന സാമ്പത്തിക ബാധ്യതയിലൂടെ തകരുന്ന സ്വഭാവമാണുള്ളത്. എങ്കിലും ഇവയൊക്കെ അത്തോളിയുടെ സാമൂഹ്യ മണ്ഡലങ്ങളിൽ ഏറെ ചലനങ്ങളും സംഭാവനകളും ചെയ്തവയാണ്. പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ 'അത്തോളി കലാ സാംസ്കാരിക കേന്ദ്രം' ഇന്ന് പൂർണ്ണമായും നിലച്ചു പോയിരിക്കുന്നു. ഒട്ടേറെ യുവാക്കൾക്ക് കലാ-സാഹിത്യ അഭിരുചി വളർത്തുന്നതിൽ ഈ സമിതി നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. കേരള സംഗീതനാടക അക്കാദമിയുടെ അംഗീകാരം നേടിയ ക്ലബുകൾ ഇല്ലെന്നു തന്നെ പറയാം റജിസ്റ്റർ ചെയ്തവ 10 ൽ താഴെ മാത്രമാണ്.

കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും പ്രഗൽഭ വാഗ്മിയും ഗ്രന്ഥകർത്താവുമായ ജ: സി.എച്ച്. മുഹമ്മദ് കോയയുടെ ജന്മം കൊണ്ടു പ്രസിദ്ധമായ പ്രദേശമാണ് അത്തോളി. അത്തോളിയുടെ വികസരംഗത്ത് അദ്ദേഹം ചെയ്ത സംഭാവനകൾ സുത്യർഹവും അഭിമാനാർഹവുമാണ്. കൂടാതെ മൺമറഞ്ഞുപോയവരും ജീവിക്കുന്നവരുമായ സർഗധനരായ ഒരുക്കൂട്ടം എഴുത്തുകാർ അത്തോളിയിൽ ഉണ്ടായിരുന്നു. അവരുടെ നേതൃത്വത്തിൽ കയ്യെഴുത്തു മാസികളും സാഹിത്യ സംവാദങ്ങളും വിവിധ വേദികളിൽ നടന്നിരുന്നു. കെ.വി. ദാമോദരൻ നായർ, പി. കുഞ്ഞിരാമൻ നായർ, അത്തോളി ഭാസി, പി. രാജു തുടങ്ങിയവർ അവരിൽ ചിലർ മാത്രം. 1990 കളിൽ ഒരു കൂട്ടം ചെറുപ്പക്കാരുടെ ശ്രമഫലമായി 'ദർശി' എന്ന പേരിൽ ഒരു അച്ചടി മാസിക പുറത്തിറങ്ങിയിരുന്നു. ഇതാണ് അത്തോളിയിലെ ആദ്യത്തെ അച്ചടി മാസിക. വമ്പിച്ച സാമ്പത്തിക പരാധീനതമൂലം അതു നിലച്ചിരിക്കുന്നു.

## കായികരംഗം

കായികരംഗത്ത് ചിര സ്മരണീയമായ പലതും സംഭാവന ചെയ്യാൻ കഴിഞ്ഞ ഒരു പ്രദേശമാണ് അത്തോളി. നിരവധി കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനു പ്രോൽസാഹിപ്പിക്കുന്നതിനും ഈ പ്രദേശം എന്നും മുൻ നിരയിൽ നിന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ചെവിടഞ്ചേരി ഖാദർ, ടി.പി. ഗോപാലൻ തുടങ്ങിയ അന്തർ ദേശീയ വോളീബാൾ താരങ്ങളെ വാർത്തെടുക്കാനും ഈ പ്രദേശത്തിനു കഴിഞ്ഞു. ജോളി ബ്രദേഴ്സ് ക്ലബിനു കീഴിലുള്ള വോളിബാൾ ടീം ഇന്ന് ജില്ലയിൽ പേരുകേട്ടതാണ്. കുറച്ചു മുമ്പുവരെ 'സ്റ്റാർസ് - അത്തോളി' ഫുട്ബോൾ രംഗത്ത് സജീവമായിരുന്നു. ക്രിക്കറ്റിനു പ്രധാന്യം ലഭിച്ചുവരുന്ന ഈ കാലത്ത് ജില്ലാ നിലവാരത്തിലുള്ള കളിക്കാരും ഉണ്ട്. കാർഷിക സാംസ്കാരികവുമായി ബന്ധപ്പെട്ടു കാളയോട്ടമത്സരങ്ങൾ അത്തോളിയിൽ സംഘടിപ്പിച്ചിരുന്നതിന്റെ തെളിവാണ് 'കാളയോട്ടു കണ്ടം.'

## പ്രശ്നങ്ങൾ

ഇന്ന് അത്തോളിയുടെ സാംസ്കാരിക മണ്ഡലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇങ്ങനെ സംഗ്ര

ഹിക്കാം.

❑ ഹൈസ്ക്കൂൾ കളിസ്ഥലം സാങ്കേതികമായ കാരണങ്ങളാൽ പൊതു ആവശ്യത്തിനു ലഭിക്കാത്തതുകൊണ്ട് ഒരു നല്ല കളിസ്ഥലത്തിന്റെ ആവശ്യം നമുക്കുണ്ട്.

❑ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കായിക പ്രതിഭകൾക്ക് വളരാൻ അവസരം ലഭിക്കുന്നില്ല.

❑ സ്ക്കൂളുകളിലെ കായിക പരിശീലനം അപര്യാപ്തവും അശാസ്ത്രീയവുമാണ്.

❑ ഇന്നു സജീവമായ പല കലാസമിതികൾക്കും ആവശ്യമായ കെട്ടിടങ്ങളോ ഫർണ്ണിച്ചറുകളോ വൈദ്യുതി സൗകര്യമോ ഇല്ല.

❑ തുടർ സാക്ഷരതാ പ്രവർത്തനം ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണ് നവ സാക്ഷരർക്കായുള്ള ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തന രഹിതമായിരിക്കുന്നു.

❑ കായിക പരിശീലനത്തിന് നാട്ടിൻ പുറത്തുള്ള വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല.

❑ ദരിദ്രരായ കായിക പ്രതിഭകളുടെ ഉയർച്ചയ്ക്കുള്ള അവസരം നിഷേധിക്കപ്പെടുന്നു.

❑ സർഗ്ഗഭാവനകൾക്കു വേണ്ടവിധം പ്രോൽസാഹനം ലഭിക്കുന്നില്ല.

❑ പ്രചീനമായ പല കലാ കായിക രൂപങ്ങളും അന്യം നിന്നു പോയിരിക്കുന്നു.

❑ ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ പാരമ്പര്യേതര ഗ്രന്ഥശേഖരം കുറവാണ്. മിക്ക വിദ്യാലയങ്ങളിലും ഗ്രന്ഥാലയങ്ങൾക്കാവശ്യമായ ഷെൽഫ് സൗകര്യമില്ലാതെ നശിക്കുകയും അവയുള്ള സ്ഥലങ്ങളിൽ വേണ്ടത്ര പ്രോൽസാഹനം കൊടുക്കാതെയുമുണ്ട്.

❑ അത്തോളി അങ്ങാടിയിൽ പ്രവർത്തിക്കുന്ന ലോക്കൽ ലൈബ്രറിയിൽ പുസ്തകങ്ങളും ആവശ്യമായ ജീവനക്കാരുമില്ല.

## പരിഹാര നിർദ്ദേശങ്ങൾ

❑ നാടൻ കലാരൂപങ്ങൾക്ക് പുനരുജ്ജീവിപ്പിക്കാനും വളർത്തിയെടുക്കാനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക

❑ നിലവിൽ വായനശാല- ഗ്രന്ഥാലയവുമില്ലാത്ത വാർഡുകളിൽ പുതിയവ സ്ഥാപിക്കുക.

❑ കുട്ടികൾക്കുള്ള കല- സാഹിത്യ രചനാ പരിശീലനക്കളരികൾ സംഘടിപ്പിക്കുക.

❑ പ്രതിഭകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം അർഹത മാത്രമായിരിക്കണം.

❑ പഞ്ചായത്തിലെ മുഴുവൻ കലാ സംഘടനകളിലെയും ഭാരവാഹികളെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് കേന്ദ്രമാക്കി ഒരു 'കേന്ദ്ര കലാ സമിതി' രൂപവൽക്കരിക്കുക

❑ കുട്ടികളുടെ സർവതോന്മുകമുഖമായ വളർച്ചയ്ക്കുതകുന്ന ഒരു 'ബാല വികസന കേന്ദ്രം' രൂപവൽക്കരിക്കുക

❑ സ്ത്രീകളുടെ വായനയെ പ്രോൽസാഹിപ്പിക്കുന്നതിനായി ഓരോ വീടുകളിലും മെച്ചപ്പെട്ട പുസ്തകങ്ങൾ എത്തിക്കുന്നതിന് അതതു പ്രദേശത്തെ പ്രധാന ലൈബ്രറികൾ കേന്ദ്രീകരിച്ച് വനിതാ പുസ്തക വിതരണ സംഘങ്ങൾ പ്രവർത്തിക്കുകയും ഇങ്ങനെയുള്ളവർക്ക് പഞ്ചായത്ത് ഗ്രാന്റനുവദിക്കുകയും ചെയ്യുക.

ഒരു കാലത്ത് കേരളീയ നവോത്ഥാനത്തിന്റെ കളിയരങ്ങുകളായിരുന്നു ഓരോ ഗ്രാമവും ജീവിതത്തിന്റെ സകല മേഖലയിലും വന്ന മാറ്റങ്ങൾ ഇന്നു മുന്നേറ്റത്തിന്റെ മാർഗ്ഗദീപങ്ങളാകുന്നതിനു പകരം സാംസ്കാരിക നിരാസത്തിന്റെ പ്രതിലോമകരമായ ഉപാധിയാകുന്നു. ഇന്ന് ഇലക്ട്രോണിക് മാധ്യമങ്ങൾ അധിനിവേശത്തിന്റെ പുത്തൻ ന്യായങ്ങൾ തീർക്കുമ്പോൾ അവ രാജ്യാന്തരീയ അറിവുകളുടെ ഭണ്ഡാകാരമായി കാണുന്ന അൽപ്പത്തം അത്തോളിയേയും ബാധിച്ചിരിക്കുന്നു. പരിവർത്തന യുഗമെന്ന് കൊട്ടിഘോഷിക്കപ്പെടുകയും നമ്മുടെ ജീവിത മൂല്യങ്ങളെയാകെ വരേണ്യവൽക്കരിക്കുകയും ചെയ്യുന്ന സാംസ്കാരിക ജീർണ്ണതയുടെ കടന്നു കയറ്റത്തെ പ്രതിരോധിക്കുകയും ജാഗരൂകരാക്കുകയും ചെറുത്തു തോൽപ്പിക്കുകയും ചെയ്യുക.



# വനിതാക്ഷേമം

ഒരു പരിഷ്കൃത സമൂഹത്തിന്റെ മാനദണ്ഡങ്ങളിലൊന്ന് അതിൽ സ്ത്രീയ്ക്ക് ലഭിക്കുന്ന പദവിയാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെ തന്നെ കേരളത്തിലെ സ്ത്രീക്ക് സാക്ഷരതാ രംഗത്ത് മുന്നേറാൻ കഴിഞ്ഞെങ്കിലും സമൂഹത്തിൽ ലഭിക്കുന്ന പദവിയെകുറിച്ചാലോചിച്ചാൽ ഇന്നും അവൾ അവഗണിക്കപ്പെടുന്നു എന്നു മനസ്സിലാക്കാം. പൊതു രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടേറെപ്പേരുണ്ടെങ്കിലും ഭൂരിപക്ഷവും തന്നിലേക്കു തന്നെ ഒതുങ്ങാനുള്ള പ്രവണതയാണ് കാട്ടുന്നത്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്. സ്ത്രീ പുരുഷ സമത്വത്തിലൂടെ മാത്രമേ പരിഷ്കൃത സമൂഹത്തെ കെട്ടിപ്പടുക്കാൻ കഴിയൂ. കേരളത്തിന്റെ ഈ പൊതു അവസ്ഥയിൽ നിന്നും വ്യത്യസ്ഥമല്ല അത്തോളി പഞ്ചായത്തും.

1991 ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് അത്തോളിയിൽ 12424 സ്ത്രീകളും 11631 പുരുഷന്മാരും ആണ് ഉള്ളത് സ്ത്രീ പുരുഷ അന്തരം ഇവിടെ വളരെ കുറവാണ്. ഇതു വീണ്ടും കുറഞ്ഞു കൊണ്ടിരിക്കുന്ന കാഴ്ചയാണ് 1995 ഡിസംബറിലെ അംഗൻവാടി കണക്കുകൾ കാട്ടുന്നത്. ഇതനുസരിച്ച് സ്ത്രീകൾ 12983ഉം പുരുഷന്മാർ 12716ഉം ആണ്. സംസ്ഥാന, ജില്ലാ ശരാശരിയേക്കാൾ കുറവാണ് ഇവിടെ സ്ത്രീ പുരുഷ അന്തരം. നാമമാത്രമായെങ്കിലും സ്ത്രീകൾ തന്നെയാണ് ജനസംഖ്യയിൽ ഇപ്പോഴും മുന്നിൽ.

സാക്ഷരതാ രംഗത്ത് സ്ത്രീകൾ ഏതാണ്ട് പുരുഷന്മാർക്ക് തുല്യമായി തന്നെ നിൽക്കുന്നു ഈ പഞ്ചായത്തിൽ. ഇന്ന് അത്തോളിയിലെ സ്കൂളുകളിൽ 2388 ആൺകുട്ടികളും 2351 പെൺകുട്ടികളും ആണുള്ളത്. കഴിഞ്ഞവർഷം വരെ പെൺകുട്ടികളായിരുന്നു കൂടുതൽ ഉണ്ടായിരുന്നത്. സംസ്ഥാനത്ത് ഏതാണ്ട് മൊത്തം കാണുന്ന പ്രവണതയിൽ നിന്നും അല്പം വ്യത്യസ്തമായ ഒരു ചിത്രമാണ് ഇത്. 10-ാം ക്ലാസിനു ശേഷം ഉയർന്നു പഠിക്കുന്നവരിൽ പെൺകുട്ടികളാണ് കൂടുതൽ. എന്നാൽ ഡിഗ്രി തലം വരെയോ കൂടിവന്നാൽ B.Ed വരെയോ എത്തിനിൽക്കുന്നു ഇവരിൽ ഭൂരിപക്ഷത്തിന്റെയും പഠനം. അതിലുപരി പോകുന്ന വനിതകൾ അംഗുലീപരിമിതമാണ്.

പ്രൈമറി ഹെൽത്ത് സെന്ററിലേയും സഹകരണ ആശുപത്രിയിലേയും സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരുടേയും കണക്കനുസരിച്ച് രോഗികളായെത്തുന്നവർ ഭൂരിപക്ഷവും സ്ത്രീകളാണ്. ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ രോഗാതുരതാ സർവേയിലൂടെയും ഈ വസ്തുത തന്നെ പുറത്തു വരുന്നു.

കാർഷിക മേഖലയായിരുന്നു പഞ്ചായത്തിൽ സ്ത്രീകളുടെ പ്രധാന തൊഴിൽ കേന്ദ്രം. ഇന്ന് ഈ രംഗം തകർച്ചയെ നേരിടുന്നതിനാൽ ഇവരുടെ തൊഴിൽ സാധ്യതയ്ക്ക് മങ്ങലേറ്റിരിക്കുന്നു. സ്ത്രീകൾ ഇപ്പോൾ കൂട്ടത്തോടെ കെട്ടിട നിർമ്മാണ രംഗത്തേക്ക് കടന്നുവരികയാണ്. നിർമ്മാണപ്രവർത്തനങ്ങളാണ് ഇന്ന് ഏറ്റവും കൂടുതൽ നടക്കുന്നത് എന്നതും വരുമാനത്തിൽ കാർഷികവൃത്തിയെ അപേക്ഷിച്ചുള്ള വർദ്ധനവും ഇതിനുള്ള മറ്റു കാരണങ്ങളാണ്. കയർ മേഖലയിലും വൻ തോതിലുള്ള സ്ത്രീ പങ്കാളിത്തം ഉണ്ടായിരുന്നു. എന്നാൽ ഇതും ആധുനിക വൽക്കരണത്തിന്റെ അഭാവം മൂലം തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രവണത സ്ത്രീകളുടെ തൊഴിലിനെ ദോഷകരമായി ബാധിക്കുന്നുണ്ടെങ്കിലും കയർ രംഗത്ത് ഉറച്ചു നിൽക്കുന്ന സ്ത്രീകൾ ഇന്നും ഉണ്ട്. പുകട്ടു തൊഴിലാളികളായും ഒട്ടേറെ സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. തയ്യൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾ ധാരാളമാണ്. ഭൂരിപക്ഷവും ഗൃഹാങ്കണങ്ങളാണ് തൊഴിൽ വേദിയായി ഉപയോഗിക്കുന്നത്. പരമ്പരാഗത തൊഴിലാളികളായ പായനെയ്ത്, കുട്ട മെടയൽ തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്ന ചുരുക്കം സ്ത്രീകളും ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ അഭാവത്തോടൊപ്പം സാമ്പത്തികപ്രയാസങ്ങളും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. പൊതുവെ ശാരീരികമായ അധ്വാനവും അപകട സാധ്യതയും കൂടുതലുള്ള തൊഴിൽ രംഗങ്ങളുമായി തങ്ങളുടെ ഉപജീവനത്തിനായി ബന്ധപ്പെടാൻ സ്ത്രീകൾ നിർബന്ധിതരായി തീർന്നിരിക്കുന്നു. കാർഷിക രംഗത്തെ തകർച്ചയാണിതിനു കാരണം. അതിനാൽ കാർഷിക രംഗ അഭിവൃദ്ധിപ്പെടുത്തി അവരെ തിരിച്ചു കൊണ്ടു വരേണ്ടതുണ്ട്.

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും

സ്കൂളുകളിലും മൊത്തം ജീവനക്കാരുടെ പകുതിയോളവും സ്ത്രീകളാണ്. പഞ്ചായത്തിലെ ഏക വ്യവസായ സ്ഥാപനമായ കുന്നത്തറ ടെക്സ്റ്റയിൽസിലും നല്ലൊരു ശതമാനം സ്ത്രീകളുണ്ട്. ഈ സ്ഥാപനം പൂട്ടിക്കിടക്കുന്നതിനാൽ അവർ ഇന്ന് തൊഴിൽ രഹിതരാണ്.

തുല്യജോലിക്ക് തുല്യവേതനം എന്ന ആശയം തൊഴിൽരംഗത്ത് പ്രാവർത്തികമായിട്ടില്ല. പല രംഗങ്ങളിലും പുരുഷന്മാരേക്കാൾ കുറഞ്ഞ കൂലിയാണ് സ്ത്രീയ്ക്ക് ലഭിക്കുന്നത്. കാർഷിക,നിർമ്മാണ മേഖലകളിലെല്ലാം ഇത് ദൃശ്യമാണ്.

ഭൂരിപക്ഷം സ്ത്രീകളും വീട്ടിൽ ഒതുങ്ങിക്കൂടി വീട്ടുജോലികളിൽ വ്യാപൃതരാവുകയാണ്. ഇവരെ ഏതെങ്കിലും തരത്തിലുള്ള ഗൃഹാങ്കണതൊഴിലുകളിലേക്ക് കൊണ്ടുവരാൻ കഴിയണം.

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 20-25% വീടുകൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളവയാണ്. വിദേശത്ത് ജോലി ചെയ്യുന്ന ഒട്ടേറെ പുരുഷന്മാർ ഉള്ളതുകാരണം അത്തരം കുടുംബങ്ങളുടേയും നിയന്ത്രണം സ്ത്രീകൾ ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. അതിനാൽ അവരുടെ ഉത്തരവാദിത്തം കൂടുതൽ വർധിക്കുന്നു.

പഞ്ചായത്തിൽ വനിതകൾ മാത്രമായി നടത്തുന്ന ഒരു ബേക്കറി യൂനിറ്റുണ്ട്. അതിനുപുറമേ റെഡിമെയ്ഡ് കേന്ദ്രങ്ങൾ, തയ്യൽപരിശീലനകേന്ദ്രങ്ങൾ തുടങ്ങി 6 സ്ഥാപനങ്ങളും ഉണ്ട്. രണ്ട് ഹാന്റി ക്രാഫ്റ്റ് വർക്കുഷോപ്പുകളിൽ ജോലി ചെയ്യുന്നത് പൂർണമായും സ്ത്രീകളാണ്. ഒരു ഖാദി നൂൽനൂൽപ് കേന്ദ്രവും സ്ത്രീകളുടെ തൊഴിൽശാലയായി പഞ്ചായത്തിലുണ്ട്.

ഇതൊക്കെയാണെങ്കിലും പൊതുരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകളുടെ എണ്ണം പരിമിതമാണ്. ഭരണരംഗത്തടക്കം സ്ത്രീകളുടെ പങ്കാളിത്തം നിയമംമൂലം വർദ്ധിച്ച ഈ കാലത്തും പൊതുപ്രവർത്തനരംഗത്ത് കടന്നുവരാൻ ഇവർ മടിക്കുന്നു. ഈ രംഗത്തേക്ക് വരുന്ന സ്ത്രീകൾക്ക് സമൂഹത്തിൽനിന്നും നേരിടേണ്ടിവരുന്ന അവജ്ഞയാണ് ഇതിനൊരു പ്രധാനകാരണമെന്ന് ഗ്രാമസഭാ ചർച്ചകൾ സൂചിപ്പിക്കുന്നു. ഒപ്പം പുരുഷമേധാവിത്വത്തിന്റെ പരമ്പരാഗതധാരണകളും കാരണമാണെന്ന് ഗ്രാമസഭകൾ പറയുന്നു. ഇത് നമ്മുടെ സമൂഹത്തെ ബാധിച്ചിരിക്കുന്ന യാഥാസ്ഥിതിക ജീർണതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇതിനെതിരെ സമൂഹം ഒന്നാകെ പ്രതികരിക്കേണ്ടതുണ്ട്.

മഹിളാ സമാജങ്ങളുടേയും സംഘടനകളുടേയും പ്രവർത്തനങ്ങളും ശ്ലാഘനീയമല്ല. വനിതകളെ കൂടുതലായി ആകർഷിക്കത്തക്ക പ്രവർത്തനങ്ങൾ നടത്താൻ അവർക്കാവുന്നില്ല. പരമ്പരാഗത ചാലുകളിലൂടെ ഇഴഞ്ഞു നീങ്ങുകയാണ് അവരിന്നും. മഹിളാ സമാജങ്ങൾ അംഗൻവാടികളുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രവർത്തനരംഗത്ത് നിർജീവമാണ്. ഉള്ളവയ്ക്ക് തന്നെ മാർഗ്ഗ നിർദ്ദേശം നല്കി യഥാർത്ഥ പാതയിലൂടെ നയിക്കുന്നതിലുള്ള അവലംഭാവം നിലനിൽക്കുന്നുണ്ട്.

വനിതകൾ നേതൃത്വം വഹിക്കുന്ന ബഹുജന സംഘടനകൾ ഇല്ലെന്നു തന്നെ പറയാം. ഈ രംഗത്ത് അവരുടെ ഉയർച്ചയ്ക്ക് വ്യാപകമായ ബോധവല്ക്കരണ പ്രവർത്തനം അനിവാര്യമാണ്. പൊതു പ്രവർത്തന രംഗത്ത് നേരത്തേ തന്നെ നേതൃനിരയിലേക്ക് ഒറ്റപ്പെട്ട ചില വനിതകൾ ഉയർന്നു വന്നിരുന്നു. എന്നാലിത് ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ തുച്ഛമാണ്. ഈ പഞ്ചായത്തിൽ രാഷ്ട്രീയ സംഘടനാ പ്രവർത്തനം നടത്തുന്ന വനിതകളും വിരളമായുണ്ട്.

പൊതു രംഗത്തിറങ്ങാൻ മടികാണിക്കുമ്പോഴും സാക്ഷരതാ പ്രവർത്തനവുമായി വളരെ സജീവമായി വനിതകൾ ബന്ധപ്പെട്ടിരിക്കുന്നു. പഞ്ചായത്തിലെ സാക്ഷരത ഇൻസ്ട്രക്ടർമാരിൽ 80% സ്ത്രീകളായിരുന്നു. അവസരം ലഭിച്ചാൽ സമൂഹത്തിന്റെ പുരോഗതിയ്ക്കുവേണ്ടി സഹകരിക്കാനും പ്രവർത്തിക്കാനും തങ്ങൾ തയ്യാറാണെന്ന അവരുടെ നിശ്ശബ്ദ പ്രഖ്യാപനമായി ഇതിനെ കണക്കാക്കാം. ഇത്തരം അവസരം സൃഷ്ടിക്കാൻ ബോധപൂർവ്വം ശ്രമിക്കേണ്ടത് സമൂഹത്തിന്റേയും സർക്കാരിന്റേയും കടമയാണ്.

പഞ്ചായത്തിൽ വ്യാജചാരായ വാറ്റു കേന്ദ്രങ്ങൾ ഇന്ന് വ്യാപകമാണ്. ഇതുമൂലം ദുരന്തമനുഭവിക്കുന്ന സ്ത്രീകളും ധാരാളമുണ്ടെന്ന് ഗ്രാമസഭാ ചർച്ചകൾ സൂചിപ്പിക്കുന്നു. ഇതിനെതിരെ സന്നദ്ധ, ബഹുജന സംഘടനകളുടെ ജാഗ്രത ഇനിയും ഉണ്ടാവേണ്ടതുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ജനകീയ കമ്മറ്റികളിൽ സ്ത്രീകളും സജീവമായ പങ്കുവഹിക്കുന്നുണ്ട്. ജനകീയ സമിതികളോടൊപ്പം ചേർന്ന് ഉദ്യോഗസ്ഥരും കാര്യക്ഷമമായി നീങ്ങിയാലേ ഇതിനൊരു പരിഹാരം കാണാൻ കഴിയൂ.

വനിതകൾക്കു നേരെയുള്ള കൈയ്യേറ്റങ്ങളും അതിക്രമങ്ങളും നാമമാത്രമായെങ്കിലും പഞ്ചായത്തിന്റെ പല കേന്ദ്രങ്ങളിലും നടക്കുന്നുണ്ട്. മദ്യപാനം തന്നെയാണതിനു കാരണം. മറ്റൊന്ന്, മയക്കുമരുന്നിന്റെ വ്യാപനമാണ്. ഇളം തലമുറയെ കാർന്നു തിന്നു നശിപ്പിക്കുന്ന മയക്കുമരുന്നിന്റെ കരാള ഹസ്തങ്ങൾ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആഴ്ന്നിറങ്ങിക്കൊണ്ടിരിക്കുന്നു. ഇതിന്റേയും ദുരന്തഫലം അനുഭവിക്കുന്നത് നല്ലൊരു ശതമാനം സ്ത്രീകളാണ്.

ഇതോടൊപ്പം ശ്രദ്ധിക്കപ്പെടേണ്ട മറ്റൊന്ന് സ്ത്രീധന പ്രശ്നമാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട് വിവാഹം വൈകുകയോ മുടങ്ങുകയോ ചെയ്യുന്നത് അത്യപൂർവ്വമല്ല.

## പ്രശ്നങ്ങൾ

പൊതുരംഗത്ത് ഇറങ്ങാൻ സ്ത്രീകളിൽ പൊതുവേ കാണുന്ന വൈമുഖ്യം, അവരോടുള്ള അവജ്ഞ, തൊഴിൽ രംഗത്തുള്ള വിവേചനങ്ങൾ, തൊഴിലവസരക്കുറവ്, കാർഷികരംഗത്തെ മുരടിപ്പുകൊണ്ടുണ്ടായ പ്രശ്നങ്ങൾ സ്ത്രീധന, സ്ത്രീ പീഢന പ്രശ്നങ്ങൾ, പൊതുസ്ഥലങ്ങളിൽ പ്രഥമിക സൗകര്യക്കുറവ് മുതലായവ പഞ്ചായത്തിൽ വനിതാ രംഗത്ത് നേരിടുന്ന പൊതു പ്രശ്നങ്ങളാണ്.

## നിർദ്ദേശങ്ങൾ

വനിതകൾക്ക് സ്വയം പര്യാപ്തമായ രീതിയിലുള്ള തൊഴിൽ മേഖലകൾ സൃഷ്ടിക്കുകയും അതുവഴി സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുകയും ചെയ്യുന്നതിലൂടെ നിലനിൽക്കുന്ന പിന്നോക്കാവസ്ഥ ഏറെക്കുറെ മാറ്റിയെടുക്കാൻ കഴിയും.

കയർ മേഖല ആധുനിക വൽക്കരിക്കുന്നതിലൂടെ ഇന്നുള്ളതിലും കൂടുതൽ സ്ത്രീകൾക്ക് അവിടെ തൊഴിൽ നൽകാനാകും. മറ്റു പരമ്പരാഗത തൊഴിൽ മേഖലയിൽ ഏർപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകി അതതു രംഗത്ത് ഉറച്ചു നിൽക്കാൻ പ്രേരിപ്പിക്കണം.

കൃഷിക്ക് കൂടുതൽ പ്രധാന്യം നൽകുകയും കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുകയും ചെയ്ത് ഈ രംഗത്തു നിന്നും അകന്നുപോയ സ്ത്രീകളെ വീണ്ടും ആകർഷിക്കണം.

വനിതാ സഹകരണ വ്യവസായ യൂനിറ്റുകൾ തുടങ്ങണം

അച്ചാറ്, മെഴുകുതിരി, റെഡിമെയ്ഡ്, ചന്ദനത്തിരി, ബാഗ്, കുട, സോപ്പ് തുടങ്ങിയവയുടെ നിർമ്മാണം ഇതിലൂടെ ഏറ്റെടുക്കാൻ തങ്ങൾക്ക് കഴിയുമെന്ന് ഗ്രാമസഭകളിലൂടെ വനിതകൾ ആത്മവിശ്വാസം പ്രകടിപ്പിച്ചിട്ടുണ്ട്. ഭക്ഷ്യസംസ്കരണ യൂനിറ്റ്, സഹകരണമേഖലയിൽ ആരംഭിക്കാം. പുഷ്പകൃഷി, പച്ചക്കറികൃഷി എന്നിവയും നടത്താൻ അവർക്കു കഴിയും.

സ്ത്രീകളെ പൊതു രംഗത്ത്കൊണ്ടുവരാനും സാമൂഹികമായി ഇന്നവർ നേരിടുന്ന അവജ്ഞ മാറ്റിയെടുക്കാനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം. അംഗൻവാടികളെയും മഹിളാ സമാജങ്ങളെയും ഇതിനായി ഉപയോഗപ്പെടുത്താം. സ്ത്രീകൾക്കുള്ള നേതൃത്വ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണം.

പൊതു സ്ഥലങ്ങളിൽ പ്രധാനമായും കുമുള്ളി, കൊടശ്ശേരി, അന്തോളി അങ്ങാടികളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും നീക്കങ്ങളുണ്ടാവണം.

അനൗപചാരിക വിദ്യാഭ്യാസവുമായി സ്ത്രീകളെ കൂടുതൽ ബന്ധപ്പെടുത്തേണ്ടതാണ്. അവരിലെ വായനാശീലം വളർത്തണം. അതിനായി തിരഞ്ഞെടുക്കപ്പെട്ട വായനശാലകളുടെ കീഴിൽ ഫീൽഡ് വർക്കേഴ്സിനെ നിയോഗിക്കുക. അവർ നല്ല പുസ്തകങ്ങൾ വീടുകൾ കയറിയിറങ്ങി വിതരണം ചെയ്യുക. ഇവർക്കുള്ള പ്രതിഫലം പഞ്ചായത്തിൽ നിന്നോ സന്നദ്ധ സംഘടനകളിൽ നിന്നോ ഗ്രന്ഥശാല സംഘത്തിൽ നിന്നോ സ്വീകരിക്കാം.



# സഹകരണം



ജനകീയ ആസൂത്രണ പ്രവർത്തനങ്ങളിൽ സഹകരണ പ്രസ്ഥാനത്തിന് നിർണ്ണായകമായ സ്വാധീനമുണ്ട്. പഞ്ചായത്ത്‌രാജ് സംവിധാനത്തിൽ സഹകരണസംഘങ്ങളുടെ സഹായം പരമ പ്രധാന്യമർഹിക്കുന്നു. ലോകത്തിലെ മറ്റു ഭാഗങ്ങളിൽ നിന്നു വ്യത്യസ്തമായി ഇന്ത്യയിൽ സഹകരണ നിയമത്തിന്റെ (കോ: ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് ഓഫ് 1904) അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ സഹകരണസംഘങ്ങൾ ആരംഭിച്ചത്. കേരളത്തിന്റെ സഹകരണ പ്രസ്ഥാനങ്ങളുടെ മൊത്തം മുന്നേറ്റത്തിന്റെ കൂടെ ദൗർഭാഗ്യവശാൽ നമ്മുടെ പഞ്ചായത്തിന് എത്തിച്ചേരാനായിട്ടില്ല. നാമമാത്രമായ സഹകരണസംഘങ്ങൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

അത്തോളി പഞ്ചായത്തിൽ ഒരു സഹകരണാശുപത്രിയും മൂന്നു കയർ സൊസൈറ്റികളും രണ്ട് ക്ഷീരസഹകരണ കേന്ദ്രവും മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. സഹകരണ ആശുപത്രിയുടെ ഇന്നത്തെ സ്ഥിതി ശോചനീയമാണ്. 1958ൽ ആരംഭിച്ച വേളൂർ - എടക്കര കയർ വ്യവസായ സഹകരണസംഘം ഇപ്പോൾ 'എ' ഗ്രേഡ് സൊസൈറ്റിയാണ്. 675 അംഗങ്ങളാണ് ഈ സംഘത്തിലുള്ളത്. അംഗീകൃത ഓഹരി മൂലധനം 404534.50 സർക്കാരിൽ നിന്നും 319380.00 രൂപ. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സംഘം നഷ്ടത്തിലാണ്. യന്ത്രവൽക്കരണം കൊണ്ട് ഈ സംഘം ലാഭത്തിലാക്കാൻ കഴിയും. യന്ത്രവൽക്കരണത്തിന് ഗ്രാന്റ് അനുവദിക്കപ്പെട്ടിരുന്നുവെങ്കിലും അമിതമായ വിലകാരണം സ്ഥലമെടുപ്പിന് കഴിയുന്നില്ല. തോരായി കയർ സഹകരണ സംഘത്തിൽ 648 മെമ്പർമാരാണുള്ളത്. 1978ലാണ് ഈ സ്ഥാപനം ആരംഭിച്ചത്. അംഗീകൃത ഓഹരി മൂലധനം '10' ലക്ഷം രൂപയാണ്. ഇവിടെയും 296700 രൂപ സർക്കാർ ഓഹരിയായുണ്ട്. വേളൂർ വെസ്റ്റ് കയർ വ്യവസായ സഹകരണ സംഘം 'സി' ഗ്രേഡിലാണ്. 329 മെമ്പർമാരുമായി 1985ൽ പ്രവർത്തനം ആരംഭിച്ചു. 2 ലക്ഷം രൂപയാണ് അംഗീകൃത മൂലധനം. 54000 രൂപയാണ് സർക്കാർ മൂലധനം. 1974ലാണ് അത്തോളി സഹകരണാശുപത്രി സൊസൈറ്റി പ്രവർത്തനമാരംഭിച്ചത്. 757 അംഗങ്ങളാണുള്ളത്. അംഗീകൃത ഓഹരിമൂലധനം 49380 രൂപയും സർക്കാർ മൂലധനം 17750 രൂപയുമാണ്.

വേളൂർ മൊടക്കല്ലൂർ പ്രദേശങ്ങളിൽ ക്ഷീരവികസനസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ആശുപത്രി എന്ന നിലയിൽ കൂടുതൽ ജനബന്ധമുള്ളത് സഹകരണാശുപത്രി സൊസൈറ്റിയാണ്. പഞ്ചായത്തിലാകെ 2700ഓളം പേർ സഹകരണ പ്രസ്ഥാനങ്ങളിൽ അംഗങ്ങളാണ്. പക്ഷെ ഇവരിൽ പലരും അംഗങ്ങളായ സഹകരണസ്ഥാപനങ്ങൾ പഞ്ചായത്തിനു വെളിയിലാണ്. നേരത്തെ ഉൾനാടൻ മത്സ്യബന്ധന സഹകരണ സംഘം കോങ്ങന്നൂർ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ ആ സംഘത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു.

പ്രശ്നങ്ങൾ

മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മയാണ് അത്തോളി സഹകരണാശുപത്രിയുടെ ശോച്യാവസ്ഥയ്ക്കു കാരണം. അങ്ങാടിയുടെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ ആശുപത്രി കാര്യക്ഷമമാക്കാൻ കഴിയേണ്ടതുണ്ട്.

കയർ സൊസൈറ്റികളിൽ പലതും തകരുന്നതിൽ തൊഴിൽ മേഖലയുടെ തകർച്ചയാണ് കാരണം. സാങ്കേതിക നവീകരണത്തിലൂടെ മാത്രമേ ഈ മേഖല രക്ഷപ്പെടുകയുള്ളൂ. ഇന്ന കയർ സൊസൈറ്റികളിൽ പലതിലും യഥാർത്ഥ തൊഴിലാളികളല്ല അംഗങ്ങളായുള്ളത്. ഇത് ചിലയിടങ്ങളിൽ തൊഴിലാളി താല്പര്യത്തിന് വിഘാതമാകുന്നുണ്ട്.

സർവീസ് സഹകരണ സൊസൈറ്റികളുടെ അഭാവം പഞ്ചായത്തിൽ പ്രധാന വിഷയമാണ്. കാർഷിക മേഖലയുടെയും ചെറുകിട വ്യവസായ മേഖലയുടെയും വളർച്ചയെ ഇത് സാരമായി ബാധിക്കുന്നുണ്ട്.

സാധ്യതകൾ

അത്തോളി പഞ്ചായത്തിന് സ്വന്തമായി സർവ്വീസ്

സഹകരണ സൊസൈറ്റി ആരംഭിക്കേണ്ടതാണ്. കയർ മേഖലയിൽ യന്ത്രവല്ക്കരണം ഏർപ്പെടുത്തുകയും അതിനുള്ള പരിശീലനം തൊഴിലാളികൾക്കു നൽകുകയും വേണം.

കയർ വ്യവസായ സഹകരണ സംഘങ്ങളിൽ 90% മെങ്കിലും യഥാർത്ഥ തൊഴിലാളികൾ അംഗങ്ങളായിരിക്കണം.

ഉൾനാടൻ മത്സ്യബന്ധന സഹകരണസംഘം പുനരുജ്ജീവിപ്പിക്കണം.

കോ- ഓപ്പറേറ്റീവ് സൊസൈറ്റി വഴി മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ആരംഭിക്കുക.

പഞ്ചായത്തിലെ എല്ലാ വാർഡിലും ക്ഷീരവികസന സഹകരണസംഘങ്ങൾ തുടങ്ങാവുന്നതാണ്.

ഗ്രൂപ്പ് ഫാമിംങ് സംഘങ്ങൾ കാര്യക്ഷമമാക്കണം.

വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കാവുന്നതാണ്. ഫുഡ് പ്രൊസസിംങ് യൂനിറ്റ് പ്ലാസ്റ്റിക് കൊട്ടമെടയൽ തുടങ്ങിയവ ഇതുവഴി തുടങ്ങാം. സഹകരണാടിസ്ഥാനത്തിൽ നഴ്സറികൾ ആരംഭിക്കാം.

വിദ്യാഭ്യാസസമ്പന്നരായ ചെറുപ്പക്കാർക്ക് സഹകരണാടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്.

പരമ്പരാഗത വ്യവസായ പുനരുജ്ജീവനത്തിന് സഹകരണസംഘങ്ങൾ ആരംഭിക്കാവുന്നതാണ്.

ഇറിഗേഷൻ കോ- ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കാവുന്നതാണ്.



# പട്ടികജാതിപട്ടികവർഗ്ഗ വികസനം

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളാണ് പട്ടികജാതി-പട്ടികവർഗ്ഗങ്ങൾ. അടുത്തകാലം വരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അയിത്തം കല്പിച്ച് അകറ്റിനിർത്തപ്പെട്ട വിഭാഗമാണ് ഇവർ. എങ്കിലും മേലാളന്മാരുടെ ഭൂമിയിൽ ചോര നീരാക്കി കനകം വിളയിക്കാൻ അടിമകളായ ഇവരുടെ കായബലം വേണ്ടിയിരുന്നു. ഒരു പരിഷ്കൃത ജനതയ്ക്ക് യോജിക്കാത്തരീതിയിൽ തികച്ചും മൃഗീയമായാണ് അവരോട് പെരുമാറിയത്. പീഢനങ്ങളിൽ നിന്ന് രക്ഷനേടാൻ സ്വന്തം നാടുവിട്ട് പോവേണ്ടി വന്നവരും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. അറിവിന്റെ വെളിച്ചം നിഷേധിക്കപ്പെട്ട ഇവർക്ക് അവകാശബോധം ഇല്ലാതിരുന്നത് സ്വാഭാവികമാണ്. കേരളത്തിൽ ജനകീയമുന്നേറ്റത്തിന്റെ ഫലമായി നടപ്പാക്കിയ ഭൂപരിഷ്കരണ നിയമത്തിലൂടെ സ്വന്തമായി ഭൂമി ഇവരുടെ കൈകളിലെത്തി. മുൻകാലങ്ങളിലെ ഉച്ചനീചത്വങ്ങളിൽ നിന്ന് മോചനം നേടാൻ ഇന്ന് ഈ വിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മുറ്റത്തെ കഴികളിൽ ഇല വെച്ച് കഞ്ഞികുടിച്ച അടിയാളിൽ നിന്ന് പോരാട്ടങ്ങളിലൂടെ സവർണ്ണനോടൊപ്പം ഒരേ പന്തിയിലിരുന്ന് ഭക്ഷണം കഴിക്കുന്ന പരിഷ്കൃത സമൂഹമായി അവർ വളർന്നു.

നമുക്ക് ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ കാൽ ലക്ഷത്തോളം വരുന്ന ജനസംഖ്യയിൽ 3976 പേർ പട്ടികജാതിക്കാരാണ്. ഇത് പഞ്ചായത്ത് ജനസംഖ്യയുടെ 16.5% പേർ വരും. പട്ടികവർഗ്ഗ കുടുംബങ്ങൾ പഞ്ചായത്തിലില്ല. പട്ടികജാതിയിൽ പെട്ട 1051 കുടുംബങ്ങളിൽ 1950 പുരുഷന്മാരും 2026 സ്ത്രീകളുമാണ്. പഞ്ചായത്തിൽ ഇപ്പോൾ 13 അംഗീകൃത ഹരിജൻ കോളനികളുണ്ട്.

കോളനികളിൽ താമസിക്കാതെ ഇതരവിഭാഗങ്ങൾക്കൊപ്പമാണ് ഭൂരിപക്ഷം പേരും കഴിയുന്നത്.

വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ പുരോഗതിയുണ്ടായെങ്കിലും ഇവർക്ക് സാമ്പത്തികസ്വാശ്രയത്വം കൈവരിക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല.

ഈ വിഭാഗത്തിനുവേണ്ടി സർക്കാറിന്റെ വിവിധ ഏജൻസികളിലൂടെ നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ചുള്ള അജ്ഞത മൂലം ഉദ്ദേശിച്ച ഫലം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കോളനികളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ ഇവർക്ക് അനുഭവയോഗ്യമാണ്.

## വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അവർ മറ്റുള്ള സമുദായങ്ങൾക്കൊപ്പം നിൽക്കുമെങ്കിലും തുടർ വിദ്യഭ്യാസം നടത്തുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവ് ഒരു പരിധിവരെ ഇതിനുകാരണമാവുന്നുണ്ട്. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടിവരുന്നതിനാൽ പലപ്പോഴും പഠനം നിർത്തേണ്ടി വരുന്നത് ഈ വിഭാഗത്തിന്റെ ദുരവസ്ഥയാണ്. പത്താം ക്ലാസ്സിൽ പരാജയപ്പെട്ടാൽ തുടർന്നു പഠിക്കാൻ സർക്കാർ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും മുഴുവൻ പേരും അത് ഉപയോഗപ്പെടുത്താൻ തയ്യാറാവുന്നില്ല എന്നുള്ളത് ദുഃഖകരമായ സത്യമാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളാണ്. എന്നാൽ കാർഷിക മേഖലയിലുണ്ടായ തകർച്ചമൂലം ഇവരുടെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു. ആയതിനാൽ ഈ മേഖലയിലെ ഭൂരിഭാഗവും മറ്റ് തൊഴിൽ മേഖലകളിലേക്ക് ചേക്കേറി. നിർമ്മാണരംഗത്ത് നിലയുറപ്പിച്ച ഇവരുടെ പുതിയ തലമുറക്ക് കൃഷി അന്യമായി. സ്ത്രീകൾ മാത്രം ചെയ്തിരുന്ന നുരിവെക്കൽ, ഞാറുനടീൽ, കൊയ്ത്ത് എന്നിവയ്ക്ക് ആളെ കിട്ടാതായി. പരമ്പരാഗത വ്യവസായങ്ങളായ പായ നെയ്ത്തും കൊട്ടമെടയലും, കൈതോല സംരക്ഷിക്കാൻ കഴിയാത്തതിനാലും വിപണി നഷ്ടപ്പെട്ടതിനാലും തകർന്നു.

## പാർപ്പിടം

സമൂഹത്തിൽ ഏറ്റവും കൂടുതൽ പാർപ്പിട പ്രശ്നം അനുഭവിക്കുന്ന വിഭാഗക്കാർ പട്ടികജാതി-പട്ടികവർഗ്ഗക്കാരാണ്. മുൻകാലങ്ങളിൽ നിലനിന്ന സാമൂഹ്യാചാരങ്ങളുടെ ഭാഗമായി മലമുകളിലേക്ക് പായപ്പെട്ടവരെ പറിച്ചുനട്ടപ്പോൾ അവരിലേറെയും പട്ടികജാതി-പട്ടികവർഗ്ഗക്കാരായിരുന്നു. കുന്നിൻ മുകളിലെ വെച്ചുകെട്ടിയ ചെറ്റക്കുടിൽ നീക്കം ചെയ്ത് ചെറിയ പാർപ്പിടം നൽകാൻ സർക്കാർ ഏജൻസികൾക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. മിക്ക വീടുകൾക്കും പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല. കോളനികൾ കേന്ദ്രീകരിച്ച് പാർപ്പിട സൗകര്യങ്ങൾ അനുഭവിക്കുമ്പോൾ ചിന്നിച്ചിതറി താമസിക്കുന്നവർക്ക് ഈ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. ഭവനനിർമ്മാണത്തിന് സർക്കാർ നൽകുന്ന ധനസഹായം തീരെ അപര്യാപ്തമാണ്. അതുകൊണ്ട് ഇവരുടെ പാർപ്പിടങ്ങൾ മിക്കവാറും പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നു. വീട് വെയ്ക്കാൻ അനുവദിക്കുന്ന പണം മറ്റ് ആവശ്യങ്ങൾക്കുവേണ്ടി വിവേകരഹിതമായി ചെലവഴിക്കുന്നത് നിമിത്തം ഉദ്ദേശിച്ച ഫലം ഉണ്ടാവുന്നില്ല.

## ശുചിത്വം

പഴയ കാലം മുതൽ ഉയർന്ന സ്ഥലങ്ങളിലേക്ക് മാറ്റപ്പെട്ടതുകൊണ്ടാകാം ഇവരുടെ വീടുകൾ ഭൂരിഭാഗവും സമതലങ്ങളിൽനിന്ന് വേറിട്ട് ഉയർന്ന ഭൂപ്രദേശങ്ങളിലാണ് കാണപ്പെടുന്നത്. അതുകൊണ്ടുതന്നെ ഏറ്റവുമധികം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കാണ്. ജലലഭ്യതയുടെ അഭാവം വേണ്ടത്ര ശുചിത്വമില്ലായ്മയിലേക്കും അതുവഴി ദാരിദ്ര്യത്തിലേക്കും ദാരിദ്ര്യരോഗങ്ങളിലേക്കും ഇവരെ നയിക്കാൻ കാരണമാകുന്നു. മാത്രമല്ല, മാരകമായ പകർച്ചവ്യാധികൾ ഉണ്ടാകുമ്പോൾ അതാദ്യം പിടികൂടുന്നതും ഈ ജനവിഭാഗത്തിനാണെന്നത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. ഇത്തരം കാരണങ്ങൾകൊണ്ടുകൂടി പരിസരശുചീകരണത്തിന്റെ കാര്യത്തിൽ സമൂഹത്തിലെ മറ്റു ജനവിഭാഗങ്ങൾക്കൊപ്പമെത്താൻപോലും ഇവർക്ക് കഴിഞ്ഞിട്ടില്ല. ദരിദ്രരോഗം കാണപ്പെടുന്നതും ഇന്ന് ഇവരുടെ ഇടയിൽ മാത്രമാണ്.

പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങളിൽ ഭൂരിഭാഗത്തിനും സ്വന്തമായി ഇരുപത് സെന്റിലധികം ഭൂമി കൈവശമില്ല. ചെറുകുടുംബങ്ങളായി മാറിത്താമസിക്കേണ്ടിവരുമ്പോൾ ഇത് വീണ്ടും തുണ്ടംതുണ്ടമായി തീരുന്നു. വയറിംഗ് നടത്തി 12 വർഷമായിട്ടും വൈദ്യുതി ലഭിക്കാത്ത പ്രദേശങ്ങൾപോലും ഉണ്ടെന്ന് മനസ്സിലാകുന്നു.

തുണ്ടുഭൂമികളിൽ താമസിക്കുന്ന ഇവരിൽ പലരും മരണമടഞ്ഞാൽ ശവം സംസ്കരിക്കുന്നത് ഇവരെ സംബന്ധിച്ച് ഒരു പ്രശ്നമാണ്. വിദ്യാഭ്യാസം, സമൂഹത്തെ സാംസ്കാരികമായി ഉയർച്ചയിലേക്ക് നയിക്കുന്നതിന് സഹായിച്ച കൂട്ടത്തിൽ പഴയ കാലത്തുണ്ടായിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമെല്ലാം ഇവരിലും മാറിവരുന്നതായി കാണുന്നത് ആശാവഹമാണ്.

## പരിഹാരമാർഗങ്ങൾ

1. കോളനികളിൽനിന്നും വിട്ടുതാമസിക്കുന്ന പട്ടികജാതികുടുംബങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്നു. ഈ അവസ്ഥ മാറേണ്ടതാണ്.
2. കോളനികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കോളനികൾ സന്ദർശിക്കുന്നത് നന്നായിരിക്കും.
3. പട്ടികജാതി വനിതകളുടേത് മാത്രമായ തൊഴിൽ സംരംഭങ്ങൾ തുടങ്ങണം.
4. നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത കൈത്തൊഴിൽ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ ഉണ്ടാവണം.
5. സർക്കാർ ജോലികൾക്കായുള്ള മത്സരപ്പരീക്ഷകളിൽ വിജയിക്കാനാവശ്യമായ പരിശീലനം നൽകുന്നതിന് പദ്ധതികൾ ഉണ്ടാകണം.
6. സർക്കാരിന്റെ വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് തടയാനുള്ള നടപടികൾ ഉണ്ടാകണം.
7. കാർഷികമേഖലയിൽനിന്നും ജോലി നഷ്ടപ്പെട്ട ഇവരെ മറ്റ് സർവീസ് മേഖലകളിലേക്കും കൈത്തൊഴിൽ മേഖലകളിലേക്കും തിരിച്ചുവിടാനുള്ള സംവിധാനമുണ്ടാകണം.
8. മുഴുവൻ വീടുകൾക്കും കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ നൽകാനുള്ള സംവിധാനം ഘട്ടം ഘട്ടമായി ഉണ്ടാകണം.
9. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടാവണം.
10. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ബന്ധപ്പെട്ടവർ ഇടക്കിടെ കോളനികൾ സന്ദർശിച്ച് ആരോഗ്യത്തെ സംബന്ധിച്ച ഉപദേശങ്ങൾ നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.
11. പട്ടികജാതി പട്ടികവർഗ്ഗ ഉന്നമനവുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങളെക്കുറിച്ചുള്ള അജ്ഞത നീക്കുന്ന

തിനാവശ്യമായ ഉപദേശങ്ങളും ബന്ധപ്പെട്ട ഫോറങ്ങളും നൽകാൻ പഞ്ചായത്തിൽ ഒരു ഇൻഫോർമേഷൻ ബ്യൂറോ തുടങ്ങുന്നത് നന്നായിരിക്കും.

12. വീടും വീടുവെക്കാനുള്ള സ്ഥലവും നൽകുന്ന പദ്ധതികൾ പരിഗണിക്കുമ്പോൾ ജലലഭ്യതകൂടി കണക്കിലെടുത്ത് സമതലപ്രദേശങ്ങൾതെരഞ്ഞെടുക്കുന്നതിന് മുൻതൂക്കം നൽകുന്നത് നന്നായിരിക്കും.
13. വീടുവെക്കാൻ തുക നൽകുന്നതിനുപകരം സർക്കാരിന്റെ പ്ലാനനുസരിച്ച് വീടുകൾതന്നെ നിർമ്മിച്ച് കൊടുക്കണം.

### സാധ്യതകൾ

- ആനുകൂല്യങ്ങൾ കോളനികൾക്ക് വിതരണം ചെയ്യുന്നതിന് പകരം കുടുംബങ്ങൾക്ക് ലഭ്യമാക്കണം.
- കക്ക ഉപയോഗിച്ച് നീറ്റുകക്ക ഉണ്ടാക്കുന്നതിന് അഞ്ചാം വാർഡിൽ സാധ്യതയുണ്ട്.
- റെഡിമെയ്ഡ് വ്യവസായയൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്.
- പായനെയ്ത്ത്, കുട്ടമടയൽ തുടങ്ങിയ പരമ്പരാഗതവ്യവസായങ്ങളെ ആധുനികവൽക്കരിക്കണം.
- പഞ്ചായത്ത് മുൻകൈയെടുത്ത് പട്ടികജാതി-പട്ടികവർഗക്കാരെ മത്സരപ്പരീക്ഷകളിൽ വിജയിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകണം.
- വിവിധആവശ്യങ്ങൾക്കായി സർക്കാർ നൽകുന്ന ധനസഹായങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് തടയാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽജനകീയകമ്മറ്റികൾ ഉണ്ടാക്കണം.
- ചിമ്മമലയിൽ പൊതുശ്മശാനത്തിന് സൗകര്യമുണ്ട്.
- സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്ത് ഓഫീസിലെത്തിക്കണം. വാർഡുമെമ്പർമാർ മുൻകൈയെടുത്ത് ഈ വിവരങ്ങൾ അർഹരായവരിലെത്തിക്കണം.

## സാധ്യതകൾ (കുടിവെള്ളം)

| | |
|---|---|
| 1. ഒതയോത്ത്കണ്ടി മീത്തൽ കോളനി | ഒതയോത്ത്കണ്ടി താഴെ കിണർ കുഴിച്ച് കുന്നിൻമുകളിൽ ടാങ്ക് കെട്ടി ജലവിതരണം നടത്താം |
| പുതിയകുന്ന് കോളനി | പുതിയകുന്ന് താഴത്ത് കിണർ കുഴിച്ച് കുന്നിൻമുകളിൽ ടാങ്ക് കെട്ടി ജലവിതരണം നടത്താം |
| 2. അരിയോന്ന് കണ്ടി കോളനി | കൊടക്കല്ലിന് സമീപം കിണർ കുഴിച്ച് അരിയോന്നുകണ്ടി കുന്നിനുമുകളിൽ ടാങ്ക് കെട്ടി ജലവിതരണം നടത്താം |
| 3. കോട്ടക്കുന്ന് കോളനി, ചിമ്മമല കോളനി, പാറപ്പുറം, തറോപ്പടിക്കൽ, കോട്ടയിൽ മീത്തൽ ലക്ഷംവീട് കോളനി, കുറുവാളൂർ ലക്ഷംവീട് കോളനി | കരുമുണ്ടേലി താഴെ (വാർഡ് 6) കുളം ആഴത്തിൽ കുഴിച്ച് അത്തായക്കുന്നിൽ ടാങ്കെട്ടി ജലവിതരണം നടത്താം. വേളൂർ കുളവും ഇതിനായി ഉപയോഗിക്കാം |
| 4. ചാരൽമീത്തൽ കോളനി, കോമത്ത് 4 സെന്റ് കോളനി | കോമത്ത് 4 സെന്റ് കോളനിക്ക് താഴെ കനാലിനടുത്ത് പൊതുകിണർ കുഴിച്ച് ടാങ്കെട്ടി വെള്ളമെത്തിക്കുക |
| 5. പാലോറമല കോളനി | നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം മെച്ചപ്പെടുത്തുക |
| 6. വെള്ളിലാടുമല ഹരിജൻകോളനി | കോളനിക്ക് താഴെ കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലമെത്തിക്കുക |
| 7. അംബേഡ്കർ കോളനി | ചങ്ങരോത്ത് കുളത്തിലെ വെള്ളം ശുദ്ധീകരിച്ച് അംബേഡ്കർ കോളനിയിലെത്തിക്കണം. |
| 8. കൊടശ്ശേരിക്കുന്ന് ലക്ഷംവീട് കോളനി | കൊടശ്ശേരിയിലെ ചെറു ജലവിതരണപദ്ധതി മെച്ചപ്പെടുത്തണം. |
| 9. പുതുക്കുടിമീത്തൽ കോളനി | ഇവിടെ സൗജന്യമായി കിട്ടുന്ന സ്ഥലത്ത് കിണർകുഴിച്ച് ജലവിതരണം നടത്താം. |

പട്ടിക 1

## 1991–ലെ സെൻസസ് അനുസരിച്ച് വാർഡ് അടിസ്ഥാനത്തിൽ പട്ടികജാതി ജനസംഖ്യ

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 1 | 186 | 169 | 355 |
| 2 | 192 | 185 | 377 |
| 3 | 285 | 296 | 581 |
| 4 | 134 | 143 | 277 |
| 5 | 209 | 225 | 434 |
| 6 | 234 | 243 | 477 |
| 7 | 213 | 223 | 436 |
| 8 | 260 | 302 | 562 |
| 9 | 112 | 126 | 238 |
| 10 | 125 | 114 | 239 |
| Total | 1950 | 2026 | 3976 |

* ഇപ്പോൾ അത്തോളി പഞ്ചായത്തിൽ 11 വാർഡുകളുണ്ട്

പട്ടിക 2

## അംഗീകൃത ഹരിജൻ കോളനികൾ

| | | കുടുംബങ്ങൾ | ജനസംഖ്യ | വൈദ്യുതി |
|---|---|---|---|---|
| 1 | എലിയോട്ടുമല, കൊളക്കാട് | 16 | 70 | ലഭിച്ചു |
| 2 | അംബേഡ്കർ മെമ്മോറിയൽ, കൊളക്കാട് | 34 | 287 | ലഭിച്ചു |
| 3 | ചങ്ങരോത്ത്,വേളൂർ | 45 | 279 | ലഭിച്ചു |
| 4 | എടക്കാട്ടുംകര, കൊളക്കാട് | 21 | 95 | – |
| 5 | കരിനേറ്റിക്കൽ, കൊളക്കാട് | 20 | 83 | – |
| 6 | കണ്ണിപ്പൊയിൽ | 30 | 131 | ലഭിച്ചു |
| 7 | പാലോറമലയിൽ (മിച്ചഭൂമി) | 12 | 52 | – |
| 8 | പുല്ലില്ലാമല, കൊങ്ങന്നൂർ | 39 | 282 | ലഭിച്ചു |
| 9 | തച്ചമ്പത്ത്മീത്തൽ | 24 | 117 | ലഭിച്ചു |
| 10 | വെള്ളിലാടുമല | 22 | 135 | ലഭിച്ചു |
| 11 | തായാട്ടുമീത്തൽ | 33 | 79 | – |
| 12 | മണ്ണാംകണ്ടി | 31 | 115 | – |
| 13 | അരിയന്നൂകണ്ടി | 31 | 126 | – |
| | | 358 | 1751 | എട്ട് |

# അത്തോളി പഞ്ചായത്ത് വിഭവസമാഹരണം

കാൽ ലക്ഷത്തിലധികം ജനങ്ങൾ അധിവസിക്കുന്ന അത്തോളിപഞ്ചായത്ത് ഒരു കാർഷികമേഖലയാണ്. കാർഷികരംഗത്തെ മുരടിപ്പും വ്യവസായമേഖലയിലെ തകർച്ചയും പഞ്ചായത്തിന്റെ ധനാഗമമാർഗത്തെ പിറകോട്ടടിക്കുന്നു. പഞ്ചായത്തിലെ വ്യവസായസ്ഥാപനമായ കുന്നത്തറ ടെക്സ്റ്റൈൽസ് പൂട്ടിക്കിടക്കുന്നതുകാരണം ആ രംഗത്തുനിന്നും ലഭ്യമായിരുന്ന വരുമാനമാർഗം പോലും നിശ്ചലമാണ്. വൈദ്യുതപ്രതിസന്ധി തുടങ്ങിയ കാരണങ്ങളാൽ ചെറുകിടവ്യവസായങ്ങൾ വേണ്ടത്ര ഫലപ്രദമായി നടക്കുന്നില്ല. പഞ്ചായത്തിന്റെ വരുമാനമാർഗങ്ങൾ ആരായുമ്പോൾ വരവ് കുറവും ചെലവ് കൂടുതലുമായിട്ടാണ് കാണാൻ കഴിയുന്നത്. (പട്ടിക കൊടുത്തിരിക്കുന്നു.) പഞ്ചായത്തിന്റെ ഇപ്പോഴുള്ള പ്രധാനവരുമാനമാർഗങ്ങൾ കെട്ടിടനികുതി, വിനോദനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീ, സർക്കാർ ഗ്രാന്റുകൾ എന്നിവയിൽനിന്നാണ്.

## കെട്ടിടനികുതി

കെട്ടിടനികുതിയിനത്തിൽനിന്നും ഇപ്പോൾ വസൂലാക്കിക്കൊണ്ടിരിക്കുന്നത് കെട്ടിടത്തിൽനിന്നു ലഭിക്കാവുന്ന വാർഷികവാടക കണക്കാക്കിയാണ്. ഭീമമായ തുക ചെലവാക്കി നിർമിക്കുന്ന കെട്ടിടങ്ങൾക്ക് അവയുടെ സ്വഭാവവും കെട്ടിടത്തിനകത്തെ സൗകര്യവും തറവിസ്തീർണവും മറ്റും കണക്കിലെടുത്ത് നികുതി ശാസ്ത്രീയമായി ചുമത്തുന്നതിന് ഒരു മാനദണ്ഡം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. കെട്ടിട ഉടമയോടും കൈവശക്കാരനോടും ഡിക്ലറേഷൻ വാങ്ങി വാടകസ്ഥാപനങ്ങൾക്ക് കൃത്യമായ വാടക കണക്കാക്കി നികുതി ഈടാക്കാവുന്നതാണ്.

## വിനോദനികുതി

പ്രസ്തുതയിനത്തിൽ പഞ്ചായത്തിന്റെ വരുമാനം തീരെ കുറവാണ്. നിലവിലുള്ള സിനിമാശാല ഇപ്പോൾ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കേബിൾ ടിവി ഓപ്പറേറ്റർമാരിൽനിന്നും ചെറിയതോതിൽ നികുതി ചുമത്തി ആയിനത്തിൽ വരുമാനമുണ്ടാക്കാൻ കഴിയും.

## തൊഴിൽനികുതി

തൊഴിൽനികുതിയിനത്തിൽ പഞ്ചായത്തിന്റെ കാര്യമായ വരുമാനമാർഗം അധ്യാപകരിൽമാത്രം ഒതുങ്ങിനിൽക്കുന്നു. വിവിധമേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിലിൽനിന്നു കിട്ടുന്ന വേതനത്തിന്റെ തോതനുസരിച്ച് ചെറിയ നികുതി ഈടാക്കിയാൽ അതവരുടെ തൊഴിൽസുരക്ഷിതത്വത്തിനുകൂടി പ്രയോജനപ്രദമാകുന്നതാണ്. പഞ്ചായത്തിലെ കൊപ്ര, അടക്ക, കശുവണ്ടി, കയർ എന്നീ വ്യവസായികളിൽനിന്നും നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാം.

സർക്കാരിൽനിന്നും ഗ്രാന്റായി ലഭിക്കുന്നത് മുഖ്യമായും സ്റ്റാമ്പ് ഡ്യൂട്ടി, ജെ.ആർ.വൈ. പ്രത്യേക ഘടക പദ്ധതിയനുസരിച്ചുള്ള ഗ്രാന്റ് തുടങ്ങിയവയാണ്. (പട്ടിക 1 നോക്കുക)

സർക്കർ ഗ്രാന്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി അപ്പപ്പോൾ തന്നെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വെഹിക്കിൾ ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റ് എന്നീയിനങ്ങളിലുള്ള വരുമാനം പഞ്ചായത്തിലെത്തുന്നത് ഒന്നുരണ്ടുവർഷം കഴിഞ്ഞശേഷമാണ്. അതുകൊണ്ട് അമിതമായ കാലതാമസം ഒഴിവാക്കുകയും നീതിപൂർവമായ വിതരണം ഉണ്ടാവുകയും വേണം.

പഞ്ചായത്തിലുള്ള ധനകാര്യസ്ഥാപനങ്ങൾ, സൗത്ത്മലബാർ ഗ്രാമീണബാങ്ക്, രണ്ട് സഹകരണബാങ്കുൾ എന്നിവമാത്രമാണ്. ദേശസാൽകൃതബാങ്കിന്റെ ഒരു ശാഖ പഞ്ചായത്തിലില്ലാത്തതുകൊണ്ട് വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ട്. അതേപോലെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക് ആരംഭിക്കുകയാണെങ്കിൽ കാർഷികമേഖല കൂടുതൽ പരിപോഷിപ്പി

ക്കാൻ സാധിക്കും.

## മറ്റു ധനാഗമമാർഗങ്ങൾ

1. ഭൂമിയുടെ തരമനുസരിച്ച് ഭൂനികുതി ക്ലിപ്തപ്പെടുത്തുക
2. പുഴ, പുറമ്പോക്ക്ഭൂമി ഇപ്പോൾ നാമമാത്രമായ പാട്ടത്തിനാണ് കൊടുക്കുന്നത്. പാട്ടം വർദ്ധിപ്പിക്കുക
3. പുതിയ റോഡുകളുടെ നിർമാണവും അറ്റകുറ്റപ്പണികളും ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിയാൽ ഈ വകയിലുള്ള ഭീമമായ ചെലവ് ലാഭിക്കാം.
4. പഞ്ചായത്തുറോഡുകളുടെ റിപ്പയറുകൾക്ക് ഒരു സ്ഥിരസംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തിയാൽ ചെലവ് ചുരുക്കിയെടുക്കാം.
5. മഹിളാപ്രധാൻ ഏജന്റുമാരിൽനിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെറിയതോതിൽ നികുതി ചുമത്താം.
6. ആഴ്ചതോറും ഗ്രാമച്ചന്ത നടത്തി വരുമാനമുണ്ടാക്കാം

## നിർദ്ദേശങ്ങൾ

1. ഭൂനികുതി പഞ്ചായത്ത് നേരിട്ട് പിരിച്ചെടുക്കുന്ന സംവിധാനമുണ്ടാക്കേണ്ടതാണ്.
2. നികുതി പിരിക്കുന്നതിന് വീടുതോറും കയറിയിറങ്ങുന്ന ഇന്നത്തെ സംവിധാനം നിർത്തലാക്കി ഓഫീസിൽ നികുതിയൊടുക്കണമെന്ന വ്യവസ്ഥയേർപ്പെടുത്തുക. ഇപ്പോൾ ഈ പ്രവൃത്തി നടത്തുന്ന മൂന്ന് ക്ലാർക്കുമാരെ പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ പഞ്ചായത്താപ്പീസിൽ അധികരിച്ചിട്ടുള്ള ജോലിഭാരം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്താൻ കഴിയും. കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതുമൂലമുണ്ടാകുന്ന അധികസാമ്പത്തികബാധ്യത ഒഴിവാക്കാൻ ഇതിലൂടെ കഴിയുന്നതാണ്.
3. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ വാർഡ് പ്രതിനിധിയടങ്ങുന്ന ഒരു ജനകീയസമിതി രൂപപ്പെടുത്തുകയാണെങ്കിൽ നികുതി കൃത്യസമയത്ത് കിട്ടുകയും അതുമൂലമുള്ള ദുർവ്യയം ഒഴിവാക്കുകയും ചെയ്യാം. കൂടാതെ നികുതിദായകന് താൻ കൊടുക്കുന്ന നികുതി എന്തിനുചെലവാക്കി എന്നു മനസ്സിലാക്കുന്നതിനുള്ള സൗകര്യം പഞ്ചായത്ത് ഉണ്ടാക്കിക്കൊടുക്കണം
4. പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഒരു ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമിച്ച് വരുമാനം വർദ്ധിപ്പിക്കാം.
5. പഞ്ചായത്തിലൊരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുകയാണെങ്കിൽ വിവാഹാവശ്യത്തിനുംമറ്റും ഉപയോഗിച്ച് അതിൽനിന്നുള്ള വരുമാനം പഞ്ചായത്തിന് മുതൽക്കൂട്ടാക്കാം.

## മനുഷ്യാധ്വാനം

മനുഷ്യാധ്വാനം വികസനപ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് മുൻപന്തിയിലാണ്. റോഡ് നിർമാണത്തിനാണിത് കൂടുതൽ ചെലവഴിക്കുന്നത്. അതിനുപുറമേ ഭവനനിർമാണം, ജലസേചനം, പരിസരശുചീകരണം തുടങ്ങിയ രംഗങ്ങളിലേക്കുകൂടി ഇത് വ്യാപിപ്പിക്കാവുന്നതാണ്.

## പഞ്ചായത്തിന്റെ കഴിഞ്ഞ 10 വർഷകാലത്തെ വരവ്- ചിലവ് കണക്ക് – ഒരു താരതമ്യപഠനം

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1986-87 | 4,29,935.36 | 4,25,171.51 |
| 1987-88 | 4,61,539.43 | 3,88,737.33 |
| 1988-89 | 7,32,424.77 | 6,17,582.18 |
| 1989-90 | 8,13,981.50 | 5,78,075.70 |
| 1990-91 | 10,26,545.05 | 10,52,230.22 |
| 1991-92 | 9,78,013.70 | 8,49,037.70 |
| 1992-93 | 10,89,446.68 | 9,48,868.18 |
| 1993-94 | 13,18,625.34 | 18,29,118.50 |
| 1994-95 | 24,41,440.20 | 20,43,995.00 |
| 1995-96 | 23,71,109.36 | 26,57,061.20 |

### തനത് വരുമാനം

| വർഷം | 1991-92 | 1995-96 | വ്യത്യാസം |
|---|---|---|---|
| കെട്ടിടനികുതി | 1,76,894.00 | 2,63,362.00 | 86,468 |
| വിനോദം | 34,727.00 | 42,000.00 | 7,273 |
| തൊഴിൽ | 64,810.00 | 85,435.00 | 20,625 |
| അൺടൈഡ്•ജനറൽ | 1,27,300.00 | 1,73,880.00 | 46,580 |
| അൺടൈഡ് SEP | 52,700.00 | 1,07,870.00 | 55,170 |
| JRY | 4,54,452.00 | 7,22,199.00 | 2,67,747 |
| ഗ്രാന്റ് + സംഭാവന | 61,572.00 | 3,44,948.00 | 2,83,376 |

### ചിലവ്

| | 1991-92 | 1995-96 | വ്യത്യാസം |
|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 2,66,641.00 | 5,10,015 | 2,43,374 |
| റോഡ് റിപ്പേർ | 1,00,738.00 | 5,99,258 | 4,98,520 |
| കറന്റ് | 51,373.00 | 69,352 | 17,979 |

# സാമൂഹ്യക്ഷേമം

സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്ന ഒട്ടേറെ ജനങ്ങൾ നമുക്കിടയിലുണ്ട്. അവരുടെ ഉന്നമനത്തിലൂടെ മാത്രമേ നാടിനെ പുരോഗതിയിലേക്ക് നയിക്കാനാകൂ. സർവമേഖലയിലും സമത്വമുള്ള ഒരു ജനത നാടിന്റെ അഭിമാനമാണ്. ദൗർഭാഗ്യവശാൽ ഈയവസ്ഥയിലെത്തിച്ചേരാൻ നമുക്ക് സാധിച്ചിട്ടില്ല. സാമൂഹ്യവും ചരിത്രപരവുമായ ഒട്ടേറെ കാരണങ്ങൾ ഇതിനുണ്ട്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്ക് ഉയിർത്തെഴുന്നേൽപിന്റെ പാതയിലൂടെ മുന്നേറാൻ വ്യക്തമായ ദിശാബോധവും സഹായവും നൽകേണ്ടതുണ്ട്. അപ്പോൾ മാത്രമേ അവരെ നാടിന്റെ പുരോഗതിയുടെ കണ്ണികളായി വിളക്കിച്ചേർക്കാൻ കഴിയുകയുള്ളൂ. അതിനുതകുന്നതാകണം സാമൂഹ്യക്ഷേമപരിപാടികൾ. ദാരിദ്ര്യനിർമാർജനം എന്നത് മുഖ്യലക്ഷ്യമാകണം ഈ പദ്ധതികൾക്ക്. ഈയൊരടിത്തറയിൽനിന്നുകൊണ്ടുമാത്രമേ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ വിലയിരുത്താനാകൂ.

അത്തോളി പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി 1925 കുടുംബങ്ങളാണുള്ളത്. ഇതിൽ 392 പേർ പട്ടികജാതിയിൽപ്പെടുന്നു. ഇവരുടെ ഉയർച്ചയായിരിക്കണം ഇവിടെ നടക്കുന്ന ഏതൊരു ക്ഷേമപദ്ധതിയുടേയും ലക്ഷ്യം. നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ 555 പട്ടികജാതി കുടുംബങ്ങളുൾപ്പെടെ 1063 ആണ്. എന്നാൽ ഈ പദ്ധതിയുടെ യഥാർത്ഥഫലം ഇവർക്കുപോലും ലഭിച്ചിട്ടില്ലയെന്ന് നാം കൂടുതൽ പരിശോധിച്ചാൽ മനസ്സിലാക്കാം. സഹായം ലഭിച്ചതിൽ 372 കുടുംബങ്ങൾ മാത്രമേ ദാരിദ്ര്യരേഖക്ക് മുകളിലെത്തിയിട്ടുള്ളൂ. 35 ശതമാനം മാത്രം. ഇത്തരം പദ്ധതികളുടെ അപര്യാപ്തതയിലേക്കാണ് ഈ കണക്ക് വിരൽ ചൂണ്ടുന്നത് (പട്ടിക 1 നോക്കുക)

ട്രൈസം തൊഴിൽ പരിശീലനം നേടിയ 64 പേരാണ് പഞ്ചായത്തിലുള്ളത്. വിവിധതൊഴിലുകളിലിവർ പരിശീലനം നേടിയിട്ടുണ്ട്. പക്ഷേ, തങ്ങൾ പരിശീലിച്ച തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കുന്നവർ 49 പേരേയുള്ളൂ. പതിനഞ്ച് പേർ മറ്റ് തൊഴിൽ സാധ്യതകൾ നേടിപ്പോയതാണ്. പരിശീലിച്ച തൊഴിലുകളിലൂടെ ജീവിതം മുന്നോട്ട് നയിക്കാൻ സാഹചര്യമില്ലാത്തതിനാലാണ് അവർ ആ രംഗത്തോട് വിടപറയുന്നത്. പരിശീലിച്ച തൊഴിലിൽ ഉറച്ചുനിൽക്കാനുള്ള സാഹചര്യം അവർക്കുണ്ടാകേണ്ടതുണ്ട്. പ്രാദേശികസവിശേഷതകളും സാഹചര്യങ്ങളും ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. മണ്ണിനെയും മനുഷ്യനെയും അറിഞ്ഞുകൊണ്ടുള്ള വികസനമേ സ്ഥായിയാകൂ. (പട്ടിക 2 നോക്കുക)

DWCRA പദ്ധതി പ്രകാരം നാല് തൊഴിൽ സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. ബേക്കറി യൂണിറ്റ്, കയർനിർമാണയൂണിറ്റ്, കരിങ്കല്ലുടയ്ക്കൽ യൂണിറ്റ്, ടൈലറിംഗ് യൂണിറ്റ് എന്നിവയാണവ. 35 പേർ ഇതിലൂടെ തൊഴിൽ നേടിയിട്ടുണ്ട്. തൃപ്തികരമാംവിധം നാല് യൂണിറ്റുകളും പ്രവർത്തിക്കുന്നു. സാധ്യതയ്ക്കനുസരിച്ചുള്ള തൊഴിലുകൾ തെരഞ്ഞെടുക്കുന്നതിന്റെ ഗുണമാണിത്. സാമൂഹ്യ പിന്നോക്കാവസ്ഥ കാരണം വീടുകളിൽ ഒതുങ്ങിക്കഴിയേണ്ടിവരുന്ന വനിതകളെ ഉയർത്തിക്കൊണ്ടുവരാനും അവർക്ക് സ്വയംതൊഴിൽ കണ്ടെത്താനും സഹായിക്കുന്ന ഇത്തരം പദ്ധതികൾ ഇനിയും വ്യാപിക്കേണ്ടതുണ്ട്. അതിലൂടെ വനിതകൾക്ക് സാമ്പത്തികസ്വാതന്ത്ര്യം നേടാനും പുരുഷനുമായി തുല്യത പ്രാപിക്കാനും ശ്രദ്ധിക്കണം. (പട്ടിക 3)

IRDP സർവേപ്രകാരം വീടുകൾ ആവശ്യമുള്ള 440 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. 142 വീടുകൾക്ക് ഇതുവരെ ധനസഹായം ലഭിച്ചിട്ടുണ്ട്. അതിൽ 101 എണ്ണമേ പൂർത്തീകരിച്ചിട്ടുള്ളൂ. 41 എണ്ണം ഇനിയും ബാക്കിയാണ്. അനുവദിക്കപ്പെടുന്ന തുകയുടെ അപര്യാപ്തതയാണ് വീടുകൾ പൂർത്തീകരിക്കാൻ കഴിയാത്ത

തിന് കാരണം. ഇനിയും വീടുവെക്കാൻ സഹായം ലഭിച്ചിട്ടില്ലാത്ത 298 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. സ്വന്തമായി ഒരു കിടപ്പാടം ഇല്ലാത്ത ജീവിതസുരക്ഷിതത്വം നഷ്ടപ്പെട്ട ഈ കുടുംബങ്ങൾക്ക് വീടുവെക്കുകയെന്നത് അടിയന്തരപ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട ഒരു പ്രവർത്തനമാണ്. (പട്ടിക 4)

സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത 641 വീട്ടുകാരെയാണ് IRDP സർവേയിൽ കണ്ടെത്തിയത്. ഇതുവരെ ഇക്കാര്യത്തിനായി സഹായം ലഭിച്ചത് 157 പേർക്കാണ്. സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണിവർ. സാമ്പത്തിക പരാധീനത തന്നെയാണ് കക്കൂസ് നിർമ്മിക്കാതിരിക്കുന്നതിന് പ്രധാന കാരണമായി ഗ്രാമസഭാചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്നത്. ഒരു ഗ്രാമത്തിന്റെ മൊത്തം ആരോഗ്യപ്രശ്നമായി ഇതിനെ കണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ബാക്കി കുടുംബങ്ങൾക്കു കൂടി കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം.

RAP പദ്ധതി പ്രകാരം അത്തോളി പഞ്ചായത്തിൽ 18 ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനികോപകരണങ്ങൾ നൽകിയിട്ടുണ്ട്. ഈ മേഖലയ്ക്ക് പ്രോത്സാഹനം കൊടുക്കുന്നതിലൂടെ കൂടുതൽ പേരെ ആകർഷിക്കാൻ സാധിക്കും. അതതു പ്രദേശത്തിന്റെ ഭൗതികസാഹചര്യങ്ങൾക്കനുസരിച്ചുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുമ്പോൾ ആധുനികപരിശീലനത്തിനും ഉപകരണങ്ങൾക്കും വളരെയേറെ പ്രാധാന്യമുണ്ട്. ഈ രംഗത്ത് സഹായം ലഭിക്കേണ്ടവർ ഇനിയും 81 പേരുണ്ട്. സർവേയിൽ ഗ്രാമീണ കൈത്തൊഴിലുകാരായി കണ്ടെത്തിയത് 99 പേരെയാണ്.

പൊതുവേ ദാരിദ്ര്യനിർമാർജനപദ്ധതികൾ കുറച്ചു കുടുംബങ്ങൾക്കുമാത്രമേ ഉപയോഗപ്പെടുന്നുള്ളൂ എന്നതാണ് വാസ്തവം. അർഹരായ പലരും ഈ രംഗത്തു നിന്ന് തഴയപ്പെടുമ്പോൾ അനർഹർ ചിലരെങ്കിലും കടന്നുവരുന്നു എന്നത് ഇത്തരം നടത്തിപ്പിന്റെ അപാകതകളിലൊന്നാവാം. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ പലരും അപേക്ഷകൾ കൊടുക്കുന്നതിനുപോലും തടസ്സമാകുന്നു. മറ്റൊരു പ്രശ്നം ചുവപ്പുനാടയാണ്. ഔപചാരികതകളുടെ ഊരാക്കുടുക്കുകളിലൂടെ ഇഴഞ്ഞുനീങ്ങുമ്പോൾ കാലമേറെ കടന്നുപോകുന്നു. ആവശ്യക്കാരന് പലപ്പോഴും തന്റെ അപേക്ഷയിന്മേൽ മറുപടി പോലും കിട്ടാതെ പോകുന്നു. യഥാസമയം ആനുകൂല്യം കിട്ടാത്ത അവസ്ഥ ഇതുമൂലം സംജാതമാകുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞ സാമ്പത്തികപരാധീനത അനുഭവിക്കുന്നവർക്കു മുഴുവൻ മറ്റു പരിഗണനകളില്ലാതെ പെൻഷൻ നൽകാനുള്ള സംവിധാനം ഉണ്ടാകുന്നു എന്നതാണ് ഇതിനൊരു പോംവഴി.

രോഗം, അംഗവൈകല്യം, അവശത, അനാഥത്വം എന്നിവകൊണ്ട് ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായുള്ള പദ്ധതികൾ പഞ്ചായത്തിൽ കുറേപ്പേർക്ക് ഗുണം ചെയ്യുന്നുണ്ട്. ഓരോ വർഷവും ഈയിനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിക്കപ്പെടുന്നത് ടിബി രോഗികൾക്കാണ്. കണക്കുകൾ സൂചിപ്പിക്കുന്നത്, കുട്ടികളിൽ കാണുന്ന പ്രൈമറി കോംപ്ലക്സ് പഞ്ചായത്തിൽ കൂടുതലുണ്ട് എന്നതാണ്. (പട്ടിക 5)

ഇതിനുപുറമേ കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം എന്നിവ ലഭിക്കുന്ന ധാരാളം പേരുണ്ട്. അവരുടെ കണക്കുകൾ ലഭ്യമായിട്ടില്ല.

വിവിധപെൻഷനുകൾക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നവരും ഒട്ടനവധിയാണ്. ഇവരുടെ അപേക്ഷയിന്മേൽ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചുള്ള അറിയിപ്പ് പോലും വർഷങ്ങൾ കഴിഞ്ഞിട്ടും ലഭ്യമായിട്ടില്ലയെന്ന് ഗ്രാമസഭയിലൂടെ പരാതിയുന്നയിച്ചിട്ടുണ്ട്. IRDP സർവേയിലൂടെ കണ്ടെത്തിയവർക്ക് പുറമേ ഇനിയും ധാരാളം പേർ ഇത്തരം ധനസഹായങ്ങൾക്ക് അർഹരായവരായി നമ്മുടെ പഞ്ചായത്തിലുണ്ടെന്ന കാര്യങ്ങളിലേക്ക് ഗ്രാമസഭകൾ വിരൽ ചൂണ്ടുന്നു. അവർക്കുകൂടി ഗുണപ്രദമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമപ്രവർത്തനരംഗത്ത് മാർഗദർശനം നൽകിക്കൊണ്ട് നെടുംതൂണുകളായി മാറേണ്ടതാണ് അംഗനവാടികൾ. ഒരു പ്രദേശത്തിന്റെ സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്രമായ പഠനം പൂർണ്ണഅർത്ഥത്തിൽ ഇന്ന് നടക്കുന്നത് അവയിലൂടെയാണ്. അതിനാൽ അംഗനവാടികൾക്ക് വികസനപ്രക്രിയയിൽ നിർണായകമായ സ്ഥാനമുണ്ട്.

നമ്മുടെ പഞ്ചായത്തിലിന്ന് 27 അംഗനവാടികളാണുള്ളത്. ഇവയിൽ കെട്ടിടമുള്ളത് കേവലം നാലെണ്ണത്തിന് മാത്രം. പലതും സഞ്ചരിക്കുന്ന അംഗനവാടികളാണ്. താല്കാലിക ഓലഷെഡ്ഡുകളിൽ പ്രാഥമികസൗകര്യത്തിനുപോലും സാധ്യതകളില്ലാതെ ഏതുസമയവും പറിച്ചുനടൽ ഭീഷണിനേരിട്ടുകൊണ്ട് അവ പ്രവർത്തിക്കുന്നു. സ്ത്രീകളുമായി അംഗനവാടികൾക്കുള്ള ബന്ധം ഏറെ വലുതാണ്. പക്ഷേ, നമ്മുടെ പഞ്ചായത്തിൽ 10% സ്ത്രീകൾപോലും ഈ സാധ്യത ഉപയോഗപ്പെടുത്തു

ന്നില്ല. അവരുടെ ആരോഗ്യപ്രശ്നങ്ങളും ശിശുപരിപാലനരീതികളും മറ്റും അംഗനവാടി ക്ലാസ്സുകളിലൂടെ കൂടുതൽ മനസ്സിലാക്കാനുള്ള അവസരമാണ് ബന്ധപ്പെടലിന്റെ അഭാവത്തിലൂടെ നഷ്ടപ്പെടുന്നത്. വനിതകൾക്ക് ഒന്നിച്ചുകൂടി തങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ കഴിയുന്ന വേദികളാക്കി അംഗനവാടികളെ ഉയർത്തേണ്ടതുണ്ട്.

അംഗനവാടികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മഹിളാസംഘങ്ങൾ മിക്കവാറും നിർജീവങ്ങളാണ്. അവയെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനോന്മുഖമാക്കേണ്ടിയിരിക്കുന്നു. മഹിളാസമാജത്തിലെ പ്രവർത്തകർക്കായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചാൽ ഇതിനുകഴിയുമെന്നാണ് ഗ്രാമസഭാചർച്ചകൾ നൽകുന്ന സൂചന. മഹിളാപ്രസ്ഥാനങ്ങളും വനിതകളെ കൂടുതൽ ഉന്നതിയിലേക്ക് നയിക്കാൻ കാര്യമായ പങ്കുവഹിക്കുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. അവരെ തങ്ങളിലേക്ക് ആകർഷിക്കാനും അതുവഴി സാമൂഹവുമായി കൂടുതൽ ബന്ധപ്പെടുത്താനും ഈ പ്രസ്ഥാനങ്ങൾ ഇനിയും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരക്കുന്നു.

## പ്രശ്നങ്ങൾ

- ❑ ദാരിദ്ര്യനിർമാർജനപദ്ധതിയെക്കുറിച്ച് പലരും അറിയുന്നില്ല. അതിനാൽ അവയുടെ ഗുണം ന്യൂനപക്ഷത്തിനുമാത്രം.
- ❑ ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല.
- ❑ പെൻഷനുകൾക്ക് അപേക്ഷകൊടുത്ത് കിട്ടാതെ കാത്തിരിക്കുന്നവർ ധാരാളമുണ്ട്.
- ❑ IRDP പദ്ധതിപ്രകാരം സഹായം കിട്ടേണ്ടവരുടെ ലിസ്റ്റിൽ പെട്ടവർക്ക് മുഴുവൻ സഹായവും കിട്ടുന്നില്ല.
- ❑ അർഹരായ മുഴുവൻ പേരെയും ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.
- ❑ വീടുനിർമാണത്തിനും മറ്റുമുള്ള ധനസഹായം അപര്യാപ്തമാണ്.
- ❑ തൊഴിൽ പരിശീലനം നേടിയവർക്ക് തൊഴിലെടുക്കാനുള്ള അവസരക്കുറവ്
- ❑ അംഗനവാടികൾക്ക് ഭൗതികസാഹചര്യങ്ങളില്ല.
- ❑ മഹിളാസംഘങ്ങൾ പ്രസ്ഥാനങ്ങൾ ഇവയുടെ പ്രവർത്തനങ്ങൾ വേണ്ടത്ര ഊർജിതമായിനടക്കുന്നില്ല.

## നിർദ്ദേശങ്ങൾ

- ❑ ദാരിദ്ര്യനിർമാർജനപദ്ധതികൾ അർഹരായവരിലെത്തിക്കാനുള്ള പ്രചാരണസംവിധാനങ്ങളുണ്ടാകണം.
- ❑ സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. അപേക്ഷ നൽകുന്നവർക്ക് അതിന്മേലുള്ള തീരുമാനം പെട്ടെന്ന് അറിയിക്കാനുള്ള സംവിധാനമുണ്ടാക്കണം.
- ❑ ആനുകാല്യങ്ങൾക്കർഹരായ മുഴുവൻപേരെയും കണ്ടെത്താനുള്ള സമഗ്രമായ സർവേ നടത്തണം
- ❑ സഹായധനം ആവശ്യത്തിന് തികയുന്നവിധം ഉയർത്തേണ്ടതുണ്ട്.
- ❑ 60 വയസ്സുകഴിഞ്ഞ സാമ്പത്തികപരാധീനത അനുഭവിക്കുന്ന മുഴുവൻപേർക്കും മറ്റു പരിഗണനകളില്ലാതെ പെൻഷൻ നൽകാനുള്ള സംവിധാനമുണ്ടാക്കണം.
- ❑ അംഗനവാടികൾക്ക് ഭൂമിയും കെട്ടിടവും ഉണ്ടാക്കാനുള്ള സംവിധാനം വേണം.
- ❑ മഹിളാസംഘങ്ങളേയും പ്രസ്ഥാനങ്ങളേയും പ്രവർത്തനോന്മുഖമാക്കിമാറ്റണം.

## സാധ്യതകൾ

- ❑ പഞ്ചായത്ത്തലത്തിൽ സന്നദ്ധസംഘങ്ങളുടെ സഹായത്തോടെ ദാരിദ്ര്യനിർമാർജനപ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രചാരണം സംഘടിപ്പിക്കുക. ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവേയും രാഷ്ട്രീയപാർട്ടി, സന്നദ്ധസംഘടന, ക്ലബ്ബ് ഇവയുടെ സഹായത്തോടെ നടത്തുക.
- ❑ അർഹരായവർക്ക് പെൻഷൻ ലഭിക്കാൻ പഞ്ചായത്തിലെ രാഷ്ട്രീയപ്പാർട്ടിനേതാക്കൾ, സാമൂഹ്യസാംസ്കാരികനേതാക്കൾ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.
- ❑ അംഗനവാടി കെട്ടിടങ്ങൾക്ക് ഇപ്പോഴനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം. കളിക്കോപ്പുകൾ, ഊഞ്ഞാൽ, സൈക്കിൾ എന്നിവ നൽകാൻ സംവിധാനം വേണം.
- ❑ മഹിളാസമാജങ്ങൾ ബാലവാടികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാരവിതരണകേന്ദ്രങ്ങളും പ്രതിരോധചികിത്സാസമ്പ്രദായങ്ങളുമുണ്ടാക്കാം.
- ❑ വനിതകൾക്കായി എല്ലാ വാർഡിലും ഒന്നോ രണ്ടോ പുതിയ DWCRA യൂണിറ്റുകൾ ആരംഭിക്കണം.
- ❑ വികലാംഗർക്കായി പുതിയ തൊഴിൽപദ്ധതികൾ കണ്ടെത്തണം.
- ❑ കമ്പ്യൂട്ടർ സാക്ഷരതയ്ക്കുള്ള സംവിധാനങ്ങ

ളേർപ്പെടുത്താം.

### പഞ്ചായത്തിലെ പൊതുവിതരണസമ്പ്രദായം

പഞ്ചായത്തിൽ 11 റേഷൻഷോപ്പുകളും ഒരു മാവേലിസ്റ്റോറുമാണ് പ്രവർത്തിക്കുന്നത്. സഹകരണസ്റ്റോറുകൾ സ്കൂൾ സഹകരണസംഘങ്ങൾക്കുകീഴിലുള്ളവ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 4752 കാർഡുടമകളിലൂടെ 27263 പേർക്ക് റേഷൻ വിതരണം നടത്തുന്നുണ്ട്. റേഷൻഷോപ്പുകൾക്ക് കീഴിൽ മറ്റു പഞ്ചായത്തുകളിലെ ഗുണഭോക്താക്കളുമുണ്ട്. ഇവരുടെ സംഖ്യ 2500-ഓളം വരും.

### പ്രശ്നങ്ങൾ

- പഞ്ചായത്തിൽ പല റേഷൻഷോപ്പുകളിലും 500-ലധികം കാർഡുടമകളുണ്ട്. ഇത് ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്നു.
- ചില പ്രദേശങ്ങളിൽ (ഉദാ: 1-ാം വാർഡ്) റേഷൻഷോപ്പുകൾ തീരെയില്ല. കാർഡുടമകൾ വളരെദൂരം യാത്ര ചെയ്യേണ്ടതായി വരുന്നു.
- മാവേലിസ്റ്റോറുകൾ പേരിന് മാത്രമാണ് പ്രവർത്തിക്കുന്നത്.
- റേഷൻഷോപ്പിലൂടെ വിതരണം ചെയ്യുന്നത് ഗുണമേന്മ കുറഞ്ഞ അരിയാണ്.
- മണ്ണെണ്ണ വിതരണം തീരെ കാര്യക്ഷമമല്ല.

### സാധ്യതകൾ

- കൂടുതൽ റേഷൻകടകൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതുണ്ട്. ശരാശരി 300 കാർഡിന് 1 വീതം ഷോപ്പുകൾ വേണം
- രണ്ടു കി.മീ. ദൂരത്തിനിടയിൽ ഒരു റേഷൻഷോപ്പ് ആവശ്യമാണ്.
- അരത്തോളി ഹൈസ്കൂളിന്സമീപം കുമുള്ളി, കൊടശ്ശേരി എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കാം.
- അരത്തോളി ഹൈസ്കൂളിന് സമീപത്ത് ഒരു സൂപ്പർമാർക്കറ്റ് തുടങ്ങാവുന്നതാണ്.
- പൊതുവിതരണശൃംഖലയിൽ പച്ചക്കറിക്കടകൾ തുടങ്ങാവുന്നതാണ്.
- മണ്ണെണ്ണ പെർമിറ്റ് പഞ്ചായത്ത് വഴി നൽകാനുള്ള നടപടികൾ സ്വീകരിക്കണം.

### പട്ടിക 1

## ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ

| വാർഡ് നമ്പർ | സർവ്വെപ്രകാരം കണ്ട കുടുംബങ്ങൾ | ഇതിൽ SC/ST | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ചവർ | ഇതിൽ SC/ST | സഹായത്തിലൂടെ ദാരിദ്ര്യരേഖക്ക് മുകളിലെത്തിയവർ |
|---|---|---|---|---|---|
| 1 | 171 | 33 | | | |
| 2 | 190 | 24 | | | |
| 3 | 161 | 58 | | | |
| 4 | 100 | 19 | | | |
| 5 | 288 | 52 | | | |
| 6 | 39[illegible] | 70 | | | |
| 7 | 221 | 43 | | | |
| 8 | 133 | 54 | | | |
| 9 | 97 | 16 | | | |
| 10 | 170 | 23 | | | |
| ആകെ | 1925 | 392 | 1063 | 555 | 372 |

*(അവലംബം : സെക്കന്ററി ഡാറ്റാ കലക്ഷൻ IRDP)*

### പട്ടിക 2

## തൊഴിൽ പരിശീലനം നേടിയവർ

| ക്രമനമ്പർ | പരിശീലനം കിട്ടിയ വിഷയം | പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതരതൊഴിലുകളിൽ ഏർപ്പെട്ടവർ |
|---|---|---|---|---|
| 1 | ബുക്ക് ബൈന്റിംഗ് | 8 | – | 8 |
| 2 | ടൈയിലറിംഗ് | 15 | 15 | – |
| 3 | റേഡിയോ മെക്കാനിക്ക് | 4 | 2 | 2 |
| 4 | കാർപ്പന്ററി | 12 | 12 | – |
| 5 | ബേകിങ് | 10 | 10 | – |
| 6 | ഫ്രണ്ട് പ്രോസസിംഗ് | 5 | – | 5 |
| 7 | കയർ നിർമ്മാണം | 10 | 10 | – |
| 8 | ആകെ | 64 | 49 | 15 |

*(അവലംബം : സെക്കന്ററി ഡാറ്റാ കലക്ഷൻ)*

പട്ടിക 3

**DWCRA പ്രകാരം ആരംഭിച്ച തൊഴിൽ സംരംഭങ്ങൾ**

| ക്രമനമ്പർ | തൊഴിൽസംരംഭയിനം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത |
|---|---|---|---|---|
| 1 | ബേക്കറി യൂനിറ്റ് | 1995–96 | 10 | തൃപ്തികരം |
| 2 | കയർ നിർമ്മാണയൂനിറ്റ് | 1992–93 | 10 | തൃപ്തികരം |
| 3 | കരിങ്കല്ലുടയുൽ യൂനിറ്റ് | 1992–93 | 10 | തൃപ്തികരം |
| 4 | ടൈലറിംഗ് യൂനിറ്റ് | 1995–96 | 5 | തൃപ്തികരം |

പട്ടിക 4

**ഭവനനിർമാണത്തെ സംബന്ധിക്കുന്ന വിവരം**

| ക്രമനമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങൾ | അനുവദിക്കപ്പെട്ട വീടുകൾ | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാൻ ബാക്കി | ഇനിയും അനുമതി ലഭിക്കേണ്ടവ |
|---|---|---|---|---|---|
| 1 | 440 | 142 | 101 | 41 | 298 |

പട്ടിക 5

**വിവിധ പെൻഷൻ ലഭിക്കുന്നവർ**

| വർഷം | കാൻസർ | ടിബി | വികലാംഗം | വിധവ | വാർദ്ധക്യ | അവശകലാകാര |
|---|---|---|---|---|---|---|
| 1990–91 | 3 | 9 | 6 | 9 | 3 | – |
| 1991–92 | 1 | 19 | 5 | 8 | 2 | – |
| 1992–93 | 5 | 34 | 5 | 8 | 1 | – |
| 1993–94 | 2 | 23 | – | 5 | 3 | – |
| 1994–95 | 3 | 23 | 5 | 9 | 2 | 1 |

*(അവലംബം : സെക്കന്ററി ഡാറ്റാ കലക്ഷൻ)*

പട്ടിക 6

## പൊതുവിതരണസംവിധാനം (1995–96)

| ക്രമനമ്പർ | റേഷൻഷോപ്പ് നമ്പർ | കാർഡുടമകളുടെ എണ്ണം | ആകെഗുണഭോക്താക്കളുടെ എണ്ണം | മണ്ണെണ്ണ പെർമിറ്റുകളുടെഎണ്ണം | വിതരണംലിറ്ററിൽ |
|---|---|---|---|---|---|
| 1 | 142 | 383 | 2995 | 14 | 1996 |
| 2 | 143 | 233 | 1346 | 8 | 1057 |
| 3 | 174 | 555 | 2740 | 15 | 1596 |
| 4 | 178 | 336 | 1790 | 27 | 3468 |
| 5 | 177 | 609 | 3138 | 86 | 1032 |
| 6 | 194 | 484 | 2494 | 4 | 456 |
| 7 | 199 | 539 | 3139 | 7 | 840 |
| 8 | 204 | 587 | 3093 | 27 | 3468 |
| 9 | 233 | 373 | 2995 | 3 | 336 |
| 10 | 242 | 340 | 1691 | 11 | 1344 |
| 11 | 260 | 313 | 1842 | 7 | 696 |

# ടൂറിസം





പ്രശ്ന സങ്കീർണ്ണതകളിൽ നിന്ന് മനുഷ്യമനസ്സിനെ ആശ്വാസത്തിന്റെ തീരങ്ങളിലേക്കെത്തിക്കാൻ പ്രകൃതിയുടെ മാസ്മരികത എന്നും സഹായിച്ചിട്ടുണ്ട്. നമ്മുടെ ഋഷിവര്യന്മാർ ഈ മഹത്വം ഏറെ സ്പർശിച്ചറിഞ്ഞവരാണ്. ആധുനികയുഗത്തിൽ വെട്ടിമാറ്റപ്പെട്ട കാടുകൾക്കു പകരം കോൺക്രീറ്റുകാടുകൾ നിബിഡമാകുകയാണ്. കളിത്തോണികൾക്കു പകരം ധൂമകേതുക്കളായി മോട്ടോർ വാഹനങ്ങളും മനസ്സും അന്തരീക്ഷവും മലിനമാക്കപ്പെടുന്നു. ശാന്തിയെ ഞെരിച്ചുകൊല്ലുന്നു. മനുഷ്യന് കൃതാർത്ഥതയോടെ നിലകൊള്ളാൻ ഈ ഭൂമുഖത്ത് ഇത്തിരിയും ഇടമില്ലാതായിരിക്കുന്നു. കൃത്രിമമായി സൃഷ്ടിക്കപ്പെട്ട പൂങ്കാവനങ്ങളും നീന്തൽകുളങ്ങളും അതൃപ്തി മാത്രം തലയിൽ കെട്ടിവെക്കുന്നു. പ്രകൃതിയുടെ മടിത്തട്ടിൽ വളരേണ്ട മനുഷ്യൻ കൃത്രിമത്വങ്ങളിൽ വരണ്ട് ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. പ്രാണവായു ഇല്ല. പ്രിയദർശനമായതൊന്നും ഇല്ല. പരിഷ്കാരത്തിന്റെ ചാട്ടവാറടിയും അഗാധമുറിവുകളും മാത്രം. നിലയ്ക്കാത്ത ആഘാതങ്ങൾ മാത്രം.

ഈ അശാന്തിയുടെ കാലഘട്ടത്തിൽ നമ്മുടെ നാട്ടിലുള്ളവർ പലരും വിനോദസഞ്ചാരത്തിന് ഇടം തേടി പലയിടത്തും കറങ്ങി നടക്കുന്നു. എങ്കിലും ഇതിനൊന്നും സാധിക്കാത്ത പാവപ്പെട്ടവർക്ക് ആശ്വാസമേകാൻ അത്തോളി പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് റിസോർട്ട് ആവശ്യമാണ്. കുനിയിൽ പുഴ പാലം പണി പൂർത്തിയാകുന്നതോടെ സാധ്യമാകുന്ന കാപ്പാട്- വയനാട് ടൂറിസ്റ്റ് പാത അത്തോളിയിലൂടെയാണ് കടന്നു പോവുന്നത്. കുനിയിൽ കടവിന് സമീപത്തായി ഇതിനനുയോജ്യമായ സ്ഥലമുണ്ട്. ഈ സ്ഥലത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തണം.പാർക്കും, കളിത്തോണികളും ഉണ്ടാകണം. ഈ നാട്ടുകാർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാകണം പ്രവർത്തനങ്ങൾ അല്ലാത്ത പക്ഷം അന്യദേശക്കാർക്കുള്ള താവളം മാത്രമായി ഇതു മാറിപ്പോകും. ഇതൊരിക്കലും ആശാസ്യമല്ല. അവരോടൊപ്പം നമുക്കും പ്രകൃതിയുടെ മനോഹാരിത പങ്കിടാൻ കഴിയണം.

# PANCHAYAT LEVEL RESOURCE MAPPING FOR DECENTRALISED PLANNING WITH PEOPLE'S PARTICIPATION

## ATHOLI PANCHAYAT

**Indroduction :**

Atholi panchayat is situated about 15 km NE of Calicut city within the latitudinal range of *N* 11- 22' 22" and 11- 26' 25" and East longitudes of 75- 44' 30" and 75- 47'. The area of the panchayat is about 21 km2. It is divided into 10 wardsand the entire area comes under one revenue village, Atholi. The adjacent panchayats are Uleri in the north, Balusseri in the west, Nanmanda to the East, and Tal lattur in the south. The western boundary of panchayat is skirted by Kunion River (Map 1).

**Relief (Map2) :**

To pographically, the panchayat is located in the transitional zone from the lowland to the midland. Maximum elevation of 160 mt is marked at the Eliyode Mala, which is situated in the south-eastern part of the panchayat. The north-eastern part and the central part are rugged in character. The western part is relatively gentle, having majority of the area below 20m.

**Landform (Map 3)**

The following landform units have been identified:

1. Ridge crest T1
2. Hill crest T2
3. Side slope gentle (35-10°) S2
4. Side slope, moderately steep (10-18°) S3
5. SS steep (18 - 27°) S4
6. FS (Foot Slope) (0 - 5°) Fs
7. Valley floor V1
8. Valley-flood plain V2
9. Levees V2L
10. Scarp V2L

Ti and T2 units are marked in isolated patches. Near-stability of the slope surrounding the isolated hills is evident from the widely placed break in slopes adjoining these units. S4 category of slope is marked in two isolated patches towards the south-east corner and to the extreme north of the panchayat. Adjoining the Kunian River, levee formation is evident.

**Surface Material (Map- 4)**

The surface material has been classified into 4 broad groups, namely, laterite, variable shallow soil, alluvium and rock exposures. The alluvium is mostly clay to clay loam having white brown colour. The laterite soil covering the slopes and summits are gravelly, clay loam in nature.

**Water Aviability (Map 5)**

Water potential of this panchayat is moderate to good. Seasonal areas are seen in isolated pockets, mostly spread over the submit areas. The foot slopes and valleys are of very high potential. The panchayat has about 2585 perennial and 630 seasonal wells. As many as 26 ponds are marked. The well density is as high as 158 per sq. km.

**Landuse (V Map 1)**

The main landuse is coconut plantation, mixed crops and mixed trees in decreasing importance. Paddy fields are found towards the western part. Rubber plantation is also seen in isolated pockets. Towards the eastern side, settlement is higher as compared to the western part. Quarries of hard rock and laterite are quite common. Wastelands are found at elevations of Elyode and Palora hills (Table 1).

**Asset (V Map 2)**

The infrastrutural facilities such as educational Institutions, Hospitals, Post office, community halls workshop ect are shown in the map.

**Environmentel Appraisal (Map 6)**

Area under integrated mapping unit for environmental appraisal is provided in table - 2 which is further detailed in table - 3.

**Suqqestion for Action Plan Formula**

1. The drainage system may be improved in areas prone to water logging and flooding.
2. The landforms with steep slopes (S4 S3 & S2) having high to modarate erosion proneness will have to be treated for soil erotion. Conservation measures such as contour bouding, providing grass cover etc are to beresorted.
3. The wasteland found on the top of Eliyode and Palora hills may be brought under cashew plantation and/or fodder grass cltivation.
4. Eliyode Mala has been suggested as containing iron ore deposit. This will have to be ascertained in detail by scientific investigation
5. Reclamation of paddy field for settelement, Coconut plantation etc will have to be discouraged, for, they act as Cushion for flood water or in other words, excessice reclamation will increase the intensity of flood hazards.
6. The Kunian river has been found affected by salt water intrusion which at present affect at the paddy cultivation.
   With a properly designed earthern bund, possibly, this can controlled.
7. At foot slops and valley floor regions where water is available, vegetables can be introduced as an addition crop.
8. The open quarries may be either filled up with earth, bringing back to the original tography or they can be used aswater harvesting locations.

# ജനനമരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ടവകാശം സ്ഥാപിക്കുന്നതിന്, റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്,

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
- ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷുറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്,

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
- മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

**ജനനവും മരണവും 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക. ഇത് നിർബന്ധമാണ്.**



അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗവും താണവർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

-മഹാത്മാഗാന്ധി

അധികാരം ജനങ്ങളിലേക്ക്
ഒമ്പതാം പദ്ധതി ജനകീയപദ്ധതി

*

ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക
പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക്

*

ആസൂത്രണം താഴെത്തട്ടിൽ നിന്ന് മുകളിലേക്ക്

*

ആസൂത്രണത്തിലും നിർവ്വഹണത്തിലും
വിപുലമായ ജനപങ്കാളിത്തം

*

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്

*

ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു.

Printed at MANGALAM offset press Kallai, Calicut, Ph. 300063